നിയമനത്തിന് എസ്.എസ്.എൽ.സി.യും കമ്പോണ്ടേഴ്സ് ഫാർമസിസ്റ്റ് ട്രെയിനിംഗ് കോഴ്സ് സർട്ടിഫിക്കറ്റുമാണ് അടിസ്ഥാന യോഗ്യത. അറ്റൻഡർ തസ്തികയിൽ നിന്നും പ്രൊമോഷൻ വഴിയുള്ള നിയമനത്തിന് എസ്.എസ്.എൽ.സി.യും പ്രസ്തുത തസ്തികയിൽ 3 വർഷത്തെ സർവ്വീസും ആവശ്യമാണ്. നിലവിൽ സമയബന്ധിത ഹയർ ഗ്രേഡ് പ്രൊമോഷനും 1:2 പ്രകാരം റേഷ്യോ പ്രൊമോഷനും നൽകുന്നുണ്ട്. ആകെ 809 ഫാർമസിസ്റ്റ് തസ്തികകൾ നിലവിലുണ്ട്. കൂടാതെ 100 ബെഡ്ഡുള്ള കണ്ണൂർ, കോഴിക്കോട് ജില്ലാ ആശുപത്രികളിൽ അവരുടെ പ്രൊമോഷൻ തസ്തികയായ സ്റ്റോർ കീപ്പർ ഫാർമസിസ്റ്റ് തസ്തികയും നിലവിലുണ്ട്. നോമിനൽ രജിസ്റ്റർ, കഷായ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ ഓഫ് മെഡിസിൻ, raw-materials register മുതലായ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുക. ഇൻഡന്റ് പ്രകാരം മരുന്ന് വിറക് ഫുഡ് മുതലായവ വിതരണം ചെയ്യുക എന്നിവയാണ് സ്റ്റോർ കീപ്പർ ഫാർമസിസ്റ്റിന്റെ ചുമതലകൾ. സ്റ്റോർ കീപ്പർ ഫാർമസിസ്റ്റ് തസ്തികയുടെ ശമ്പള സ്കെയിൽ 5,000-8,250 രൂപയാണ്. പ്രസ്തുത തസ്തിക ഗസറ്റഡ് ആയി ഉയർത്താനുള്ള നടപടികളൊന്നും നിലവിലില്ല. ആയുർവ്വേദ വകുപ്പിൽ സ്റ്റോർ സൂപ്രണ്ട് എന്ന തസ്തികയില്ല. സ്റ്റോർ കീപ്പർ ഫാർമസിസ്റ്റ് ഗ്രേഡിലേയ്ക്ക് ഉയർത്തണമെന്ന ആവശ്യം ഈ നിലയ്ക്ക് പരിഗണിക്കാൻ പ്രയാസമുണ്ട്.

ശ്രീ. എ. കെ. ബാലൻ : സർ, പോയിന്റ് ഓഫ് ഓർഡർ.

മി.സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ ?

ശ്രീ. എ. കെ. ബാലൻ : സർ, ദേശീയ ശ്രദ്ധ പിടിച്ചുപറ്റിയ ഒരു പ്രശ്നവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള നടപടിക്രമത്തെ സംബന്ധിച്ചാണ് എന്റെ പോയിന്റ് ഓഫ് ഓർഡർ. ഒറ്റ മിനിട്ട് മതി. എ.ഐ.സി.സി. ജനറൽ സെക്രട്ടറി..... (ബഹളം).....

മി.സ്പീക്കർ: No.....No..... Nothing will go in record. ഒരു പാർട്ടിയുടെ കാര്യത്തിൽ വേറൊരു പാർട്ടി ഇടപെടേണ്ട. അതിന്റെ ആവശ്യമില്ല. ആവശ്യമില്ലാത്ത കീഴ്വഴക്കമൊന്നും ഇവിടെ കൊണ്ടുവരണ്ട. ഒരു പോയിന്റുമില്ല, ഒരു ഓർഡറുമില്ല.....(ബഹളം).....

പാർട്ടിയുടെ കാര്യങ്ങളൊന്നും ഇവിടെ വേണ്ട. .....(ബഹളം).....

No Point of Order. Yes.....Yes.....C.M..... Nothing will go in record..... C.M. .....(ബഹളം).....

V ധനകാര്യം

2003-2004 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളേയും 1989-90, 1990-91, 1991-92, 1992-93, 1995-96, 1997-98, 1998-99, 1999-2000 എന്നീ സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളേയും സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി) : സർ, പോലീസ് എന്ന 12-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 12,89,46,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു. .....(ബഹളം).....

മി.സ്പീക്കർ: അതിൽ ഒരു പോയിന്റുമില്ല. .....(ബഹളം).....

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,65,45,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം.കെ. മുനീർ): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 16,74,09,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു

വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് വേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം.. ജേക്കബ്): സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 13,11,97,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ.ആർ.ഗൗരിയമ്മ) സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) : സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 17,67,96,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം.കെ. മുനീർ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്) : സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,00,00,000 രൂപയുടെയും ജലസേചനം എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ

LIBRARY ARCHIVES Kerala Legislative Assembly

30,15,00,000 രൂപയുടെയും ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ.ആർ.ഗൗരിയമ്മ) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രിക്ക് വേണ്ടി ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി.എഫ്. തോമസ്) : സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,86,29,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു. .....(ബഹളം).....

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) . സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 15,00,00,000 രൂപയുടെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 20,13,33,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ, തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,52,60,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. .....(ബഹളം).....

മി. സ്പീക്കർ: Nothing will go in record. ഞാനൊരു കാര്യം പറഞ്ഞില്ല. അതുകൂടി പറയിക്കരുത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ.കുട്ടപ്പൻ) : സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 44,50,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ.ആർ.ഗൗരിയമ്മ) : സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 8,20,29,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) : സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,44,93,000 രൂപയുടെ ഉപധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 70,00,000 രൂപയുടെ ഉപധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.....(ബഹളം).....

വനവും സ്പോർട്സും വകുപ്പുമന്ത്രിക്കുവേണ്ടി ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എം. ഹസ്സൻ) : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 60,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്): സർ, വ്യവസായം എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 51,00,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) : സർ, വൈദ്യുത പദ്ധതികൾ എന്ന 39-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 56,15,04,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി.സ്പീക്കർ : ശ്രീ. പി. എസ്. സുപാൽ,. .....(ബഹളം)..... സുപാൽ സംസാരിക്കുന്നുണ്ടോ? അല്ലെങ്കിൽ.....(ബഹളം).....

ശ്രീ. പി. എസ്. സുപാൽ : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുകയാണ്. .....(ബഹളം).....

ഈ ഗവൺമെന്റിന്റെ തന്നെ ഘടകകക്ഷിയുടെ നേതാവായ .....(ബഹളം).....

മി.സ്പീക്കർ : Your time is running. I have noted your time. .....(ബഹളം).....

ശ്രീ. പി. എസ്. സുപാൽ : സർ, ഈ മന്ത്രിസഭയിലെ ഈ ഗവൺമെന്റിന്റെ തന്നെ ഘടകകക്ഷിയുടെ നേതാവായ ശ്രീ. ബാബു ദിവാകരന്റെ നേതാവ്

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. എ. വി. താമരാക്ഷൻ ഇന്നലെ ഒരു ഇന്റർവ്യൂവിൽ പറഞ്ഞു, സാമ്പത്തിക ഭദ്രത തകർന്ന ഒരു ഗവൺമെന്റാണ് ഇപ്പോൾ കേരളത്തിൽ അധികാരത്തിലുള്ളതെന്ന്. 1999-2000-ൽ 3,622 കോടി രൂപയാണ് റവന്യൂ കമ്മി. അത് നിങ്ങൾ പറഞ്ഞ കണക്കാണ്. 2002-03 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ അതിന്റെ സ്ഥാനത്ത് 3,658.36 കോടി രൂപയുടെ റവന്യൂ കമ്മിയാണ് കേരളത്തിൽ വന്നിരിക്കുന്നത്. കേരളം കണ്ടിട്ടുള്ളതിൽ ഏറ്റവും വലിയ സാമ്പത്തിക തകർച്ചയാണ് ഇപ്പോൾ സംജാതമായിരിക്കുന്നത്. ഈ ഉപധനാഭ്യർത്ഥനകളെ എങ്ങനെ അനുകൂലിക്കാൻ കഴിയും? പഞ്ചായത്ത് ഫണ്ട് തിരിച്ച് പിടിച്ചതിന്റെ ഫലമായി പഞ്ചായത്തുകളിൽ വികസന പ്രവർത്തനം നടത്താൻ കഴിയാത്ത സ്ഥിതിയാണ്. ഇതിനെതിരെ ശക്തമായ പ്രതിഷേധം ഉയർന്നപ്പോൾ ഒരു ഉപസമിതിയെ നിയോഗിച്ചു. ഗവൺമെന്റ് ഇറക്കിയ ഉത്തരവ് അടിയന്തരമായി പിൻവലിച്ചില്ലെങ്കിൽ കേരളത്തിലെ വികസന പ്രവർത്തനങ്ങൾ സ്തംഭിക്കാൻ പോവുകയാണ്. ആ ഉത്തരവ് പിൻവലിക്കണമെന്നുള്ളതാണ് എനിക്ക് അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്.

201 കോടി രൂപയുടെ പ്രത്യേക തൊഴിൽ പദ്ധതി പ്രഖ്യാപിച്ച് രണ്ട് വർഷം കഴിഞ്ഞെങ്കിലും ഒന്നും നടപ്പിലായില്ല. ഇവർ തമ്മിലുള്ള തർക്കം കാരണമാണ് നടപ്പിലാകാത്തത്. കഴിഞ്ഞ ദിവസം മന്ത്രി മറുപടി പറഞ്ഞത്, നടപ്പിലാക്കിയില്ല. ഇപ്പോൾ നടപ്പിലാക്കുമെന്നാണ്.

ഇപ്പോൾ നടപ്പിലാക്കണമെങ്കിൽ ബഡ്ജറ്റിൽ പൈസ വകയിരുത്തണ്ടേ ? ഒരു പൈസപോലും ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. മാത്രമല്ല ഈ സപ്ലിമെന്ററി ഡിമാന്റ്സ് പരിശോധിച്ചപ്പോഴും 201 കോടി രൂപയുടെ തൊഴിൽ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി തുകയൊന്നും നീക്കിവച്ചിട്ടില്ല. പിന്നെ എങ്ങനെയാണ് ഇത് നടപ്പിലാക്കുന്നത് ? ഈ ഉപധനാഭ്യർത്ഥന പോലീസിന് പണം അനുവദിക്കുന്നതിനുവേണ്ടികൂടിയാണ്. എങ്ങനെ അനുവദിക്കാൻ കഴിയും ? ഇന്നലെ ശ്രീ.സണ്ണിക്കുട്ടി എബ്രഹാം നടത്തിയ ഒരു ഇന്റർവ്യൂവിൽ താങ്ങ് തന്നെ മറുപടി പറഞ്ഞു. പോലീസിൽ മനോവീര്യമില്ലാത്ത തരത്തിൽ അഴിമതി വന്നുകഴിഞ്ഞിരിക്കുന്നു എന്ന്. പോലീസ് മാഫിയാ സംഘത്തിന്റെ തടവറയിലായിക്കഴിഞ്ഞിരിക്കുന്നു പോലീസിൽ ആകെ കറപ്ഷനാണ്. ഇന്നലെ ബഹുമാനപ്പെട്ട സ്പീക്കർ ഒരു ഇന്റർവ്യൂവിൽ പറഞ്ഞ കാര്യത്തിന് ഉൾപ്പെടെയാണ് പണം അനുവദിക്കുന്നത്.

മി. സ്പീക്കർ : Out of contacts ആയിട്ട് ഒന്നും ഇവിടെ പറയരുത്.

ശ്രീ. പി. എസ്. സുപാൽ : സർ, ഇവിടെ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം മന്ത്രിമാർക്ക് ഭരിക്കാൻ സമയമില്ല. ഭരിക്കാൻ സമയമില്ലാത്ത ഗവൺമെന്റ് ജനശ്രദ്ധ തിരിച്ചുവിടുന്നതിനുവേണ്ടി, ഗവൺമെന്റിന് മറ്റുതരത്തിൽ പിന്തുണ കിട്ടുന്നതിനുവേണ്ടി വിവാദങ്ങളുണ്ടാക്കുന്നു. ഫാക്സ് വിവാദമുണ്ടാക്കുന്നു. അതുപോലെതന്നെ ആളുകളെ വർഗ്ഗീയമായി ചേരിതിരിക്കാൻ ശ്രമിക്കുന്നു. ബഹുമാന്യനായ മുഖ്യമന്ത്രി ഈ അടുത്ത കാലത്ത് ഒരു സ്റ്റേറ്റുമെന്റ് നടത്തി എന്താണ് ? അതായത് ഗൾഫ്നാടുകളിൽ പോയവരെല്ലാം കേരളത്തിൽ അസന്തുലിതാവസ്ഥ സൃഷ്ടിക്കുന്നവരാണ് ;

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ ന്യൂനപക്ഷ സമുദായങ്ങൾ സമ്മർദ്ദം ചെലുത്തി കാര്യങ്ങൾ നേടുന്നവരാണ് എന്നുള്ള തരത്തിൽ മുഖ്യമന്ത്രി പറഞ്ഞു. ഗുരുതരമായ ഈ പ്രശ്നങ്ങളെ സംബന്ധിച്ച് ആഴത്തിൽ മനസ്സിലാക്കിയാണോ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത്തരം ഒരു അഭിപ്രായം പറഞ്ഞത് ? ഗൾഫിൽ പോകുന്നവർ എല്ലാം കുഴപ്പക്കാരാണോ ? എന്റെ രണ്ട് സഹോദരങ്ങൾ ഗൾഫിലുണ്ട്. ഭൂരിപക്ഷ സമുദായമോ ന്യൂനപക്ഷസമുദായമോ എന്നുള്ള വ്യത്യാസമില്ലാതെ എല്ലാവരും ഗൾഫ് നാടുകളിൽ പോകുന്നു, പണം ഉണ്ടാക്കുന്നു. കേരളത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് ശക്തി പകരുന്ന ഒരു ഘടകമാണ് ഗൾഫ് മലയാളികളുടെ പണമെന്നു പറയുന്നത്. അത് സമ്മർദ്ദ ഗ്രൂപ്പായി മാറുന്നു എന്ന തരത്തിൽ പറഞ്ഞാൽ അത്. എന്തിനുവേണ്ടിയാണ് ? കേരളത്തിൽ ഡിവിഷൻ ഉണ്ടാക്കുന്നതിനുവേണ്ടിയാണ്, മുഖ്യമന്ത്രിയുടെ പദവിയിൽ ഇരുന്നുകൊണ്ട് പറയാൻ പാടില്ലാത്ത കാര്യങ്ങൾ പറഞ്ഞത്. ഒരിക്കലും അദ്ദേഹം അത് പറയാൻ പാടില്ല. വർഗ്ഗീയമായി ചേരിതിരിക്കുന്നതിനും രാഷ്ട്രീയമായി മുതലെടുപ്പ് നടത്തുന്നതിനും ഇത് ഉപകരിക്കും. മുഖ്യമന്ത്രിയുടെ ഈ പ്രസ്താവനയെത്തുടർന്ന് ഇന്ന് കേരളത്തിൽ വർഗ്ഗീയമായ ചേരിതിരിവാണ് നിലവിൽക്കുന്നത്. ഭൂരിപക്ഷ വർഗ്ഗീയത, ന്യൂനപക്ഷ വർഗ്ഗീയത എന്നുള്ള രീതിയിൽ ചേരിതിരിഞ്ഞ് പരസ്പരം ഏറ്റുമുട്ടുന്ന അല്ലെങ്കിൽ വിരോധത്തിൽ കഴിയുന്ന ഒരു സ്ഥിതിയാണ് ഇന്ന് കേരളത്തിൽ നിലനിൽക്കുന്നത്. യഥാർത്ഥത്തിൽ ഇത്തരമൊരു സ്റ്റേറ്റുമെന്റ് നടത്തിയതിന്റെ പേരിൽ മുഖ്യമന്ത്രിക്കെതിരെ പോട്ടാ നിയമം അനുശാസിക്കുന്ന നടപടികൾ എടുക്കേണ്ടതാണ്. ശ്രീ. അബ്ദുൽനാസർ മ അദ്നി ജയിലിൽ കിടപ്പുണ്ട്. ശ്രീ. പ്രവീൺ തൊഗാഡിയ ഇവിടെ വന്ന് വർഗ്ഗീയ വിഷലിബ്ധമായ പ്രസംഗങ്ങൾ നടത്തുന്നു. അതിന് സമാനമായിട്ടുള്ള പ്രസംഗമാണ്, സ്റ്റേറ്റുമെന്റാണ് ശ്രീ. എ. കെ. ആന്റണി ഇപ്പോൾ നടത്തിയത്. അതുകൊണ്ട് ശ്രീ. തൊഗാഡിയയ്ക്കും ശ്രീ. എ. കെ. ആന്റണിക്കും എതിരായി പോട്ടാ നിയമപ്രകാരം കേസ് എടുക്കേണ്ടതാണ്. ഇക്കാര്യത്തിൽ അത്തരം ഒരു സ്റ്റേറ്റുമെന്റ് പാടില്ല. ന്യൂനപക്ഷ ഭൂരിപക്ഷ വ്യത്യാസം കാണുന്ന സമീപനം ശരിയല്ല. ഈ കേരളത്തിലെ ജനങ്ങളെ ജാതിയമായി തരംതിരിക്കുന്നതും ശരിയല്ല. കേരളത്തിൽ മതേതരത്വം പുലരണമെന്നാണ് എല്ലാ മതേതര വിശ്വാസികളും ആഗ്രഹിക്കുന്നത്. ഇത്തരം ഒരു സ്റ്റേറ്റുമെന്റ് നടത്താൻ പാടില്ല എന്ന് മുസ്ലീംലീഗും പറഞ്ഞു അതിനെതിരെ കടുത്ത നടപടികൾ എടുക്കുമെന്നു ലീഗ് മുന്നറിയിപ്പ് നൽകി. "ഞങ്ങളുടെ ഹൈപവർ കമ്മിറ്റി കൂടാൻ പോകുന്നു. ഹൈപവർ കമ്മിറ്റി കൂടിയാൽ കാണിച്ചുതരുമെന്ന് ലീഗ് വെല്ലുവിളിച്ചു, എന്താണുണ്ടായത് ? അവസാനം ഹൈപവർ കമ്മിറ്റി കൂടി ലീഗിന്റെ

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

അനുയായികൾ കോഴിബിരിയാണിയെല്ലാം കഴിച്ച് പവർലസായ ഒരു തീരുമാനമെടുത്താണ് ഹൈപവർ കമ്മിറ്റി പിരിഞ്ഞത്. മല എലിയെ പ്രസവിച്ചതുപോലെയായി ലീഗിന്റെ തീരുമാനം. ലീഗിന് അങ്ങനെയൊരു

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനം എടുക്കാനെ കഴിയുകയുള്ളൂ. ഭരണത്തിന്റെ സുഖശീതളച്ഛായ അനുഭവിക്കുന്നവരാണ് ലീഗുകാർ. അവർക്ക് അത്തരമൊരു നിലപാട് എടുക്കാൻ കഴിയുകയില്ല. യു.ഡി.എഫ്. ഗവൺമെന്റിൽ ശ്രീ. എ. കെ. ആന്റണിയുടെയും ബന്ധപ്പെട്ടവരുടെയും ആട്ടും തുപ്പുമേറ്റ് ലീഗിന്റെ ആളുകൾ കഴിയുകയാണ്. അവർക്ക് അതിനെതിരെ ശക്തമായി പ്രതികരിക്കാൻപോലും കഴിയാത്ത ഒരു നിലയാണ് വന്നിരിക്കുന്നത്. കാരണം ഭരണം അവർക്ക് ഒരിക്കലും ഉപേക്ഷിക്കാൻ കഴിയുന്ന കാര്യമല്ല.

ഞാൻ ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. വ്യജരേഖയുമായി ബന്ധപ്പെട്ട വിഷയമാണ്. ഇതിന്റെ യഥാർത്ഥവസ്തുത എന്താണെന്നുള്ളത് സംബന്ധിച്ച് വ്യക്തമാക്കണം. മൊത്തത്തിൽ പറഞ്ഞാൽ ഒരു സർപ്പയജ്ഞത്തിന്റെ സ്ഥിതിയാണ് ഇപ്പോഴത്തെ സർക്കാരിനുള്ളത്. സർപ്പയജ്ഞം എന്നു പറഞ്ഞാൽ, അതിൽ യജ്ഞക്കാരനെന്നു പറയുന്നത് മുഖ്യമന്ത്രിയാണ്. 100 വിഷപാമ്പുകളുമായിട്ട് അദ്ദേഹം സർപ്പയജ്ഞം നടത്തുകയാണ്. ഈ പാമ്പുകളെല്ലാം അദ്ദേഹത്തെ കടിച്ചുകൊണ്ടിരിക്കുകയാണ്. ഈ കടിയേറ്റ് അദ്ദേഹത്തിന്റെ മനസ്സും ശരീരവും വിഷലിപ്തമായിരിക്കുകയാണ്. ഇപ്പോൾ അദ്ദേഹത്തിന് അതൊന്നും ഏൽക്കുന്നില്ല. ജനങ്ങൾക്ക് സർപ്പയജ്ഞം കണ്ട് മടുത്തു. എത്രയുംവേഗം ഈ യജ്ഞം അവസാനിപ്പിച്ചില്ലെങ്കിൽ ജനങ്ങൾ ഈ പാമ്പിനെയെല്ലാം അടിച്ചുകൊല്ലും. യജ്ഞക്കാരനെ ഓടിക്കുകയും ചെയ്യും. ജനവിരുദ്ധമായ സമീപനം സ്വീകരിച്ചുകൊണ്ടിരിക്കുന്ന ഈ ഗവൺമെന്റിനു വേണ്ടിയുള്ള ഉപധനാഭ്യർത്ഥനകളെ ശക്തമായി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ. ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ശക്തിയായി പിന്താങ്ങുന്നു.

"കാവ്യം സുഗേയം കഥ രാഘവീയം
കർത്താവ് തുഞ്ചത്തുളവായ ദിവ്യൻ
ചൊല്ലുന്നതോ ഭക്തിമയ സ്വരത്തിൽ
ആനന്ദലബ്ധിക്കിനിയെന്തുവേണം"

എന്ന മട്ടിലൊന്നും വിസ്തരിക്കാൻ ഞാൻ തയ്യാറല്ല. പക്ഷേ കടുത്ത സാമ്പത്തിക ബാധ്യതയുടെ നടുവിൽ നിന്നുകൊണ്ടും സാധിക്കുന്നത്ര സാമൂഹ്യക്ഷേമം ലക്ഷ്യമാക്കി പ്രവർത്തിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട് എന്നതുകൊണ്ട് ഈ സപ്ലിമെന്ററി ഡിമാന്റുകളെ സർവ്വാത്മനാ പിന്താങ്ങാനെ മനസ്സാക്ഷിയുള്ള ആർക്കും സാധിക്കൂ. ഇത് ഈ ഗവൺമെന്റിന്റെ സപ്ലിമെന്ററി ഡിമാന്റ്സ് മാത്രമല്ല. കഴിഞ്ഞകാല ഗവൺമെന്റുകളുടെ സപ്ലിമെന്ററി ഡിമാന്റ്സായിട്ടാണ് നമ്മുടെ മുമ്പിൽ വരുന്നത്. ഓരോരുത്തർ ഓരോ കാലത്ത് ചെലവാക്കിയ മുഴുവൻ തുകയും അംഗീകരിച്ചുകൊടുക്കേണ്ട ബാധ്യതകൂടി ഇപ്പോൾ വന്നിട്ടുണ്ട്. എനിക്ക് മുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട എം.എൽ.എ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സുപാലിന്റെ പ്രസംഗം ഞാൻ ശ്രദ്ധിക്കുകയായിരുന്നു. അദ്ദേഹത്തിന് സപ്ലിമെന്ററി ഡിമാന്റുകളെക്കുറിച്ച് ഒരക്ഷരംപോലും സംസാരിക്കാൻ ഉണ്ടായിരുന്നില്ല എന്നുള്ളത് ഒരു അർത്ഥത്തിൽ സന്തോഷകരമാണ്. അദ്ദേഹം സംസാരിച്ചത് അഭിമുഖത്തെക്കുറിച്ചും ഫാക്സിനെക്കുറിച്ചും കോഴിബിരിയാണിയെക്കുറിച്ചും വ്യാജരേഖയെക്കുറിച്ചു മൊക്കെയാണ്. ഒടുവിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ പോട്ടോ അനുസരിച്ച് നടപടിയെടുക്കണമെന്ന വിവരക്കേട് വരെ ശ്രീ.സുപാൽ ഈ സഭയിൽ പറഞ്ഞു. ബഹുമാനപ്പെട്ട അംഗം ഇത്തരത്തിലുള്ള ഏർപ്പാടുകളിൽ നിന്ന് പിന്തിരിയണമെന്ന ഒരു അപേക്ഷകൂടി ഉണ്ട്. .....(ബഹളം)..... അവർ സംസാരിച്ചപ്പോൾ ഞാൻ ഇടപെട്ടില്ലല്ലോ. ദയവായി എന്റെ സമയം അപഹരിക്കാതിരിക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർ 'വിവരക്കേട്' പോലെയുള്ള വാക്കുകൾ കഴിയുന്നതും ഉപേക്ഷിക്കണം. അത് ശരിയല്ല. പ്ലീസ്.....അത് ചെയർ പറഞ്ഞല്ലോ .....പ്ലീസ്.....നിങ്ങൾ ആവശ്യപ്പെടും മുമ്പേ ചെയർ പറഞ്ഞല്ലോ.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, വിവരക്കേട് അൺപാർലമെന്ററി ആണെങ്കിൽ ഞാൻ പിൻവലിക്കുന്നു. വിവരമാഹിത്യം കാണിക്കരുതെന്ന് വളരെ വിനയത്തോടുകൂടി അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

എനിക്ക് കിട്ടിയ സമയംകൊണ്ട് സാധിക്കുന്ന രീതിയിൽ സപ്ലിമെന്ററി ഡിമാന്റിനെക്കുറിച്ച് പഠിക്കാൻ ശ്രമിക്കുകയുണ്ടായി. ചില കാര്യങ്ങൾ എന്റെ ഹൃദയത്തിൽ സ്പർശിച്ച വിധത്തിൽ ഈ സപ്ലിമെന്ററി ഡിമാന്റിൽ വന്നിട്ടുമുണ്ട്. അതിൽ ഏതെങ്കിലും ഒന്നിനോട് ആർക്കെങ്കിലും എതിർപ്പുണ്ടെങ്കിൽ ദയവായി ഇതിനെ എതിർത്ത് സംസാരിക്കുന്നവർ അവരുടെ അഭിപ്രായംകൂടി പ്രകടിപ്പിക്കണമെന്ന് അപേക്ഷിക്കുന്നു. ലെജിസ്ലേച്ചർ കോംപ്ലക്സിൽ ഓഫ്സെറ്റ് പ്രിന്റിംഗ് പ്രസ്സ് സ്ഥാപിക്കുന്നതിന് ഇവിടെ ഉപധനാഭ്യർത്ഥനയുണ്ട്. അത് വേണ്ടേ ? കൃത്യമായിട്ട് നമുക്ക് ഈ സഭയിൽ നടക്കുന്ന കാര്യങ്ങൾ വേണ്ടപോലെ വേണ്ട സമയത്ത് അറിയാൻ മറ്റ് ഗവൺമെന്റ് പ്രസുകളുടെ സഹായംകൊണ്ട് സാധിക്കുന്നില്ല എന്ന് ഈ സഭയിലെ ഇരുവശത്തുള്ളവരും ആവർത്തിച്ചാവർത്തിച്ച് പലവട്ടം പറഞ്ഞിട്ടുണ്ട്. ഒരു ഓഫ്സെറ്റ് പ്രിന്റിംഗ് പ്രസ്സ് വേണം. 27-7-2002-ൽ നടന്ന കുമരകം ബോട്ടപകടത്തിന്റെ ഓർമ്മകൾ നമ്മുടെ മനസ്സുകളിൽ നിന്ന് മായുന്നില്ല. ഒരു കൊച്ചുകുഞ്ഞിന്റെ മൃതശരീരം ഉയർത്തിപിടിച്ചുകൊണ്ട് 'ദൈവമേ ഈ കുഞ്ഞിന് ജീവൻ കൊടുക്കണമേ' എന്ന പ്രാർത്ഥനയോടുകൂടി രക്ഷാപ്രവർത്തകൻ വെള്ളത്തിൽ നിന്നു പൊങ്ങി വരുന്ന ചിത്രം ഒരു വർഷം മുമ്പ് പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നത് മറക്കാൻ ഈ നാട്ടിലെ അമ്മമാർക്ക് ഒരിക്കലും സാധിക്കുകയില്ല. ആ ബോട്ടപകടവുമായി ബന്ധപ്പെട്ട് ആ ബോട്ട് ജെട്ടിയുടെ നവീകരണത്തിനും മറ്റ് കാര്യങ്ങൾക്കും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടവർക്ക് സഹായമെന്ന രീതിയിലൊക്കെ 30 ലക്ഷം രൂപ സപ്ലിമെന്ററി ഗ്രാന്റ് ചോദിച്ചാൽ അതിൽ എന്താണ് അപാകത എന്ന് ഈ വ്യാജരേഖയെപ്പറ്റി

LIBRARY ARCHIVES Kerala Legislative Assembly

ഗവേഷണം നടത്താൻ ഒരുമ്പെടുന്നവർ ചിന്തിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. പോലീസിനെക്കുറിച്ച് ഒരു വാക്ക് ശ്രീ. പി. എസ്. സുപാൽ പറഞ്ഞു. പോലീസിനെ സംരക്ഷിക്കാനുള്ള ഡിമാന്റ് എന്നുള്ളതുകൊണ്ട് പോലീസ് വേണ്ട രീതിയിൽ പ്രവർത്തിക്കുന്നില്ല എന്നുള്ളതുകൊണ്ട് അംഗീകരിക്കാൻ പറ്റുന്നില്ല എന്ന അർത്ഥത്തിൽ അദ്ദേഹം സംസാരിച്ചു. വനിതാ പോലീസിന് പോലീസ് സ്റ്റേഷനുകളിൽ അത്യാവശ്യ സൗകര്യങ്ങൾ ഉണ്ടാക്കാൻ വേണ്ടിമാത്രമാണ്. ടോയ്ലെറ്റ് സൗകര്യം വനിതാ പോലീസ് സ്റ്റേഷനുകളിൽ ആവശ്യമാണ്. ആ ടോയ്ലെറ്റ് സൗകര്യങ്ങൾ ഉണ്ടാക്കുവാനോ റിട്ടയറിംഗ് റൂമുകൾക്കോ ഒക്കെ കുറച്ചുകൂടി തുക ഈ സപ്ലിമെന്ററി ഡിമാന്റിൽ ചോദിച്ചാൽ അത് വേണ്ടാ എന്ന് പ്രതിപക്ഷത്തെ പുരുഷൻമാർ പറയുമോ? പോലീസ് സ്റ്റേഷനുകളിൽ വനിതകളായിട്ടുള്ള ഉദ്യോഗസ്ഥകൾ രാവിലെ ഡ്യൂട്ടിക്കു വന്നാൽ വൈകുന്നേരമോ രാത്രിയോ പോകുന്നതുവരെ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാൻ ആണുങ്ങളെപ്പോലെ റോഡിൽ ഇറങ്ങി നടക്കുവാൻ പറ്റുകയില്ലല്ലോ. അവർക്ക് അതിനാവശ്യമായ സൗകര്യങ്ങൾ കൊടുത്തേ തീരൂ. ബോംബേറിൽ മരണപ്പെട്ട സ്പെഷ്യൽ സ്കാഡിലുണ്ടായിരുന്ന ഉത്തമൻ എന്ന ഹെഡ് കോൺസ്റ്റബിളിന്റെ കുടുംബത്തിന് അഞ്ച് ലക്ഷം രൂപ സപ്ലിമെന്ററി ഡിമാൻന്റിലൂടെ ചോദിക്കുന്നു. വേണ്ട എന്ന് ആർക്കെങ്കിലും പറയാൻ സാധിക്കുമോ? പ്രിസൺ റിഫോംസിനു വേണ്ടി കുറച്ചു പൈസ നീക്കി വച്ചിട്ടുണ്ട്. വേണ്ട എന്നു പറയാൻ പറ്റുമോ? കുറ്റവാളികൾക്ക് രാജകീയമായ സുഖസൗകര്യങ്ങൾ കൊടുക്കണമെന്ന് ഞാൻ ഒരിക്കലും പറയുന്നില്ല. കുറ്റവാളികൾക്ക് മൂന്നു നേരവും വയർനിറച്ച് ഭക്ഷണത്തിനുള്ള സൗകര്യങ്ങളെങ്കിലും ജയിലിൽ കിട്ടുന്നുണ്ട്. അവർ അനാഥരാക്കിവിട്ട അവരുടെതന്നെ കുടുംബാംഗങ്ങൾ, പെണ്ണുങ്ങളും കുഞ്ഞുകുട്ടികളുമൊക്കെ. ഉണ്ടല്ലോ. അവരെ സംബന്ധിച്ചിടത്തോളമാണ് എന്തെങ്കിലും പ്രത്യേകതകളൊക്കെ ഗവൺമെന്റ് കാണേണ്ടത് എന്ന ഒരഭിപ്രായംകൂടി എനിക്കുണ്ട്. എങ്കിലും പ്രിസൺ റിഫോംസ് വേണ്ട എന്നു പറയാൻ പറ്റുകയില്ല. ഇ.എം.എസ്. പ്രതിമ പൂർത്തീകരിക്കുന്നതിനും അതിന്റെ സൗന്ദര്യവൽക്കരണത്തിനുമൊക്കെ കുറച്ചു കാശ് നീക്കി വയ്ക്കണമെന്ന് നിശ്ചയിച്ചാൽ, അല്ലെങ്കിൽ കഴിഞ്ഞ ഗവൺമെന്റ് വരുത്തിവച്ച ചെലവിന് കോൺട്രാക്ടർമാർക്ക് കൊടുക്കാനുള്ള തുക കൊടുത്തു തീർക്കാൻ കാശ് വേണമെന്ന് പറഞ്ഞാൽ വേണ്ട എന്നു നിങ്ങൾ പറയുമോ ? മണ്ണടിയിൽ വേലുത്തമ്പി ദളവയുടെ പ്രതിമ സ്ഥാപിക്കാൻ നിങ്ങൾ വേണ്ട എന്നു പറഞ്ഞാൽ മനസ്സിലാക്കാൻ സാധിക്കും. ഇ.എം.എസ്. പ്രതിമയുടെ നിർമ്മാണത്തിനും സൗന്ദര്യവൽക്കരണത്തിനും കാശുണ്ട്. അത് വേണ്ട എന്നു വയ്ക്കാൻ പറ്റുമോ?

മി. ഡെപ്യൂട്ടി സ്പീക്കർ : രണ്ടും ശരി. ഒന്നിന് അനുവദിക്കാം. മറ്റൊന്നിന് അനുവദിച്ചുകൂടാ എന്നു പറയുന്നില്ല.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, വേലുത്തമ്പി ദളവയുടെ പ്രതിമ സ്ഥാപിക്കുന്നതിന് പണം അനുവദിക്കുന്നതിൽ അവൻ വേണമെങ്കിൽ എതിരായി നിന്നാൽ അത് അവരുടെ രാഷ്ട്രീയ സ്വഭാവം വച്ചിട്ട്.....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : വേലുത്തമ്പി ദളവയ്ക്ക് രാഷ്ട്രീയം ഇല്ലായിരുന്നു. അദ്ദേഹം വിപ്ലവകാരി ആയിരുന്നു. അന്ന് രാഷ്ട്രീയമില്ല. അദ്ദേഹം ബ്രട്ടീഷുകാർക്കെതിരെ ആയുധം എടുത്തു പോരാടിയ ആളായിരുന്നു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, പ്രതിമ നിർമ്മാണ കാര്യത്തിൽ വേലുത്തമ്പിദളവയ്ക്ക് എന്ന പോലെ പ്രാധാന്യം ഇ.എം.എസ്സിനും ഈ ഗവൺമെന്റ് കൊടുത്തിട്ടുണ്ട് എന്നുള്ളത് നിഷേധിക്കുവാൻ പ്രതിപക്ഷത്തിന് സാധിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം. അർണോസ് പാതിരിയെ പ്പോലുള്ള വിദേശ മിഷണറിമാരുടെ ഇന്നാട്ടിലെ സേവനമെന്ന് പറയുന്നത് മഹനീയമെന്ന വിശേഷണത്തിൽ ഒതുക്കുവാൻ പറ്റുന്ന തരത്തിൽ മഹത്തരമായിട്ടുള്ളതാണ്. ഹോർത്തൂസ് മലബാറിക്കൂസ് എന്ന ഗ്രന്ഥം മലയാളികൾ വായിച്ചു മനസ്സിലാക്കാൻ സാധിക്കുന്നരീതിയിൽ തർജ്ജമ ചെയ്ത് വായനാ ശീലമുള്ളവർക്കെങ്കിലും ഇന്നാട്ടിലെ ഔഷധ സസ്യങ്ങളുടെ ഗുണങ്ങൾ ഉൾപ്പടെയുള്ള കാര്യങ്ങൾ മനസ്സിലാക്കുന്നതിന് ഒരവസരം സൃഷ്ടിക്കാൻ ഗവൺമെന്റ് ഈ സപ്ലിമെന്ററി ഡിമാന്റിലൂടെ ശ്രദ്ധിക്കുന്നുവെന്ന് ഈ നിയമസഭോംഗങ്ങളെ അറിയിക്കുമ്പോൾ അത് വായിച്ചു മനസ്സിലാക്കുന്നതിനാണ് ശ്രമിക്കേണ്ടത്. ആരെങ്കിലും എവിടെയെങ്കിലും ഏതെങ്കിലും പത്ര പ്രവർത്തകരുമൊക്കെയായിട്ട് എന്തെങ്കിലും അഭിമുഖം നടത്തിയിട്ടുണ്ടോ അതിൽ ഒരു വാക്കിനോ വാചകത്തിനോ ചരിവോ ഇടിവോ സംഭവിച്ചിട്ടുണ്ടോ എന്നൊക്കെ നോക്കുന്നതിനുള്ള വേദിയല്ല നിയമസഭ എന്ന് ഞാൻ ഈ സന്ദർഭത്തിൽ ആത്മാർത്ഥമായി വിശ്വസിക്കുന്നു. സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിക്ക് പണം നീക്കിവച്ചിട്ടുണ്ട്. കൊച്ചുകുട്ടികളുടെ പഠന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ പറ്റുന്ന തരത്തിൽ അദ്ധ്യാപകർക്ക് പരിശീലനം നല്കുന്ന ഏർപ്പാടുകളുമായി ഈ സർക്കാർ മുന്നോട്ടുപോവുകയാണ്. നിങ്ങളുടെയൊക്കെ നിയോജക മണ്ഡലത്തിൽ ഇത്തരം ഈ സൗകര്യങ്ങൾ ഉണ്ടാക്കിത്തരാൻ ഗവൺമെന്റ് ഉദ്യോഗസ്ഥൻ വഴി നിങ്ങളാരും പദ്ധതികൾ സമർപ്പിച്ചിട്ടില്ലെന്ന്. നെഞ്ചത്ത് കൈവച്ച് പറയാൻ സാധിക്കുമോ ? ഒന്നാന്തരം പദ്ധതികളാകുമ്പോൾ ആ പദ്ധതികൾക്കനുസൃതമായ രീതിയിൽ കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകുക എന്നുള്ളത് സർക്കാരിന്റെ സജീവ പരിഗണനയർഹിക്കുന്ന കാര്യമാണ്. വൈറോളി ഇൻസ്റ്റിറ്റ്യൂട്ടിനെപ്പറ്റി, ഇവിടെ പറഞ്ഞു. കേന്ദ്ര ഗവൺമെന്റിന്റെ പൈസയ്ക്ക് ശതമാനക്കണക്കിന് പലിശ അങ്ങോട്ട് കൊടുക്കണം. ശതമാന കണക്കിനുള്ള കാശ് കൊടുക്കാൻ നമ്മൾ തയ്യാറല്ല എന്നുണ്ടെങ്കിൽ, കേന്ദ്രഗ വൺമെന്റിന്റെ സഹായം നഷ്ടപ്പെടും. സർവ്വശിക്ഷാ അഭിയാൻ കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയല്ല എന്ന് ഞാൻ ഒരിക്കലും പറഞ്ഞിട്ടില്ല. പക്ഷേ ബഹുമാനപ്പെട്ട മെമ്പർ അറിയണം. അതിന്റെ 25 ശതമാനം സ്റ്റേറ്റ് ഷെയർ ആണ്. 75 ശതമാനം സെൻട്രൽ ഗവൺമെന്റ് തരാമെന്നു പറയുമ്പോൾ 25 ശതമാനം സ്റ്റേറ്റ് ഗവണ്മെന്റ് എങ്ങനെയെങ്കിലും ഉണ്ടാക്കിയിട്ട് നൂറു ശതമാനം ഗുണം സമൂഹത്തിന് ഉണ്ടാക്കുക എന്നുള്ളതാണ് ലക്ഷ്യം. മറിച്ച് 25 ശതമാനം മുടക്കാൻ നമ്മൾ തയ്യാറായില്ല എങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ 75 ശതമാനം നമുക്ക് കിട്ടുകയില്ല. സെൻട്രൽ അസിസ്റ്റന്റ്സ് ഉള്ള പദ്ധതികളെ

സംബന്ധിച്ചിടത്തോളം സ്ഥിതി ആരാണ്. സപ്ലിമെന്ററി ഡിമാന്റ്സ് മുഴുവൻ വായിച്ചു നോക്കിയാലറിയാം പലതരം പദ്ധതികൾ നമുക്കുണ്ട്.സ്റ്റേറ്റ് ഗവൺമെന്റിന്റെ വിഹിതം കൊടുക്കേണ്ടതായിട്ടുണ്ട്. സിന്തറ്റിക് ട്രാക്ക് ഉണ്ടാക്കുന്നതുൾപ്പടെ പല കാര്യങ്ങൾ വരുന്നത് അങ്ങനെയാണ്. വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ കാൾ ചോദിച്ചിട്ടുണ്ട്. വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിനെ പറ്റിയൊക്കെ നിയമസഭയിൽ ഒരു സ്പെഷ്യൽ ഡിസ്ക്കഷൻ നടന്നപ്പോൾ നിയമസഭയിൽ വളരെ വിശദമായിട്ട് ഇരുപക്ഷത്തുള്ളവരും പലതും പറഞ്ഞു. ഡെങ്കിപ്പനിയുമായി ബന്ധപ്പെട്ട് ഇങ്ങനെ ഒരു പ്രത്യേക ചർച്ച നിയമസഭയിൽ നടത്തണമെന്ന അഭിപ്രായം ഉയർന്നു വന്നപ്പോൾ അന്ന് ഒരു ദിവസം ഉച്ചതിരിഞ്ഞ് ഇത് മാത്രമായി ചർച്ച ചെയ്യുകയുണ്ടായി. വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിനെക്കുറിച്ച് പറഞ്ഞവർ ഇഷ്ടം പോലെയുണ്ട്. ശ്രീമതി മേഴ്സി രവിയെ വയലാർജി ഇൻസ്റ്റിറ്റ്യൂട്ട് എന്നാണ് വിളിക്കുന്നത്. ഗൗരവപൂർവ്വമായി കാര്യങ്ങൾ പറയുന്നതിനിടയിൽ വേറെ കൊച്ചു കൊച്ചു കാര്യങ്ങൾ പറഞ്ഞ് ശ്രദ്ധ തിരിക്കുക എന്നുള്ള ആ വിനോദത്തിലേയ്ക്ക് ഞാൻ കടക്കുന്നില്ല. വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടി ഈ സപ്ലിമെന്ററി ഡിമാൻഡിൽ പണം ചോദിച്ചിട്ടുണ്ട്. നബാർഡ് സഹായത്തോടുകൂടി കൃഷി സംബന്ധമായ വിവിധ ആവശ്യങ്ങൾക്ക് പണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഉപധനാഭ്യർത്ഥന. നമ്മുടെ മുമ്പിൽ കടന്നുവരുന്നു. വർഷങ്ങളോളം ആഗ്രഹിച്ച് നടത്താൻ പറ്റാതെ പോകുന്ന കാര്യങ്ങളാണ് നബാർഡിന്റെ സഹായത്താടെ വിവിധ വകുപ്പുകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കൃഷി സംബന്ധമായ കാര്യങ്ങൾ എന്നു പറയുമ്പോൾ എന്റെ നിയോജകമണ്ഡലം ശ്രീ. പി. ജെ. ജോയിയുടെ നിയോജകമണ്ഡലവുമായി ബന്ധിപ്പിക്കുന്ന നായംവേലിത്തോട് വൃത്തിയാക്കി കൃഷിക്ക് ഉപയോഗിക്കാൻ വേണ്ടി. ജലസേചനത്തിനുള്ള ശരിയായ ഉദ്ദേശലക്ഷ്യങ്ങൾ ഈ തോടിലൂടെ പ്രാപ്തമാക്കുന്നുവെന്ന് തെളിയിക്കുവാൻ വേണ്ടി ഒരു കോടി മുപ്പത്തിയഞ്ചു ലക്ഷം രൂപയുടെ പദ്ധതി ഇവിടെ ശ്രീമതി കെ. ആർ. ഗൗരിയമ്മയ്ക്ക് അനുവദിക്കാൻ സാധിക്കുന്നത് നബാർഡിന്റെ ധന സഹായം തൊട്ടപ്പുറത്തു കിടക്കുന്നതു കൊണ്ടാണ്. സോയിൽ കൺസർവേഷനുമായി ബന്ധപ്പെട്ട് നാട്ടിൻപുറങ്ങളിലെ ഇതുപോലുള്ള തോടുകൾ, ജല സംഭരണികൾ ഏത്തവാഴക്കൃഷി ഉൾപ്പെടെയുള്ള കൃഷിക്ക് ഉപയുക്തമാക്കത്തക്ക രീതിയിൽ, ഒരു മഴ പെയ്യുമ്പോഴേയ്ക്കും വെള്ളപ്പൊക്കത്തിലൂടെ കൃഷിനാശം സംഭവിക്കാതിരിക്കത്തക്ക രീതിയിൽ, നന്നാക്കി എടുക്കണമെന്നുണ്ടെങ്കിൽ ഈ പറയുന്ന തരത്തിലുള്ള സമീപനം നമുക്ക് അത്യാവശ്യമാണ് . നബാർഡിന്റെ ധന സഹായം കിട്ടാവുന്നത്ര ചോദിച്ചു വാങ്ങിച്ചെടുക്കാനുള്ള ചങ്കൂറ്റമാണ് നാം കാണിക്കേണ്ടത്. ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് ബന്ധപ്പെട്ടു വരുന്ന സഞ്ജീവനി വനത്തിനെക്കുറിച്ച് സമയമില്ലാത്തതുകൊണ്ട് വിശദീകരിക്കുന്നില്ല. റൂറൽ മാർക്കറ്റ് യാർഡിന്റെ നിർമ്മാണത്തിന് ഒരു കോടിയോളം രൂപയാണ് പഞ്ചായത്തുകാർക്ക് കൊടുത്തിരിക്കുന്നത്. പഞ്ചായത്തിൽനിന്ന് കാൾ തിരിച്ചുപിടിച്ചു എന്നൊക്കെ പറഞ്ഞ് കോലാഹലം ഉണ്ടാക്കുന്നവർ ഇതൊന്നും ശ്രദ്ധിക്കുന്നില്ല. ഒരു കോടിയോളം രൂപ എന്നത് കൃത്യമായി പറഞ്ഞാൽ 9721 ആയിരം രൂപയാണ് റൂറൽ മാർക്കറ്റ് യാർഡ്

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപിക്കുന്നതിനുവേണ്ടി ഇവിടെ സപ്ലിമെന്ററി ഡിമാന്റ് സിലൂടെ ചോദിച്ചിരിക്കുന്നത്. ഇത്രയും രൂപ പോരാ എന്നാണ് ഞാൻ പറയുന്നത്. കൂടുതൽ രൂപ ഉണ്ടായിരുന്നുവെങ്കിൽ ഗ്രാമീണ പ്രദേശങ്ങളിൽ കൂടുതൽ മാർക്കറ്റ് യാർഡുകൾ നിർമ്മിക്കാൻ കഴിയുമായിരുന്നു. കിട്ടിയത് വേണ്ട എന്നു പറയാൻ പാടില്ല. ചോദിക്കുന്നത് അനുവദിക്കാതിരിക്കാൻ നമുക്ക് സാധിക്കുകയില്ല. കുടുംബശ്രീക്ക് ഒമ്പത് കോടി രൂപയാണ് അധിക സപ്ലിമെന്ററി ഡിമാന്റ്സ് ഗ്രാന്റ് ചോദിച്ചിരിക്കുന്നത്. കുടുംബശ്രീയെ സംബന്ധിച്ചിടത്തോളം വാ തോരാതെ സംസാരിക്കാൻ ഇഷ്ടം പോലെ ആളുകളുണ്ട്. കുടുംബശ്രീ ബിളൗസിന്റെ നിറമോ മറ്റ് അടയാളങ്ങളൊന്നും ഞാൻ പറയുന്നില്ല. ഇന്ന് കുടുംബശ്രീയിലൂടെ ഈ നാട്ടിന് ഉണ്ടായിരിക്കുന്ന സാമ്പത്തിക മുന്നേറ്റം കേന്ദ്രം കാണുന്നില്ല. ഇവിടെ സ്ത്രീയുടെ ദൃഢ നിശ്ചയം ഏത് രീതിയിൽ സമൂഹത്തിന് സഹായിയാകുന്നുവെന്ന് കണ്ടുകൊണ്ട് കുടുംബശ്രീക്ക് ഈ ഉപധനാഭ്യർത്ഥനയിൽ ഒമ്പത് കോടി രൂപ ചോദിച്ചിരിക്കുന്നത് നല്ല കാര്യമാണ്. രണ്ടു കാര്യങ്ങൾ കൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്. എസ്.ജി. ആർ. വൈ. പദ്ധതിയിൽ ഇരുപത്തിയഞ്ചു ശതമാനം തുക സംസ്ഥാനം കണ്ടെത്തണം. 44,02,54,000 രൂപയാണ് കേന്ദ്ര ഗവൺമെന്റ് തന്നിരിക്കുന്നത്. ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നതനുസരിച്ച് കൊരട്ടിയിലെ കോനൂരിൽ 'കിൻഫ്ര'യുടെ കീഴിൽ ഒരു വ്യവസായ കേന്ദ്രം സ്ഥാപിക്കുന്നതിന് കാശ് കൊടുത്തിട്ടുണ്ട്. കനോലി കനാലിന് ഒന്നരക്കോടി രൂപ ചോദിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.-യുടെ പ്രവർത്തനങ്ങളെക്കുറിച്ചും ചില കാര്യങ്ങൾ പറയാനുണ്ടായിരുന്നു. അങ്ങ് സമയം അനുവദിക്കുന്നില്ല എന്ന് അനുസ്മരിപ്പിക്കുന്നതു കൊണ്ട് ഞാൻ വിസ്തരിക്കുന്നില്ല. ഇത്രയെങ്കിലുമൊക്കെ പറയാൻ സഹായിച്ചതിന് നന്ദി. ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്താങ്ങിക്കൊണ്ട് ഞാൻ നിർത്തുന്നു. നന്ദി.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, ഇവിടെ അവതരിപ്പിക്കപ്പെട്ട 2003-2004 സാമ്പത്തിക വർഷത്തേക്കുള്ള ഉപധനാഭ്യർത്ഥനകളെയും മറ്റ് അധിക ധനാഭ്യർത്ഥനകളെയും ഞാൻ പിന്താങ്ങുകയാണ്. ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ സാമ്പത്തികസ്ഥിതി എന്തായിരുന്നുവെന്ന് ഈ സഭയിലെ എല്ലാപേർക്കും അറിയാം. വമ്പിച്ച കടബാധ്യതയോടുകൂടി അധികാരത്തിൽ വന്ന ഈ ഗവൺമെന്റ് ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻപോലും വായ്പ എടുക്കേണ്ടിവന്ന ഒരു സാഹചര്യമായിരുന്നു ഈ സംസ്ഥാനത്ത് ഉണ്ടായിരുന്നത്. ഇന്ന് ഈ രംഗത്ത് വമ്പിച്ച മാറ്റം ഉണ്ടായി. സാമ്പത്തിക പ്രതിസന്ധി ഒരു പരിധിവരെ തരണം ചെയ്യാനും, വമ്പിച്ച നേട്ടങ്ങൾ കൈവരിക്കുവാനും കഴിഞ്ഞതിൽ തീർച്ചയായും ധനകാര്യ വകുപ്പുമന്ത്രിയേയും ഈ ഗവൺമെന്റിനേയും ഈ സന്ദർഭത്തിൽ ഞാൻ അഭിനന്ദിക്കുകയാണ്. 1699.57 കോടിരൂപ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എടുത്ത വായ്പകൾ ഉൾപ്പെടെ ഈ കാലയളവിൽ തിരിച്ചടയ്ക്കേണ്ടതായ എല്ലാ വായ്പകളും തിരിച്ചടച്ച് ഈ ഗവൺമെന്റിന്റെ വമ്പിച്ച നേട്ടം തന്നെയാണ്. വിൽപ്പന നികുതി പിരിച്ചെടുക്കുന്നതിൽ റിക്കാർഡ് വർദ്ധനവാണ് ഈ ഗവൺമെന്റ് കൈവരിച്ചത്. 2001-2003 സാമ്പത്തിക വർഷം 5700 കോടി രൂപയുടെ ലക്ഷ്യമിട്ടിരുന്നത് 5375.39 കോടി

LIBRARY ARCHIVES Kerala Legislative Assembly

രൂപ പിരിച്ചെടുത്ത് ഏതാണ്ട് 20.77 ശതമാനം വർദ്ധനവ് ഉണ്ടാക്കിയത് കേരള ചരിത്രത്തിൽതന്നെ ഒരു പുതിയ അദ്ധ്യായമാണ്. നികുതി ചോർച്ച തടയുകയും കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്തു. പെന്റിംഗ് നികുതി സംബന്ധിച്ച നിരവധി കേസുകൾ കിടക്കുകയാണ്. ട്രൈബ്യൂണലുകളിലും കോടതികളിലും കെട്ടിക്കിടക്കുന്ന കേസ്സുകൾ സമയബന്ധിതമായി തീർക്കുവാൻ കഴിഞ്ഞാൽ കുടിശ്ശിക ഒരു പരിധിവരെ പിരിച്ചെടുക്കാൻ കഴിയും. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോടും മുഖ്യമന്ത്രിയോടും അഭ്യർത്ഥിക്കാനുള്ളത്. നമ്മുടെ സംസ്ഥാനത്ത് കോടതികളിലുള്ള കേസ്സുകൾ തീർക്കുന്നതിന് വളരെയേറെ കാലതാമസം ഉണ്ടാകുന്നതിനാൽ ഈ കേസുകൾ തീർക്കുന്നതിനുവേണ്ടി ഒരു പ്രത്യേക കോടതി സ്ഥാപിക്കാൻ ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം എന്നാണ്. എങ്കിൽ കുടിശ്ശിക വളരെവേഗം പിരിച്ചെടുക്കാൻ കഴിയും.

വികസന രംഗത്ത് വമ്പിച്ച നേട്ടങ്ങൾ കൈവരിച്ചു. മെഡിക്കൽ, എഞ്ചിനീയറിംഗ്, ആയുർവ്വേദ, ബി.ഡി.എസ്., നഴ്സിംഗ് കോളേജുകളടക്കം കേരളത്തിന്റെ ചരിത്രത്തിൽ ഇത്രയേറെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിച്ച ഒരു കാലഘട്ടം ഉണ്ടായിട്ടില്ല. വിദ്യാഭ്യാസ രംഗത്ത് സമൂലമാറ്റം വരുത്താൻ കഴിഞ്ഞതിലൂടെ നമ്മുടെ സംസ്ഥാനം ഇൻഡ്യയ്ക്ക് തന്നെ മാതൃകയായി മാറ്റിയെടുക്കുവാൻ നമുക്ക് കഴിഞ്ഞു. മറ്റ് ഒട്ടേറെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കപ്പെട്ടത് തീർച്ചയായും ഈ ഗവൺമെന്റിന്റെ നേട്ടങ്ങളുടെ പട്ടികയിൽ ഒരു പൊൻതൂവലായി ഞാൻ കാണുകയാണ്. കാർഷിക, വ്യവസായ-വിനോദസഞ്ചാര രംഗങ്ങളിലൊക്കെ വമ്പിച്ച നേട്ടം കൈവരിക്കാൻ കഴിഞ്ഞു. റോഡ് വികസന രംഗത്തും വമ്പിച്ച നേട്ടം കൈവരിച്ചു. ഇന്ന് നാളികേരത്തിന്റെ വില എത്രയാണ്? ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ നാളികേരം വാങ്ങാൻപോലും ആളില്ലായിരുന്ന ഒരു ഘട്ടമായിരുന്നു. അത് മാറ്റിയെടുക്കാൻ കഴിഞ്ഞു. ഇന്ന് ഒരു നാളികേരത്തിന് അഞ്ച് രൂപയും അഞ്ചര രൂപയും ആറു രൂപയുംവരെ വില ലഭിക്കുന്നുണ്ട്. കുരുമുളക്, റബ്ബർ തുടങ്ങിയ കാർഷികോല്പന്നങ്ങൾക്ക് വമ്പിച്ച വിലവർദ്ധനവുണ്ടായി. കാർഷിക രംഗത്ത് ഇത്രയേറെ നേട്ടം കൈവരിക്കുവാൻ നേതൃത്വം കൊടുത്ത കൃഷി വകുപ്പുമന്ത്രിയേയും പാക്കേജ് പദ്ധതി നടപ്പിലാക്കുവാൻ ആവശ്യമായ ഫണ്ട് അനുവദിച്ച ധനകാര്യ വകുപ്പുമന്ത്രിയേയും ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വ്യാവസായിക മേഖലയാകെ തകർച്ച നേരിട്ടുകൊണ്ടിരുന്നു. പല വ്യവസായ സ്ഥാപനങ്ങളും പൂട്ടിക്കൊണ്ടിരുന്നു. ഊർജ്ജസ്വലനായ വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിന് വ്യവസായ വകുപ്പിന് ജീവൻ നൽകാൻ കഴിഞ്ഞത് ഈ ഗവൺമെന്റിന്റെ വമ്പിച്ച നേട്ടമായി കാണുകയാണ്. 'ജിം'-ലൂടെ വിദേശീയരും സ്വദേശീയരുമായ നിരവധി ആളുകൾ നമ്മുടെ സംസ്ഥാനത്ത് മൂലധന നിക്ഷേപകരായി വരികയും വൻകിട വ്യവസായങ്ങൾക്ക് ആരംഭം കുറിക്കുകയും ചെയ്തത് കേരളത്തിന്റെ ചരിത്രത്തിൽതന്നെ ഏറ്റവും വലിയ നേട്ടമാണ്. ജിം-ലൂടെ നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന് ലോകശ്രദ്ധ പിടിച്ചുപറ്റാൻ കഴിഞ്ഞു. അതിന് നേതൃത്വം കൊടുത്ത വ്യവസായ വകുപ്പുമന്ത്രിയേയും ഈ ഗവൺമെന്റിനേയും അഭിനന്ദിക്കുകയാണ്. അതോടൊപ്പം തൊഴിൽ മേഖലയിലുണ്ടായ സമാധാനാന്തരീക്ഷം എടുത്തു പറയേണ്ടതാണ്. പലരും ഇവിടെ മുതൽ മുടക്കാൻ മടിച്ചിരുന്നു. ഇന്ന് തൊഴിൽ മേഖലയിൽ വളരെയേറെ സമാധാനം നിലനിൽക്കുന്നു. അതിന് തൊഴിലാളികൾക്ക് നേതൃത്വം കൊടുക്കുന്ന ട്രേഡ് യൂണിയൻ നേതാക്കളെയും തീർച്ചയായും അഭിനന്ദിക്കേണ്ടതുണ്ട്. പൊതുവായ ഒരു കാഴ്ചപ്പാടോടുകൂടി നല്ല ഒരു നാളേയ്ക്കുവേണ്ടി എല്ലാ വിഭാഗം ജനങ്ങളും പ്രത്യേകിച്ച് ഏറ്റവുമധികം സേവനം ചെയ്യുന്ന തൊഴിലാളികളും നമ്മുടെ സംസ്ഥാനത്തിന്റെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കണമെന്ന് മാത്രമാണ് ഈ സന്ദർഭത്തിൽ പറയാൻ ആഗ്രഹിക്കുന്നത്. പൊതുമരാമത്ത് വകുപ്പിലൂടെ റോഡ്, ബ്രിഡ്ജസ്, ബിൽഡിംഗ്സ് എന്നിവയുടെ പ്രവർത്തനം ഏറ്റവും വലിയ മാതൃകാപരമായി നമ്മുടെ സംസ്ഥാനത്ത് നടന്നുവരുകയാണ്. ഇതിന് നേതൃത്വം കൊടുക്കുന്ന ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ നമ്മുടെ സംസ്ഥാനത്തെ റോഡുകളുടെ സ്ഥിതി എന്തായിരുന്നു? കുണ്ടുംകുഴിയുമായി യാത്ര ചെയ്യാൻ സാധിക്കാത്ത അവസ്ഥയായിരുന്നു. ഇന്ന് ഏറ്റവും നല്ല റോഡുകളാണ് നമ്മുടെ സംസ്ഥാനത്ത് ഉള്ളത്. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നപ്പോൾ കരാറുകാരുടെ കുടിശ്ശികയിനത്തിൽ വന്പിച്ച കടബാധ്യത ഏറ്റെടുക്കേണ്ടിവന്നു. ഈ ഗവൺമെന്റ് ഘട്ടംഘട്ടമായി കരാറുകാരുടെ കുടിശ്ശിക കൊടുത്തുതീർക്കുക മാത്രമല്ല കരാറു പണി വളരെ ലാഭകരമാക്കിയിരിക്കുകയാണ്. ഈ കുടിശ്ശിക കുറെയേറെ തീർത്തതുകൊണ്ട് ചെറിയ റേറ്റിന് കരാർ പണി ഏറ്റെടുക്കാൻ കോൺട്രാക്ടർമാർ തയ്യാറായിട്ടുണ്ട്. ഗവൺമെന്റിന് സാമ്പത്തിക രംഗത്ത് വന്പിച്ച നഷ്ടം ഒഴിവാക്കാൻ കഴിഞ്ഞത് ഈ കുടിശ്ശിക കുറെയെങ്കിലും തീർത്തതുകൊണ്ടാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്, എത്രയുംവേഗത്തിൽ കരാറുകാരുടെ കുടിശ്ശികകൾ തീർത്താൽ കുറേയേറെ വികസന പദ്ധതികൾ വളരെ ലാഭകരമായി ഏറ്റെടുക്കാൻ കഴിയും അതിന് ആവശ്യമായ നടപടി സ്വീകരിക്കണം എന്നാണ്.

സംസ്ഥാനത്തെ ക്രമസമാധാനനില വളരെ മെച്ചപ്പെട്ടിട്ടുണ്ട്. രാഷ്ട്രീയ ഇടപെടലുകൾ ഇല്ലാതെയാണ് ക്രമസമാധാനം ഇത്രയേറെ മെച്ചപ്പെടുത്താൻ കഴിഞ്ഞത്. യാതൊരുവിധത്തിലുള്ള ഇടപെടലുകളും പാർട്ടി ഓഫീസുകളിൽ നിന്നും ഉണ്ടാകുന്നില്ല. പോലീസുകാർക്ക് നിഷ്പക്ഷമായി അവരുടെ ചുമതലകൾ നിർവ്വഹിക്കുവാൻ കഴിയുമെന്ന വിശ്വാസം എല്ലാവർക്കും ഉണ്ടായിട്ടുണ്ട്. അത് ഏറ്റവും നല്ല കാര്യമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ വന്പിച്ച നേട്ടം കൈവരിച്ചു. കുടുംബശ്രീ പ്രവർത്തനം മാതൃകാപരമായി മാറ്റിയെടുത്തുകൊണ്ട് സംസ്ഥാനത്തെ മുഴുവൻ

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തുകളിലും കുടുംബശ്രീ പദ്ധതി ആവിഷ്ക്കരിക്കാൻ കഴിഞ്ഞു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം വളരെയേറെ മെച്ചപ്പെടുത്താൻ കഴിഞ്ഞു. ഇതിന് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയെ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. വിനോദസഞ്ചാര രംഗത്ത് വമ്പിച്ച നേട്ടം കൈവരിക്കാൻ കഴിഞ്ഞു. ഒന്നുരണ്ട് കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. രണ്ടുവർഷം പിന്നിട്ട് ഈ ഗവൺമെന്റ് ഇത്രയേറെ നേട്ടങ്ങൾ കൈവരിച്ച് സാമ്പത്തിക പ്രതിസന്ധി തരണംചെയ്തു. ഇനി സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിക്ക് അനിവാര്യമായ കാര്യങ്ങൾ മലയോര വികസന അതോറിറ്റി രൂപീകരിക്കുക. തീരദേശ വികസന അതോറിറ്റി രൂപീകരിക്കുക. വളരെക്കാലത്തെ ആഗ്രഹമായ കണ്ണൂർ വിമാനത്താവളത്തിന് സ്ഥലമെടുപ്പ് എത്രയുംവേഗം യാഥാർത്ഥ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക. വില്ലേജ് മുതൽ സെക്രട്ടേറിയറ്റ് വരെ ഭരണ രംഗത്ത് അടിമുടി മാറ്റം വരുത്തുക മുതലായവയാണ്. പണ്ട് ബ്രിട്ടീഷുകാരുടെ കാലത്ത് നിയമങ്ങളാണ് ഇന്ന് അഡ്മിനിസ്ട്രേഷൻ സ്വീകരിച്ചിട്ടുള്ളത്. അത് മാറ്റിയെടുത്തുകൊണ്ട് വളരെ ലളിതമാക്കണം. നിസാരമായ ഒരു ഫയൽപോലും വിവിധ ഘട്ടങ്ങളിലൂടെ കടന്നുപോകുന്നതുകൊണ്ട് ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ, അഴിമതി ഇല്ലാതാക്കാൻ ഇന്നത്തെ ഭരണ വ്യവസ്ഥയാകെ പൊളിച്ചെഴുതിക്കൊണ്ട് ഒരു പുതിയ അഡ്മിനിസ്ട്രേഷൻ നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കി ഇൻഡ്യയ്ക്ക് മാതൃകയാകാൻ ആവശ്യമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങളിൽ ചിലതൊക്കെ ജില്ലാ തലത്തിലേയ്ക്കും താഴേത്തട്ടിലേയ്ക്കും നൽകി. ഭരണസംവിധാനത്തെ മാറ്റി എടുക്കുന്നതിനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കണം. കാസർകോടുപോലുള്ള ജില്ലകളുടെ പിന്നോക്കാവസ്ഥ മാറ്റി എടുക്കണം വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്ന കാര്യത്തിലും വ്യവസായങ്ങൾ ആരംഭിക്കുന്ന കാര്യത്തിലും പിന്നോക്ക ജില്ലകൾക്ക് പരിഗണന നൽകണം. കാർഷിക കടങ്ങൾ പിരിച്ചെടുക്കുന്നത് രണ്ടുവർഷത്തേയ്ക്ക് നിർത്തിവയ്ക്കണം. മുസ്ലീം-നാടാർ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ് വർഷങ്ങളായി കുടിശ്ശികയാണ്. അത് കൊടുക്കാൻ എത്രയുംവേഗത്തിൽ നടപടി സ്വീകരിക്കണം. വർഷങ്ങളായി കാസർകോട് ജില്ലയിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുകയാണ്. അതിന് പരിഹാരം കാണാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. കാസർകോട് ജില്ലയിലെ വിവിധ ആവശ്യങ്ങൾ എത്രയുംവേഗത്തിൽ നടപ്പാക്കുവാൻ നടപടി സ്വീകരിക്കണം.

ബഹുമാനപ്പെട്ട പി. എസ്. സുപാൽ ചില കാര്യങ്ങളെ സംബന്ധിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. ഞാൻ പ്രതിനിധാനം ചെയ്യുന്ന മുസ്ലീം ലീഗിനെ സംബന്ധിച്ചിടത്തോളം, ഇൻഡ്യയ്ക്ക് മാതൃകയായ സംസ്ഥാനമാണ് കേരളം. നമ്മുടെ സംസ്ഥാനത്ത് സാമുദായിക സൗഹാർദ്ദം ശക്തിപ്പെടുത്തുന്നതിന് എല്ലാ ഭാഗത്തു നിന്നുമുള്ള സഹകരണം ഉണ്ടാകണം. നിസ്സാരമായ രണ്ട് വോട്ടിനു വേണ്ടി സമൂഹത്തെ തമ്മിലടിപ്പിക്കുന്ന പരിപാടി ഒരിക്കലും നല്ലതല്ല. പരസ്പര സൗഹാർദ്ദവും സ്നേഹവും കെട്ടിപ്പടുക്കാനുള്ള പരിശ്രമമാണ് നടത്തേണ്ടത്. പ്രശ്നങ്ങൾ കൂട്ടായി ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തണം. കേരളത്തിൽ സമാധാനം നിലനിർത്താൻ ഞാൻ പ്രതിനിധാനം ചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗ് വലിയ പങ്ക് വഹിച്ചിട്ടുണ്ട്. എല്ലാ വിഭാഗം ജനങ്ങളും അതിന് അംഗീകാരം നൽകിയിട്ടുണ്ട്. ഞങ്ങളുടെ അനിഷേധ്യനായ നേതാവ് ശ്രീ. സെയ്ത് മുഹമ്മദലി ശിഹാബ് തങ്ങളുടെ ശ്ലാഘനീയമായ പ്രവർത്തനം കേരളത്തിന്റെ സാമുദായിക സൗഹാർദ്ദം കെട്ടിപ്പടുക്കാൻ സഹായകമായിട്ടുണ്ട്. അത് നിലനിർത്താൻ എല്ലാവരുടേയും സഹകരണം ഉണ്ടാകണം. കേരളത്തിൽ സാമുദായിക സൗഹാർദ്ദം കെട്ടിപ്പടുക്കാൻ എല്ലാവരും സഹകരിച്ച് പ്രവർത്തിക്കണം. അല്ലാതെ അതിന് ഭംഗം ഉണ്ടാക്കുന്ന ഒരു പ്രവർത്തനവും ഒരു ഭാഗത്തു നിന്നും ഉണ്ടാകാൻ പാടില്ല എന്നു മാത്രം പറഞ്ഞുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു.

ശ്രീ. പി. ടി. തോമസ് : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിൻതാങ്ങുകയാണ്. 493.56 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകളാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. റവന്യൂ അക്കൗണ്ടിൽ 336.18 കോടി രൂപയും ക്യാപ്പിറ്റൽ അക്കൗണ്ടിൽ 65.61 കോടി രൂപയും ലോൺ അഡ്വാൻസിനുവേണ്ടി 91.77 കോടി രൂപയുമടക്കം 493.56 കോടി രൂപ ഏറ്റവും അനിവാര്യമായ ചെലവുകൾക്ക് വേണ്ടിയാണ് ഇവിടെ ഉപധനാഭ്യർത്ഥനകൾ അവതരിപ്പിച്ചിട്ടുള്ളത്. ഇതിൽ പ്രധാനമായും സ്പോർട്സിന്റെ വികസനത്തിനും കുടുംബശ്രീക്കും റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജിക്കും, ഫയർ ഫോഴ്സിന്റെ നവീകരണം, എക്കോ ഫ്രണ്ട്ലിയായി ഹാൻഡ്ലൂം പ്രോഡക്ട്സ് ഉണ്ടാക്കുക, മെഡിക്കൽ പ്ലാന്റുകളുടെ വികസനം, ലൈവ് സ്റ്റോക്കിന്റേയും മറൈൻ പ്രോഡക്ട്സിന്റേയുമൊക്കെ നിലവാരം പരിശോധിക്കാനുള്ള ലബോറട്ടറികൾ സ്ഥാപിക്കൽ തുടങ്ങിയ സൃഷ്ടിപരമായ കാര്യങ്ങൾക്കുംവേണ്ടി പണം മാറ്റിവച്ചിരിക്കുന്നതിനെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. 1957-ലെ നമ്മുടെ പ്രഥമ ബഡ്ജറ്റ് എന്നു പറയുന്നത് 31.50 കോടി രൂപയുടേയായിരുന്നു. 31.50 കോടി രൂപയുടെ പ്രഥമ ബഡ്ജറ്റ് അവതരിപ്പിച്ച ഐക്യകേരളത്തിൽ 11692.91 കോടി രൂപ വരവും 14,731 കോടി രൂപ ചെലവുമുള്ള ഒരു ബഡ്ജറ്റാണ് കഴിഞ്ഞ പ്രാവശ്യം അവതരിപ്പിച്ചത്. ഈ പണം പണ്ട് ഇടതുമുന്നണി ഗവൺമെന്റിന്റെ കാലത്ത് ചെലവഴിച്ചതിനേക്കാൾ സൃഷ്ടിപരമായി ചെലവഴിക്കുന്നു എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ പ്രത്യേകതയായി ഞാൻ ചൂണ്ടിക്കാണിക്കുന്നത്. നമ്മുടെ ബഡ്ജറ്റിംഗിൽ ചില പോരായ്മകളുണ്ട്. അത് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. 567 കോടി രൂപ 2002-03 സാമ്പത്തിക വർഷം ചെലവഴിച്ചതിൽ ഏകദേശം 360.86 കോടി രൂപ ചെലവഴിച്ചത് അവസാന ക്വാർട്ടറിൽ ആണ്. അതിൽ ഏകദേശം 296.52 കോടി രൂപ ചെലവഴിച്ചത് അവസാന മാസത്തിലുമാണ്. നമ്മുടെ ബഡ്ജറ്റിംഗിന്റെ വലിയൊരു തകരാറായി ഞാൻ ഇതിനെ കാണുകയാണ്. അതു മാറ്റിയെടുക്കാനുള്ള ബോധപൂർവ്വമായ ശ്രമം ഉണ്ടായെങ്കിൽ മാത്രമേ നമ്മുടെ ധനകാര്യ മാനേജ്മെന്റ് നന്നായി മുന്നോട്ട് കൊണ്ടുപോകാൻ കഴിയൂ. അതിനുവേണ്ടിയുള്ള ശ്രമം മാറിമാറി വന്ന ഗവൺമെന്റുകളുടെ ഭാഗത്ത് നിന്നുണ്ടാകുന്നില്ല എന്നുള്ളത് ഖേദകരമാണ്. ചെക്ക് ഇഷ്യൂ ചെയ്യുകയും ഇഷ്യൂ ചെയ്യുന്നത് ഓണർ ചെയ്യണ്ട എന്ന് നിർദ്ദേശം കൊടുക്കുകയും ചെയ്യുന്ന തെറ്റായ പ്രവണതകൾ വർഷങ്ങളായി നമ്മുടെ ധനകാര്യ മേഖലയിൽ നിലനിൽക്കുകയാണ്. അത് മറ്റു മേഖലയിൽ

LIBRARY ARCHIVES Kerala Legislative Assembly

വല്ലതുമാണെങ്കിൽ ക്രിമിനൽ കുറ്റമാണ്. അത് മാറ്റിയെടുക്കാൻ നമുക്ക് കഴിയണം. സി. ആന്റ് എ.ജി. നടത്തിയ ഒരു പഠനത്തിൽ 14 ഇറിഗേഷൻ പ്രോജക്ടുകൾ 14 മുതൽ 40 വർഷം വരെ പൂർത്തിയാക്കാൻ വേണ്ടി എടുത്തിരിക്കുന്നു എന്നു ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതോടൊപ്പം 3% മുതൽ 60% വരെ അതിന്റെ ചെലവ് വർദ്ധിച്ചതായി ചൂണ്ടിക്കാണിച്ചിട്ടുമുണ്ട്. അങ്ങനെയുള്ള പ്രവണതകൾ ഒഴിവാക്കാൻ ബാധപൂർവ്വമായ ശ്രമം നമ്മുടെ ബഡ്ജറ്റിംഗിൽ ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിലെ ശ്രീ. കെ.പി. കണ്ണനും ശ്രീ. വിജയമോഹനനും നടത്തിയ ഒരു പഠനത്തിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിസിറ്റി ബോർഡിന്റെ 20 പ്രോജക്ടുകൾ 62.5% മുതൽ 500% വരെ കാലാവധിയിൽ ദൈർഘ്യം ഉണ്ടാകുകയും 52.7% മുതൽ 777% വരെ ചെലവിൽ വർദ്ധനവുണ്ടാകുകയും ചെയ്തിട്ടുണ്ട് എന്നാണ് കണ്ടെത്തിയിരിക്കുന്നത്. ഈ പദ്ധതി കൃത്യസമയത്ത് നടന്നിരുന്നുവെങ്കിൽ ഏകദേശം 886 കോടി രൂപ ഇലക്ട്രസിറ്റി ബോർഡിന് ലാഭിക്കാൻ കഴിയുമായിരുന്നു എന്നും കണ്ടെത്തിയിട്ടുണ്ട്. മറ്റൊരു പ്രധാനപ്പെട്ട കാര്യം. ടോക്കൺ പ്രൊവിഷൻ ആവശ്യത്തിന് ഇല്ലാതിരിക്കുകയും പിന്നീട് പണം ചെലവഴിക്കുകയും ചെയ്യുന്ന സിസ്റ്റത്തിന് മാറ്റമുണ്ടാകണം. 527 വർക്കുകളിൽ, ഏകദേശം 498.56 കോടി രൂപ വരുന്ന 527 വർക്കുകളിൽ ഏകദേശം 45 കോടി രൂപ മാത്രമാണ് ടോക്കൺ പ്രൊവിഷൻ ഉണ്ടായിരുന്നത്. ഇങ്ങനെയുള്ള ബഡ്ജറ്റിംഗ് നമ്മുടെ സിസ്റ്റത്തെ ആകെ തകർക്കും. അത് ഒഴിവാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മറ്റൊന്ന്, കേരളത്തിൽ 20 ഓഫീസുകളിൽ സി. & എ.ജി. നടത്തിയ പഠനത്തിൽ ഏകദേശം 182 കോടി രൂപയിലധികം ഡിപ്പാർട്ടുമെന്റുകൾ ചെലവഴിക്കുന്നതിനു വേണ്ടി ട്രഷറിയിൽ നിന്ന് മാറി സൂക്ഷിച്ചുവെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതുകൊണ്ടുണ്ടാകുന്ന ഒരു വലിയ കരാർ പണം സൂക്ഷിക്കുന്നതു ക്രമവിരുദ്ധമാണെന്നു മാത്രമല്ല, ഉയർന്ന പലിശനിരക്കിന് ഗവൺമെന്റ് പല വേദികളിൽ നിന്നും പണം വാങ്ങിക്കുകയും ഈ പണം ഇങ്ങനെ സൂക്ഷിക്കപ്പെടുകയും ചെയ്യുന്നത് ജനാവിന് വലിയൊരു നഷ്ടമാണുണ്ടാക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എൻ.സി.ഡി.സി.-യിൽ നിന്ന് കണ്ണൂർ ജില്ലാ സഹകരണ ബാങ്കിന് കിട്ടിയ വലിയൊരു ലോൺ. പദ്ധതിക്കായി ഇയർമാർക്ക് ചെയ്തുകൊടുത്ത തുകപോലും ഗവൺമെന്റ് മാറ്റി ചെലവഴിച്ചു എന്നുള്ളത് ഗുരുതരമായ കാര്യമാണ്. അങ്ങനെയുള്ള നടപടികൾ ഒഴിവാക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ഈ ഗവൺമെന്റിനെപ്പറ്റി കമ്മി വർദ്ധിപ്പിച്ചിരിക്കുന്നു എന്ന് ആക്ഷേപം പറയുന്നുണ്ട്. ഫലപ്രദമായ വികസന പദ്ധതികൾക്കും പദ്ധതി പ്രവർത്തനങ്ങൾക്കും പണം ചെലവഴിച്ചാൽ കമ്മി വർദ്ധിക്കുന്നുവെങ്കിൽ തീർച്ചയായും സെയിൽസ് ടാക്സ് വരുമാനമായി നാളെ അത് കേരളത്തിന്റെ സമ്പദ്ഘടനയെ ശക്തിപ്പെടുത്താൻ ഉപകരിക്കുമെന്ന മറ്റൊരു സാമ്പത്തികവശം കൂടി അതിൽ ഉണ്ടെന്ന വസ്തുത പലപ്പോഴും ആളുകൾ കാണുന്നില്ല. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ അടിയന്തരമായി കൊടുത്തുതീർക്കാൻ 3,000 കോടിയോളം രൂപ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിരുന്നു എന്നത് ഇന്നത്തെ കമ്മി വർദ്ധനവുമായി കൂട്ടി വായിക്കണമെന്നാണ് എന്റെ അഭിപ്രായം. 11,692.91 കോടി രൂപ റവന്യൂ ചെലവിൽ, 4439 കോടി രൂപ സാലറിക്കു വേണ്ടിയും 1930 കോടി രൂപ പെൻഷനു വേണ്ടിയും 2273 കോടി രൂപ പലിശയ്ക്കും ചെലവഴിക്കുന്നു എന്നുള്ളതാണ്. 1995-96-ൽ 4,91,754 ജീവനക്കാർ ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്നു 5,23,784 ആയി ഉയർന്നിരിക്കുകയാണ്. ശമ്പളച്ചെലവ് ഉയരുന്നത് അതിനേക്കാളും ഉയർന്നതിനെക്കിലാണ്. 2230 കോടി രൂപ ശമ്പളം കൊടുത്തിരുന്ന സ്ഥാനത്ത് 4459 കോടി രൂപ ശമ്പളം കൊടുക്കേണ്ടി വന്നു. ഏകദേശം 2,80,000 പെൻഷൻ പറ്റുന്ന ജീവനക്കാർ നമ്മുടെ സംസ്ഥാനത്തുണ്ട്. ഒരു വർഷം 15,000-ത്തോളം ആളുകൾ വീതം ആ പട്ടികയിൽ പുതിയതായി കടന്നുവന്നുകൊണ്ടിരിക്കുകയാണ്. ഇതിൽ 1995-96-ൽ 779.53 കോടി രൂപയായിരുന്നു മുടക്കിയിരുന്നതെങ്കിൽ ഇന്ന് 1749 കോടി രൂപയായി വർദ്ധിച്ചിരിക്കുകയാണ്. ഇങ്ങനെയുള്ള ബാധ്യതകളാണ് നമ്മുടെ ബജറ്റിനെ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇങ്ങനെയുള്ള ബാധ്യതകൾ പരിഹരിക്കുന്നതിന് ശക്തമായ ധനകാര്യ മാനേജ്മെന്റോടുകൂടി സംസ്ഥാന ധനകാര്യ വകുപ്പിനെ മുന്നോട്ടുകൊണ്ടുപോകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നമ്മുടെ സംസ്ഥാനത്ത് ഏകദേശം 1477 ഓഫീസർമാർ, 21,000 മുതൽ 45,000 രൂപ വരെ മാസശമ്പളം പറ്റുന്നവരാണ്. വളരെ ഗൗരവമുള്ള ഒരു കാര്യമാണ്. ഇതിൽ കുറെ പോസ്റ്റുകൾ നമുക്ക് വെട്ടിക്കുറയ്ക്കാൻ കഴിയുകയില്ലേ ? 1477 ഉദ്യോഗസ്ഥന്മാർ 21,000 മുതൽ 45,000 രൂപ വരെ ശമ്പളം പറ്റുന്നു എന്നു പറഞ്ഞാൽ ഇത്രയും വലിയ ഭാരം നമുക്കു താങ്ങാൻ കഴിയുന്നതാണോ ? ഡി.ജി.പി.മാരുടേയും ചീഫ് എഞ്ചിനീയർമാരുടേയും അതുപോലുള്ള ഉദ്യോഗസ്ഥന്മാരുടേയുമൊക്കെ പോസ്റ്റുകൾ കുറച്ചുകുറച്ചു കൊണ്ടുവരാനുള്ള ഒരു പരിശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായെങ്കിലും ഈ രംഗത്ത് കൂടുതൽ ഫലപ്രദമായ പ്രവർത്തനം നടത്തി നമ്മുടെ ധനകാര്യ മാനേജ്മെന്റിനെ ശക്തമായി മുന്നോട്ടുകൊണ്ടുപോകണമെന്നുള്ള നിർദ്ദേശമാണ് എനിക്കിവിടെ മുന്നോട്ടുവയ്ക്കാനുള്ളത്.

11 A. M.]

ശ്രീ. പി. ജയരാജൻ : സർ, ബഹുമാനപ്പെട്ട പി.ടി. തോമസ് കാര്യങ്ങൾ നല്ലവണ്ണം പഠിച്ച് അവതരിപ്പിക്കുന്ന ആളാണ്. അങ്ങ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് വായിച്ചിട്ടുണ്ടാകുമെന്നാണ് തോന്നുന്നത്. അതിൽ ഒരു ഭാഗം ഇങ്ങനെയാണ് പറയുന്നത്. Increase in the political power enjoyed by some backward classes, even if assumed to be a correct perception, cannot be the basis to negate the need for a helping hand in ensuring adequate representation for these communities in Public Services. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇങ്ങനെയൊരു കമ്മീഷൻ റിപ്പോർട്ടുണ്ടായിട്ടും ന്യൂനപക്ഷങ്ങളുടെ സമ്മർദ്ദങ്ങളെക്കുറിച്ച് പറഞ്ഞുകൊണ്ട് ന്യൂനപക്ഷങ്ങൾക്ക് ന്യായമായി കിട്ടേണ്ട

LIBRARY ARCHIVES Kerala Legislative Assembly

പ്രാതിനിധ്യം സർക്കാർ സർവ്വീസിൽ കൊടുക്കാതിരിക്കുന്നത് ഭൂരിപക്ഷ വർഗ്ഗീയതയെ പ്രീണിപ്പിക്കുന്നതിനുവേണ്ടിയാണോ ?

ശ്രീ. പി.ടി. തോമസ് : സർ, ബഹുമാനപ്പെട്ട മെമ്പർക്ക് അറിവുള്ള കാര്യമാണ്, ഇത്തരത്തിലുള്ള ആനുകൂല്യങ്ങൾ തടയാനുള്ള ആദ്യത്തെ ശ്രമമുണ്ടായത് അന്തരിച്ചുപോയ മുൻ മുഖ്യമന്ത്രി ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ 1957-ലെ ഗവൺമെന്റിന്റെ കാലത്തുള്ള ഭരണപരിഷ്ക്കാര കമ്മിറ്റി റിപ്പോർട്ടിലാണ്. അതുകൊണ്ട് ഞാൻ ആ വസ്തുതയിലേയ്ക്ക് കടക്കുന്നില്ല. ഞാൻ പ്രധാനമായും ധനകാര്യ വശങ്ങളെപ്പറ്റി ചൂണ്ടിക്കാണിക്കുകയാണ്.

ഞാനിവിടെ ചൂണ്ടിക്കാണിക്കാനാഗ്രഹിച്ചത് അപ്പുറത്തുള്ള പല മെമ്പർമാരും ചില ആരോപണങ്ങൾ ഇവിടെ ഉന്നയിക്കുകയുണ്ടായി., പ്രത്യേകിച്ചും മാറാട് അടക്കമുള്ള കാര്യങ്ങളെ സംബന്ധിച്ച് വളരെ പ്രധാനമായി കേരള സമൂഹം നോക്കിക്കാണേണ്ട ഒരു വസ്തുത മാറാട് സംഭവവുമായി ബന്ധപ്പെട്ട് നമ്മുടെ സമൂഹത്തിലുണ്ട്. അതെന്താണെന്ന് ചോദിച്ചാൽ മാർക്സിസ്റ്റുപാർട്ടിക്ക് മൃഗീയ ഭൂരിപക്ഷമുള്ള ഒരു നിയോജകമണ്ഡലമാണ് ബേപ്പൂർ. പണ്ട് ശ്രീ. എൻ.ചി. മൊയ്തീൻ അവിടെനിന്നും വിജയിച്ചതിനുശേഷം കാര്യമായി ഈ അടുത്ത കാലത്തൊന്നും യു.ഡി.എഫ്.-ന്റെ സ്ഥാനാർത്ഥികൾ ബേപ്പൂരിൽ നിന്നും വിജയിച്ചിട്ടില്ല. മാർക്സിസ്റ്റുപാർട്ടിക്ക് നിർണ്ണായക സ്വാധീനമുള്ള ബേപ്പൂരിലും പ്രത്യേകിച്ചും മാറാടിലും എന്തുകൊണ്ടാണ് ഈ കലാപം, എന്തുകൊണ്ടാണ് മാറാട് ഒന്നും രണ്ടും ആവർത്തിക്കാനുള്ള കാരണം? മാർക്സിസ്റ്റുപാർട്ടി മതേതരത്വ പാർട്ടിയാണെന്ന് അഭിമാനിക്കുന്നു വെങ്കിൽ ഈ മാറാട് രണ്ടിൽ പ്രതികളായിരിക്കുന്നതിൽ മഹാഭൂരിപക്ഷവും മാർക്സിസ്റ്റുപാർട്ടിയുടെ ആളുകളല്ലേ ? മാർക്സിസ്റ്റുപാർട്ടി മതേതരത്വത്തെപ്പറ്റി പ്രസംഗിക്കുകയും ജാതിയില്ല, മതമില്ലെന്നൊക്കെ പഠിപ്പിക്കുന്ന പാർട്ടിയുമാണല്ലോ ? നാദാപുരം സംഭവമുണ്ടായപ്പോഴും ഒന്നും രണ്ടും മാറാട് കലാപം ഉണ്ടായപ്പോഴുമൊക്കെ തെളിഞ്ഞുവന്നിരിക്കുന്ന ഒരു പ്രധാനപ്പെട്ട കാര്യം മാർക്സിസ്റ്റു പാർട്ടിക്കും കമ്മ്യൂണിസ്റ്റ് പാർട്ടികൾക്കും മൃഗീയ ഭൂരിപക്ഷമുള്ള പ്രദേശങ്ങളിൽ ആ സംഭവങ്ങളുണ്ടാകുന്നു എന്നുള്ളതാണ് ഇതു ഗൗരവമായി വിലയിരുത്തപ്പെടേണ്ടതല്ലേ ? കമ്മ്യൂണിസ്റ്റു പാർട്ടിയുടെ പ്രവർത്തനങ്ങളുടെ വൈകല്യങ്ങളെ അല്ലേ ഇത് സൂചിപ്പിക്കുന്നത് ?

ശ്രീ. കെ.സി. വേണുഗോപാൽ : സർ, അദ്ദേഹം വളരെ ശ്രദ്ധേയമായ ഒരു കാര്യമാണ് ഇവിടെ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. അങ്ങു പറഞ്ഞത് ശരിയാണ്, മാറാട് മാർക്സിസ്റ്റുപാർട്ടിക്ക് എറ്റവും ഭൂരിപക്ഷമുള്ള ഒരു പ്രദേശമാണ്. അതിന്റെ ഏറ്റവുംവലിയ തെളിവ് ഇവിടെ മാർക്സിസ്റ്റ് പാർട്ടിക്കാരായ ആളുകൾക്ക് വേണ്ടി പ്രത്യേകമായിട്ട് ഒരു ക്യാമ്പ് സി.പി.എം.തന്നെ അവിടെ ഉണ്ടാക്കിയിരിക്കുകയാണ് എന്നതാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. ടി. തോമസ് : സർ, ബഹുമാനപ്പെട്ട ആലപ്പുഴ മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത് ശരിയാണ്. കേരളത്തിലെ കമ്മ്യൂണിസ്റ്റു പാർട്ടിക്ക് പണ്ടൊരു

LIBRARY ARCHIVES Kerala Legislative Assembly

മുദ്രാവാക്യമുണ്ടായിരുന്നു. എന്തായിരുന്നു അത്? "ചെങ്കോട്ടയിലും ചെങ്കൊടി പാറിക്കും" എന്നുള്ള ആ മുദ്രാവാക്യം കേട്ടപ്പോൾ എത്ര ആവേശത്തോടുകൂടിയാണ് ആ കാലഘട്ടത്തിലെ ചെറുപ്പക്കാർ കണ്ടിരുന്നത്? ചെങ്കോട്ടയിൽ പോയിട്ട് ഉത്തരേന്ത്യയിലെ ഒരു പച്ചമരത്തിന്റെ കൊമ്പിൽപ്പോലും ശാശ്വതമായി ചെങ്കൊടി പാറിക്കാൻ കഴിഞ്ഞിട്ടില്ല എന്നുമാത്രമല്ല, അവരുടെ നിലപാടുതറകളായിരുന്ന കേരളത്തിന്റെ മണ്ണിൽപ്പോലും കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ശാശ്വതമായി ചെങ്കൊടി പാറിക്കാൻ കഴിഞ്ഞില്ല. അതിന്റെ പരിണിതഫലമാണ് മാറാട്ടുകളായി ആവർത്തിക്കപ്പെടുന്നതെന്നുള്ള വസ്തുത ഗൗരവമായി നാം കാണേണ്ടതുണ്ട് എന്നുള്ളതാണ് എന്റെ അഭിപ്രായം.

ശ്രീ. കെ.വി. കുഞ്ഞിരാമൻ : സർ, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചെങ്കൊടി ഉത്തരേന്ത്യയിൽ ഇതിനുമുമ്പും പാറിയതു കുറവാണ്. പാറിക്കൊണ്ടിരുന്ന കോൺഗ്രസ്സിന്റെ കൊടി ഇപ്പോൾ കാണാനുമില്ല. മാറാട് സംഭവം നടന്ന ബേപ്പൂർ നിയോജകമണ്ഡലത്തിൽ കോൺഗ്രസ്സിന്റെയും ബി.ജെ.പിയുടേയും സംയുക്ത സ്ഥാനാർത്ഥിയായി വി..കെ. മാധവൻകുട്ടി മൽസരിച്ചത് മറന്നുപോയോ? കമ്മ്യൂണിസ്റ്റു പാർട്ടിയെ ആക്ഷേപിക്കുന്നതിനുപകരം.....

ശ്രീ. പി.ടി. തോമസ്: സർ, ബഹുമാനപ്പെട്ട കെ.വി. കുഞ്ഞിരാമൻ പറഞ്ഞ കാര്യം മാത്രമല്ല, ഞാൻ ഇതിനുമുമ്പ് നിയമസഭയിൽ ചൂണ്ടിക്കാണിച്ചതുപോലെ കൽക്കട്ടയിലെ പീരങ്കി മൈതാനത്ത് സഖാവ് ഇ.എം.എസ്.-ഉം, സഖാവ് ജ്യോതി ബാസുവും, ശ്രീ. വി.പി. സിങ്ങും, അതുപോലെതന്നെ ശ്രീ.എൽ.കെ. അദ്വാനിയും ശ്രീ.വാജ്പേയിയുമൊക്കെ കൈകോർത്തുപിടിച്ചുകൊണ്ടുള്ള ഒരു നില്പുണ്ടല്ലോ, അത് ഓർക്കുന്നില്ലേ, അത് മറന്നുപോയോ ? ഇന്ന് നിങ്ങൾക്ക് ബി.ജെ.പി. വിരോധം, നിങ്ങൾ അടിയന്തരാവസ്ഥ കാലത്ത് ജയിലിൽ കിടന്നവരാണെന്നു പറഞ്ഞ് സഖ്യം ഉണ്ടാക്കി കേരളത്തിൽ വന്നില്ലേ ? കഴിഞ്ഞ ഒന്നു രണ്ടുമാസം മുമ്പ് എന്റെ നിയോജകമണ്ഡലത്തിൽ, തൊടുപുഴയിൽ ബി.ജെ.പി.യുടെ പിന്തുണയോടുകൂടി ജോസഫ് ഗ്രൂപ്പുകാരനെ മുനിസിപ്പൽ വൈസ് ചെയർമാനെ സി.പി.എം. സഹയാത്രികനായി വോട്ടുചെയ്ത് വിജയിപ്പിച്ചവരല്ലേ നിങ്ങൾ ?

ശ്രീ. ബിനോയ് വിശ്വം : സർ, എന്റെ മാന്യ സ്നേഹിതൻ ശ്രീ. പി. ടി. തോമസ് ഇവിടെ ഒരു അഭയാർത്ഥി ക്യാമ്പിനെക്കുറിച്ചു പറഞ്ഞു. ആ അഭയാർത്ഥി ക്യാമ്പിൽ കണ്ണുനീരും കൈയുമായി നൂറുകണക്കിന് പ്രായമായ സ്ത്രീകളും കൊച്ചുകുട്ടികളുമെല്ലാം കഴിയുകയാണ്. ആ സ്ത്രീകളടക്കമുള്ള നൂറുകണക്കിന് ആളുകളുടെ പുനരധിവാസത്തിന്റെ കാര്യത്തിൽ ഈ ഗവൺമെന്റിന് ഒരു നയമുണ്ടോ ? കോൺഗ്രസ് പാർട്ടിക്ക് ഒരു നയമുണ്ടോ ? ആരുടെ ഭാഗത്താണ് ഈ കോൺഗ്രസ് എന്ന് അങ്ങ് വ്യക്തമാക്കാമോ ?

ശ്രീ. പി. ടി. തോമസ് : സർ, ബഹുമാനപ്പെട്ട നാദാപുരം മെമ്പർ ഓർമ്മിച്ചിരിക്കേണ്ട ഒരു വസ്തുത ഈ ഗവൺമെന്റിന് ശക്തമായ നയമുണ്ടെന്നുമാത്രമല്ല, ഈ ഗവൺമെന്റ് ഫലപ്രദമായ പ്രവർത്തനം ഇതിനകം തന്നെ കാഴ്ചവച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാജു എബ്രഹാം : സർ, മാറാട് കലാപം നടന്നത് 20-ാം വാർഡിലാണ്. ആ വാർഡിൽ വിജയിച്ചത് ലീഗിന്റെ സ്ഥാനാർത്ഥി ശ്രീ. മൊയ്തീൻ കോയയാണ്. അദ്ദേഹം ഇപ്പോൾ ഈ കലാപത്തിന്റെ പ്രതിയായിട്ട് ജയിലിലാണ്. അവിടെ ബി.ജെ.പി.യുടെ വോട്ടു വാങ്ങിയാണ് ശ്രീ. മൊയ്തീൻകോയ ജയിച്ചതെന്ന്, അവിടെ ബി.ജെ.പി. കോൺഗ്രസ് മുന്നണിയാണെന്ന് ഇപ്പോൾ ആർ.എസ്.എസ്.കാർ പരസ്യമായി പറഞ്ഞിരിക്കുകയാണ്. അതിനെപ്പറ്റിയുള്ള അങ്ങയുടെ അഭിപ്രായമെന്താണ് ?

ശ്രീ. പി. ടി. തോമസ് : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം പറയുമ്പോൾ തന്നെ ഒരു പ്രധാനപ്പെട്ട കാര്യം ആലോചിക്കണം. രണ്ടാം മാറാട് നടന്നതിനുശേഷം ജമാഅത്ത് ഇസ്ലാമിയുമായി ബന്ധമുള്ള സംഘടനകൾപോലും അവിടെ ചെന്നപ്പോൾ അവിടുത്തെ ജനങ്ങൾ അതുസമുദായമടക്കമുള്ളവർ തടഞ്ഞില്ല. പക്ഷേ തടഞ്ഞത് ഒരൊറ്റ പാർട്ടിയെയാണ്, അത് സി.പി.എം. നേതാക്കന്മാരെയാണ് ശ്രീ. പിണറായി വിജയനെയാണ്. കമ്മ്യൂണിസ്റ്റ് പാർട്ടി ബോധപൂർവ്വം ആക്രമകാരികൾക്ക് സംരക്ഷണം നൽകുന്നുവെന്ന് ആക്രമിക്കപ്പെട്ട ആളുകൾക്ക് വിശ്വാസമുള്ളതിന്റെ തെളിവല്ലേ ഈ സി. പി. എം. കാരെ തടഞ്ഞ നടപടി ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, ശ്രീ. വി.പി. സിംഗ് അടുത്തകാലത്ത് കുമ്പസരിക്കുകയുണ്ടായി. 1989-ലെ തങ്ങളുടെ മന്ത്രിസഭയാണ് ബി.ജെ.പി.-ക്ക് ഇന്ത്യയിൽ അധികാരത്തിന്റെ വാതിൽ തുറന്നുകൊടുത്തതെന്ന് കുമ്പസരിച്ചത് അങ്ങ് പത്രത്തിൽ വായിച്ചില്ലേ?

മി.. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർ..... please conclude.....അങ്ങേയ്ക്ക് 13 മിനിട്ടു തന്നു.....

ശ്രീ. പി. ടി. തോമസ് : സർ, ഇവിടെ കേരളത്തിന്റെയും ഇന്ത്യയുടേയും ചരിത്രം പരിശോധിക്കുന്ന മുഴുവൻ ആളുകൾക്കുമറിയാം, വർഗ്ഗീയ പ്രസ്ഥാനങ്ങൾക്ക് വളക്കൂറുള്ള മണ്ണുണ്ടാക്കിക്കൊടുക്കാൻ ഏറ്റവും കൂടുതൽ പാടുപെട്ടിട്ടുള്ളത് കമ്മ്യൂണിസ്റ്റു പാർട്ടിയാണ് എന്ന്. എങ്കിലും അവർ തിരിച്ചാണ് പറയാറുള്ളത്. പാകിസ്ഥാൻ രൂപീകരിക്കണമെന്ന് അവിടത്തെ ആളുകൾപോലും വിചാരിക്കാത്ത കാലഘട്ടത്തിൽ പ്രമേയം പാസ്സാക്കിക്കൊടുത്ത പാർട്ടിയാണ് പഴയ കമ്മ്യൂണിസ്റ്റ് പാർട്ടി.

ശ്രീ. മത്തായി ചാക്കോ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പടവും താഴെ ഓന്തിന്റെ പടവും കൊടുത്തിട്ട്, നിറംമാറുന്ന മുഖ്യമന്ത്രി എന്ന ഹെഡ്ലിംഗോടുകൂടി ഈ ആഴ്ച ഇറങ്ങിയ ചന്ദ്രിക ആഴ്ചപ്പതിപ്പ് അങ്ങ് വായിച്ചോ ?

ശ്രീ. പി. ടി. തോമസ് : സർ, ഓരോ പ്രസിദ്ധീകരണങ്ങൾക്കും എന്തും പബ്ലിഷ് ചെയ്യാം. പടം എന്ത് ഒട്ടിച്ചിരിക്കുന്നു എന്നുള്ളതല്ല. അതിനകത്തെ ലേഖനം അങ്ങ് വായിച്ചിട്ടുണ്ടോ? ആ ലേഖനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിരിക്കുന്ന പല കാര്യങ്ങളും അത് വസ്തുതകളാണെന്ന് അംഗീകരിക്കുമ്പോൾ തന്നെയുള്ള ചില അഭിപ്രായ വ്യത്യാസങ്ങളാണെന്ന് പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, പടം കൊടുക്കാത്ത ചില ഓന്തുകൾ കൂടി നമ്മുടെ രാഷ്ട്രീയത്തിൽ ഉണ്ടെന്നുള്ള വിവരം അങ്ങേയ്ക്കറിയാമോ ?

ശ്രീ. പി. ടി. തോമസ് : സർ, അവരുടെയൊക്കെ പടം കൊടുത്തു കഴിഞ്ഞാൽ ഉണ്ടാകുന്ന സ്ഥിതി എന്തായിരിക്കും ? ഓന്തിന്റെ നിറം മാറുന്നതുപോലെയുള്ള ചില സംഭവങ്ങൾ അറിയാമല്ലോ. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇന്നലെ പറഞ്ഞു, ആരോടും കൂട്ടു കൂടുമെന്ന് ! നിങ്ങൾക്ക് ലജ്ജയില്ലേ ? ഒരു നിമിഷം പോലും അധികാരത്തിന്റെ മധുരം നുകരാതിരിക്കാൻ നിങ്ങൾക്ക് കഴിയില്ല എന്നു നിങ്ങൾ വീണ്ടും വീണ്ടും തെളിയിച്ചുകൊണ്ടിരിക്കുകയാണല്ലോ ? ഇപ്പോൾ കോൺഗ്രസ്സിനകത്ത് എന്തെങ്കിലും പ്രശ്നമുണ്ടോ എന്ന് അന്വേഷിച്ചു നടക്കുകയാണ് പ്രതിപക്ഷ നേതാവ് ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റ് സുസ്ഥിരമായ ഒരു ഭരണവുമായി മുന്നോട്ടു പോകും. ആ ഭരണം കണ്ട് പനിച്ചിട്ടു കാര്യമില്ല എന്നു മാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. റോഷി അഗസ്റ്റിൻ : സർ, ഈ ഉപധനാഭ്യർത്ഥനകളെ വളരെ സന്തോഷത്തോടുകൂടി ഞാൻ പിന്താങ്ങുകയാണ്. കഴിഞ്ഞ കാലഘട്ടങ്ങളിൽ നിന്നും വ്യത്യസ്തമായി വികസന രംഗത്ത് ഒട്ടേറെ മാറ്റങ്ങൾ ഉണ്ടാക്കിക്കൊണ്ട് മുന്നേറുന്ന ഗവൺമെന്റ് വിവിധ വകുപ്പുകളിലായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഉപധനാഭ്യർത്ഥന ഇരുപക്ഷവും ഒരേപോലെ പാസ്സാക്കേണ്ടതാണ് എന്നുള്ളതാണ് എന്റെ അഭിപ്രായം. എല്ലാതരത്തിലും, വിവിധ വകുപ്പുകളിൽ ഒരു ഗതിയും മറുഗതിയും ഇല്ലാതെ പോകാൻ സാധ്യതയുണ്ടെന്ന് കണ്ട സ്ഥിതിക്ക് മാറ്റങ്ങൾ വരുത്തിക്കൊണ്ട് മുന്നേറുവാൻ കഴിഞ്ഞ ഒരു ഗവൺമെന്റിന്റെ ചിത്രമാണ് നമ്മുടെ മുമ്പിലുള്ളത്. പ്രാഥമികമായി വിദ്യാഭ്യാസ രംഗവും ആരോഗ്യരംഗവും പരിശോധിച്ചാൽ ഒട്ടേറെ മാറ്റങ്ങളും പരിരക്ഷകളും ഈ സംസ്ഥാനത്ത് കൊണ്ടു വരുന്നതിന് ഈ ഗവൺമെന്റിനു കഴിഞ്ഞിട്ടുണ്ട്. അതിലേയ്ക്കു വേണ്ടി കൂടുതൽ തുക ആവശ്യപ്പെട്ടാൽ എതിർക്കുക എന്ന നയം, എന്തിനേയും ഏതിനേയും എതിർക്കുക എന്ന പൊതുനയത്തിന്റെ ഭാഗമായി മാത്രമേ ഇതിനെ കാണാൻ കഴിയൂ. ഇന്നുരാവിലെ ചോദ്യോത്തരവേളയിൽ യൂണിവേഴ്സിറ്റികളെക്കുറിച്ച് ചർച്ച ചെയ്യുകയുണ്ടായി. പ്രാഥമിക വിദ്യാഭ്യാസരംഗത്തുണ്ടായിരുന്ന സ്ഥിതിവിശേഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഉന്നത വിദ്യാഭ്യാസ രംഗത്ത് വളരെയേറെ മാറ്റങ്ങൾ ഉണ്ടാക്കുന്നതിന് തുടക്കം കുറിക്കാനും ഈ ഗവൺമെന്റിന് അക്കാര്യത്തിന് വേണ്ടിയുള്ള തുക സന്തോഷത്തോടുകൂടി അനുവദിക്കുന്നതിനുവേണ്ടിയുള്ള നയങ്ങളും തീരുമാനങ്ങളുമാണ് സത്യത്തിൽ ഈ സഭയിൽ ചർച്ച ചെയ്യപ്പെടേണ്ടിയിരുന്നത്. പക്ഷേ രാഷ്ട്രീയമായ വീക്ഷണവും അതിനെക്കുറിച്ചുള്ള ചർച്ചയും നടക്കുന്ന ഈ സഭയിൽ വൈരുദ്ധ്യാത്മകത എന്തെങ്കിലുമുണ്ടെങ്കിൽ അതിന് ഒരിക്കലും എതിരു പറയാൻ കഴിയില്ല. പക്ഷേ സുധീരമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകും എന്നുള്ള കാര്യത്തിൽ ആർക്കും തർക്കം വേണ്ട.

ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്ന സന്ദർഭത്തിൽ കേരളത്തിലെ റോഡുകളുടെയും പാലങ്ങളുടെയും അവസ്ഥ എന്തായിരുന്നു ? കുണ്ടും കുഴിയുമായി യാത്ര ചെയ്യാൻ നിർവ്വാഹമില്ലാതെ കേരളത്തിലെ ജനങ്ങൾ, വളരെ

ബുദ്ധിമുട്ടുകൾ സഹിച്ചു. ഇന്ന് പുതിയ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി യുദ്ധകാലാടിസ്ഥാനത്തിൽ റോഡുകൾ നന്നാക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും കഴിഞ്ഞിരിക്കുന്നുവെന്നുള്ളത് വിസ്മരിക്കാൻ കഴിയില്ല. വിവിധ ധനകാര്യ ഏജൻസികളുടെ സഹായത്തോടുകൂടി ഒട്ടേറെ പദ്ധതികൾക്ക് തുടക്കം കുറിക്കാനായി. ബഹുമാനപ്പെട്ട മന്ത്രി മുനീർ കാണിക്കുന്ന താല്പര്യം സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസന കാര്യത്തിൽ കൂടുതൽ ആക്കം വർദ്ധിപ്പിക്കുമെന്നുള്ളതിനു തർക്കമില്ല. മെഡിക്കൽ കോളേജുകളെക്കുറിച്ചുള്ള പരാമർശം ഇന്നു ഈ സഭയിൽ ഉണ്ടായി.. മെഡിക്കൽ കോളേജുകളുടെ നവീകരണം വളരെ അത്യാവശ്യമായ സംഗതിയാണ്. അവിടെ വരുന്ന രോഗികളുടെ പരിരക്ഷ ഈ ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. അതുപോലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലൂടെ വിവിധ പ്രദേശങ്ങളിൽ. അവികസിത പ്രദേശങ്ങളിൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ടി കൂടുതൽ തുക കണ്ടെത്തുകയും ചെലവഴിക്കപ്പെടുകയും ചെയ്യുന്നതിൽ വളരെ സന്തോഷമുണ്ട്. കാർഷികമേഖലയെ കൂടുതൽ പരിരക്ഷിക്കേണ്ട ഒരു കാലഘട്ടത്തിലാണ് നമ്മൾ നിൽക്കുന്നത്. കാർഷിക മേഖലയിലെ ഉല്പാദനക്ഷമതയിലുണ്ടായ കുറവ് ജനങ്ങളെ അങ്ങേയറ്റം ദുഃഖത്തിലാഴ്ത്തിയിരിക്കുകയാണ്. അത് മെച്ചപ്പെടുത്തുന്നതിനു വേണ്ടി ശാസ്ത്രീയ കൃഷി രീതി അവലംബിക്കുവാനും കൃഷിക്കാരെ പരിരക്ഷിക്കുവാനും ഈ ഗവൺമെന്റ് തയ്യാറാകണം. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ കയറ്റിറക്കുമതി നയങ്ങൾ നമ്മുടെ സംസ്ഥാനത്തിനുതന്നെ ഭൂഷണമല്ലാത്ത നിലയിലേയ്ക്ക് വന്നിരിക്കുന്നു എന്നുള്ളതുകൊണ്ട് കർഷകർ അനുഭവിക്കുന്ന യാതനകൾക്ക് പരിഹാരം കണ്ടെത്തുന്നതിനുവേണ്ടി കേന്ദ്ര നയത്തിൽ പുനഃപരിശോധിക്കണമെന്ന് ഈ സഭ ഒറ്റക്കെട്ടായി ആവശ്യപ്പെടേണ്ടതാണ്. അതുപോലെ കർഷകർ അനുഭവിക്കുന്ന ദുരിത പൂർണ്ണമായ സാഹചര്യവും കണക്കിലെടുക്കണം. സഹകരണവകുപ്പുമന്ത്രി നടത്തിയ വൺ ടൈം സെറ്റിൽമെന്റ് മുഖാന്തിരം കുറച്ചൊക്കെ ആശ്വാസം കർഷകർക്ക് കൊടുക്കുവാൻ കഴിയുമെങ്കിൽപ്പോലും ഇനിയും കൂടുതൽ പണം കണ്ടെത്തുകയും അവർക്കു ആശ്വാസം നൽകുന്നതിനുവേണ്ടിയുള്ള നിലപാട് തീർച്ചയായും സ്വീകരിക്കേണ്ടതുമാണ്. കേരളത്തിന് വിനോദ സഞ്ചാര രംഗത്ത് വലിയ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞു. വിദേശികളെ ആകർഷിക്കുവാൻ ആവശ്യമായ നീക്കങ്ങൾ നടത്തുവാൻ നമുക്ക് കഴിഞ്ഞിരിക്കുന്നു. ടൂറിസത്തിനു ധാരാളം സാധ്യതകളുള്ള പ്രദേശം നമ്മുടെ സംസ്ഥാനത്തുണ്ട്. ഇടുക്കിയുടെ ഭൂപ്രദേശം ടൂറിസത്തിന് ഒട്ടേറെ സഹായകമായിട്ടുണ്ട്. മൂന്നാറും കുമിളിയും തേക്കടിയുമൊക്കെ ടൂറിസം രംഗത്ത് ഒട്ടേറെ സംഭാവനകൾ നൽകിയിട്ടുണ്ട്. ഇടുക്കിയിലെ ആർച്ചു ഡാം, ഏഷ്യയിലെ തന്നെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഡാമാണ്. ഈ ആർച്ചു ഡാമിലൂടെ സന്ദർശകർക്ക് പോകാനുള്ള അനുമതി പണ്ടുണ്ടായിരുന്നു. പക്ഷേ ഇപ്പോൾ അതിന് അനുവാദമില്ല. സെക്യൂരിറ്റിയുടെ എന്തോ പ്രശ്നമുണ്ടെന്നാണ് പറയുന്നത്. അതുകൊണ്ട് ആർക്കും തന്നെ അവിടെ പോകാൻ പറ്റുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ ഈ വിഷയം കൊണ്ടുവന്നു. എം. എൽ. എ.-മാർ ജോയിന്റായി ഒരു കോൺഫറൻസു കൂടാൻ തീരുമാനിച്ചു. ഇടുക്കിയെ വികസനത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യപന്ഥാവിലേയ്ക്കു എത്തിക്കുന്നതിനും കൂടുതൽ ആൾക്കാരെ ഇടുക്കിയിൽ എത്തിക്കുന്നതിനും ആർച്ചു ഡാമിനെക്കുറിച്ച പഠിക്കുന്നതിനുമൊക്കെ കുട്ടികൾക്കും മുതിർന്നവർക്കും പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ മിനിസ്റ്റേഴ്സിന്റെ ഒരു കോൺഫറൻസ് അടിയന്തരമായി കൂടാമെന്നു തീരുമാനിച്ചിരുന്നു. കാലതാമസം വരുത്താതെ ആ മീറ്റിംഗ് കൂടുന്നതിനും ആ ഡാം കാണുന്നതിനും പഠിക്കുന്നതിനും വിദ്യാർത്ഥികൾക്ക് അവസരം ഉണ്ടാക്കണം. കുളമാവ്, ചെറുതോണി തുടങ്ങിയ ഡാമുകളുടെ മുകളിൽക്കൂടി വണ്ടി ഓടുന്നുണ്ട്. ഇടുക്കി ഡാമിനെ മാത്രമായി മാറ്റിനിർത്തുന്നതിലുള്ള സാങ്കേതികത്വം എന്തു തന്നെയാണെങ്കിലും അതെടുത്തു മാറ്റി അവിടെ ആവശ്യത്തിനു സെക്യൂരിറ്റിയെ നിയോഗിച്ചുകൊണ്ട് എല്ലാവർക്കും കാണുന്നതിനുവേണ്ടിയുള്ള അവസരം ഉണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇന്ന് നമ്മൾ കൂടുതൽ തുക ഉപയോഗപ്പെടുത്തുന്നത് സ്പെയർട്സിനുവേണ്ടിയാണ്. കായിക മംഗത്തുണ്ടാകുന്ന മാറ്റങ്ങൾ നമുക്ക് വിസ്മരിക്കാനാവില്ല. നമ്മുടെ ഏറ്റവും വലിയ സമ്പത്താണ് കായികരംഗം. അതു പ്രയോജനപ്പെടുത്താൻ, കായിക മംഗത്തെ പരിപോഷിപ്പിക്കേണ്ടത് നമ്മുടെ എല്ലാവരുടെയും ആവശ്യമാണ്. പുതിയ സംവിധാനവും മെച്ചപ്പെട്ട കായിക മംഗവും അതിന്റെ ഉപഭോക്താക്കളായി മാറേണ്ട കേരളത്തിലെ പാവപ്പെട്ട വിദ്യാർത്ഥികൾ, അവരുടെ വളർച്ചയുടെ എല്ലാ ഘട്ടത്തിലും അവരെ പ്രോൽസാഹിപ്പിക്കുവാൻ എത്ര കോടി രൂപ വേണമെങ്കിലും അതിനു കണ്ടെത്താനും മാറ്റി വയ്ക്കാനും നാം തയ്യാറാകേണ്ടതാണ്. ആ നിലയിൽ കായിക മംഗത്തെ പരിപോഷിപ്പിക്കാൻ വേണ്ടിയുള്ള പുതിയ തീരുമാനങ്ങൾക്കു വേണ്ടി ഉപധനാഭ്യർത്ഥന ആവശ്യമാണ്. അതുപോലെ കേരളത്തിലെ ക്രമസമാധാന നില ഒരു പരിധിവരെ മെച്ചപ്പെട്ടിട്ടുണ്ട്. പക്ഷേ ഒറ്റപ്പെട്ട അക്രമ സംഭവങ്ങൾ ഉണ്ടാകുന്നതിന്റെ പിന്നിൽ ഗവൺമെന്റിനെ കുറ്റപ്പെടുത്തി മുഖ്യമന്ത്രിയെ നിലയ്ക്ക് നിർത്തണമെന്നുമൊക്കെ പറയുന്നത് ശരിയല്ല. കേരളത്തിന്റെ ഘടനയിൽ ഒട്ടേറെ മാറ്റങ്ങൾ ഉണ്ടായിരിക്കുന്നു. പുതിയ പോലീസ് സംവിധാനവും ഹൈവേ പട്രോളിംഗും സത്യത്തിൽ ഒട്ടേറെ മാറ്റങ്ങൾക്കുവഴി തെളിച്ചിട്ടുണ്ട്. വാഹനാപകടങ്ങൾ നിയന്ത്രിക്കുന്നതിൽ പോലും ഈ സംവിധാനം വളരെ ഉപയോഗപ്പെടുന്നു എന്നുള്ളത് സന്തോഷകരമാണ്. എന്റെ നിയോജക മണ്ഡലമായ ഇടുക്കിയിൽ ഉണ്ടായ ഒരു സംഭവം ഞാൻ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. മുരിക്കാശ്ശേരി പോലീസ് സ്റ്റേഷനിൽ കോടതി വാറണ്ട് ഉണ്ടായിരുന്ന പ്രതികളെ അന്വേഷിച്ചു ചെന്ന പോലീസും സംഘവുമായുണ്ടായ ഏറ്റുമുട്ടലിൽ, പ്രതികൾ ഓട്ടോറിക്ഷയിൽ കയറി രക്ഷപ്പെട്ടപ്പോൾ, ആ ഓട്ടോറിക്ഷാ ഡ്രൈവറെ 21-ാം തീയതി പോലീസ് കസ്റ്റഡിയിലെടുക്കുകയും 23-ാം തീയതി പ്രൊഡ്യൂസ് ചെയ്യുകയും ചെയ്തു എന്നുള്ള ഗുരുതരമായ ഒരു പ്രശ്നം ജനങ്ങളുടെ ഇടയിൽ ആശങ്ക പരത്തിയപ്പോൾ ഞാൻ ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായി. ഉടനടി ഉദ്യോഗസ്ഥരെ വിളിച്ച് അന്വേഷണത്തിന് ഉത്തരവിട്ടു. എത്ര സാഹസമായിട്ടാണ് ജനങ്ങളുടെ ആശങ്ക അകറ്റുന്നതിനും യഥാർത്ഥ വസ്തുതകൾ പുറത്തുകൊണ്ടുവരുന്നതിനും നിരപരാധികൾ

LIBRARY ARCHIVES Kerala Legislative Assembly

ക്രൂശിക്കപ്പെടാതിരിക്കുന്നതിനും വേണ്ടി ശ്രമിച്ചത്. ഇതിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത് ക്രിയാത്മകമായ ഒരു പോലീസ് സേന ഇവിടെയുണ്ട് എന്നുള്ളത് ഒരിക്കലും നിഷേധിക്കാൻ കഴിയുന്ന വസ്തുതയല്ല എന്നാണ്.

ശ്രീ. ജോണി നെല്ലൂർ : സർ, ബഹുമാനപ്പെട്ട ശ്രീ. റോഷി അഗസ്റ്റിൻ, പോലീസിന്റെ കാര്യങ്ങളെക്കുറിച്ചാണല്ലോ ഇവിടെ പറഞ്ഞത്. നമ്മുടെ മുഖ്യമന്ത്രി വളരെ ലക്ഷ്യബോധത്തോടുകൂടി സ്വതന്ത്രമായി പ്രവർത്തിക്കാൻ പോലീസിനെ അനുവദിച്ചിരിക്കുകയാണെന്നാണല്ലോ പരക്കെയുള്ള പറച്ചിൽ. അത് സ്വാഗതാർഹമായ കാര്യമാണ്. പക്ഷേ അദ്ദേഹത്തിന്റെ ലക്ഷ്യം മനസ്സിലാക്കാതെ പോലീസ് സേനയിലെ ചില ഉദ്യോഗസ്ഥർ അദ്ദേഹത്തിന്റെ ഉദ്ദേശത്തിന് വിരുദ്ധമായി പെരുമാറുന്നു എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. റോഷി അഗസ്റ്റിൻ : സർ, നിയമസഭ സമ്മേളിച്ചു കൊണ്ടിരിക്കുന്ന ഈ സമയത്ത് അതിന് മാറ്റം വരുത്താൻ അദ്ദേഹം ശ്രമിക്കുമെന്നു തന്നെയാണ് എന്റെ വിശ്വാസം. അതു എത്രകണ്ട് ഫലവത്താകുമെന്ന് കണ്ടറിയണം. വളരെ സ്തുത്യർഹമായ നിലയിലാണ് പോലീസിന്റെ പ്രവർത്തനം നടക്കുന്നത്. അതു വളരെ സന്തോഷകരമായ ഒരു കാര്യമാണ്. അതിൽ നിന്നും വ്യത്യസ്തമായി ഇന്ന് എക്സൈസ് രംഗത്ത് വ്യാജച്ചാരായത്തെ സംബന്ധിച്ചുള്ള വാർത്തകൾ പത്രങ്ങളിൽ വന്നു തുടങ്ങിയിട്ടുണ്ട്. വ്യാജച്ചാരായം പിടിക്കുവാൻ ആവശ്യമായ ഫോഴ്സില്ലെന്നാണ് എനിക്കു തോന്നുന്നത്. ഇടുക്കിപോലെയുള്ള പ്രദേശങ്ങളിൽ, മലയോര മേഖലകളിൽ ഇത് കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും ആവശ്യമായ പോലീസ് സന്നാഹങ്ങളുടെ അഭാവം നേരിടുന്നുണ്ട്. അതുപോലെ ആവശ്യമായ വാഹനങ്ങളുടെ അഭാവവും ഒരു പ്രശ്നമാകുകയാണ്. എക്സൈസ് ഗാർഡിന്റെ റാങ്കു ലിസ്റ്റിൽനിന്ന് എത്രയും പെട്ടെന്ന് കൂടുതൽ പോലീസ് സേനയെ അവിടെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഒന്നുരണ്ട് പൊതുവായ കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഇടുക്കിയെ സംബന്ധിച്ചിടത്തോളം കെ.എസ്.ഇ.ബി.- യുടെ കൈവശമിരിക്കുന്ന ഒട്ടേറെ സ്ഥലം റോഡുകളായി ഉപയോഗിക്കുന്നു. അതൊക്കെ പഴയ കാലത്തുള്ള റോഡുകളാണ്. ബോർഡിന്റെ പൊസഷനിൽ ഉള്ളതുകൊണ്ട് ആ റോഡുകൾ ഇപ്പോൾ മെയിന്റയിൻ ചെയ്യാൻ കഴിയുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി അതിനുവേണ്ടി നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് കേട്ടപ്പോൾ സന്തോഷമുണ്ട്. ജില്ലാ പഞ്ചായത്തിനെയോ ഏതെങ്കിലും ഏജൻസിയേയോ കൊണ്ട് അത് മെയിന്റയിൻ ചെയ്യിപ്പിക്കുന്നതിനുള്ള അനുവാദം ബോർഡ് നൽകണമെന്നുള്ള അഭ്യർത്ഥനയാണ് എനിക്കുള്ളത്. ഇവിടെ ഇടുക്കി ഡെവലപ്മെന്റ് അതോറിറ്റിയെക്കുറിച്ച് സൂചിപ്പിച്ചു. 1980-ൽ തുടങ്ങിയ ഇടുക്കി വികസന അതോറിറ്റിക്ക് 1998-ലാണ് ഭൂമി സ്വന്തമായി ലഭ്യമായത്. ഇവിടെ ബി.ഒ.ടി സ്കീമിലും വിവിധ പദ്ധതികളുടേതായിട്ടും വികസന പ്രക്രിയകൾ ആരംഭിക്കേണ്ടിയിരിക്കുന്നു. എങ്കിൽ പോലും തടസ്സമായിരിക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

കൺസൽട്ടൻസിയുടെ പ്രശ്നമാണ്. ഗവൺമെന്റ് അടിയന്തരമായി അതിനുവേണ്ടി തീരുമാനം എടുക്കണം. കൺസൽട്ടൻസിയെ നിയോഗിച്ചുകൊണ്ട് ഇടുക്കിയുടെ വികസനത്തിന് മുൻതൂക്കം കൊടുക്കുന്ന ഡെവലപ്മെന്റ് അതോറിറ്റിയുടെ പുരോഗതിയെ മുന്നോട്ടു കൊണ്ടുപോകുന്നതിൽ സഹകരിക്കണം എന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്. ഈ ഗവൺമെന്റ് ഇവിടെ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകൾ കേരളത്തിന്റെ വിവിധ മേഖലകളിൽ, വിവിധ തലങ്ങളിൽ പ്രയോഗികമായി ചിന്തിക്കുമ്പോൾ എല്ലാവർക്കും ഗുണകരമായ നേട്ടങ്ങൾക്കുവേണ്ടി മാത്രമാണെന്ന് കാണാൻ കഴിയുന്ന ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിൻതാങ്ങിക്കൊണ്ട് നിർത്തുന്നു.

ശ്രീ. വി.ഡി. സതീശൻ : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ നിലവിലുണ്ടായിരുന്ന സാമ്പത്തിക സ്ഥിതിയെക്കുറിച്ചും സാമ്പത്തിക തകർച്ചയെക്കുറിച്ചും കേരള സമൂഹത്തിന് ബോദ്ധ്യപ്പെടുത്തിക്കൊടുക്കുന്ന കാര്യത്തിൽ ഈ സർക്കാർ വളരെ ബുദ്ധിപൂർവ്വം വിജയം കൈവരിച്ചു. അന്ന് ഇവിടെ മുണ്ടുമുറുക്കി ഉടുക്കണമെന്നുള്ള മുഖ്യമന്ത്രിയുടെ അഭ്യർത്ഥനയെ വളരെ പരിഹാസ്യമായി ചിത്രീകരിച്ച ആളുകളാണ് നാട്ടിൽ പലരും. പക്ഷേ യാഥാർത്ഥ്യ ബോധത്തോടുകൂടിയുള്ള സമീപനവും സാമ്പത്തിക സ്ഥിതിയുടെ യഥാർത്ഥ വിവരണവും സാധാരണ ജനങ്ങൾക്ക് ലഭ്യമാകത്തക്കരീതിയിൽ അവർക്കുകൂടി ബോദ്ധ്യപ്പെടുത്തിക്കൊണ്ടുള്ള നടപടികളുമായിട്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. കഴിഞ്ഞ രണ്ടു വർഷം ബാധ്യത തീർത്തും അതേസമയം സാമൂഹ്യ പ്രതിബദ്ധത നിലനിർത്തിക്കൊണ്ടുമുള്ള സമീപനമാണ് സാമ്പത്തിക രംഗത്ത് അച്ചടക്കം ഉണ്ടാക്കാൻ ഈ ഗവൺമെന്റിനെ സഹായിച്ചത്. കേന്ദ്ര ഗവൺമെന്റിലും സംസ്ഥാന ഗവൺമെന്റിലും പൊതുമേഖലാസ്ഥാപനങ്ങളിലുടെയും ഫൈനാൻഷ്യൽ ഓഡിറ്റിംഗ് ഉണ്ട്. പക്ഷേ പലപ്പോഴും ക്ഷേമരാഷ്ട്രം എന്നുള്ള സങ്കൽപ്പം മറന്നുകൊണ്ട് സോഷ്യൽ ഓഡിറ്റിംഗ് നടത്താൻ പല ഗവൺമെന്റുകളും ശ്രദ്ധിക്കാറില്ല. പക്ഷേ കഴിഞ്ഞ രണ്ടുവർഷത്തെ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ കൊണ്ട് ഫൈനാൻഷ്യൽ ഓഡിറ്റിംഗ് നടന്നതോടൊപ്പം തന്നെ സോഷ്യൽ ഓഡിറ്റിംഗ് നടത്തുന്ന കാര്യത്തിലും ഈ ഗവൺമെന്റ് വിജയിച്ചു എന്നാണ് സാമൂഹ്യസേവന രംഗത്ത് നടത്തിയ പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ മനസ്സിലാകുന്നത്. പുതിയ സാമ്പത്തിക നയം വന്നപ്പോൾ അതിനോട് ഭ്രാന്തമായ അഭിനിവേശം കാണിച്ചുകൊണ്ട് സോഷ്യൽ സെക്ടറിനെ മുഴുവനായി അവഗണിക്കുന്ന കാഴ്ച പല സംസ്ഥാനങ്ങളിലും ഉണ്ടായപ്പോൾ നമ്മുടെ ഗവൺമെന്റ് പുതിയ സാമ്പത്തിക നയത്തോട് ഭ്രാന്തമായ അഭിനിവേശം കാട്ടാതെ അതിന്റെ നല്ല വശങ്ങളെ ഉൾക്കൊണ്ടുകൊണ്ട് സാമൂഹ്യ സേവന മേഖലയെ നിലനിർത്താൻ ശ്രമിച്ചു. നമ്മുടെ സാമ്പത്തിക അച്ചടക്കം എന്ന് പറയുന്നത് കഴിഞ്ഞ വർഷം 21% സെയിൽസ് ടാക്സ് വർദ്ധിപ്പിച്ചതു കൊണ്ടോ അല്ലെങ്കിൽ കുറേ റവന്യൂ കമ്മി കുറച്ചതു കൊണ്ടോ അല്ല. നമ്മുടെ രാജ്യത്ത് റവന്യൂ കമ്മിക്കുവിധേയമായി മൊത്തം ധനകമ്മിയും വർദ്ധിച്ചു വരുന്ന ഒരു സാഹചര്യം നിലനിൽക്കുന്നു. ആ ഒരു പ്രതിഭാസത്തെ അതിജീവിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ട്

LIBRARY ARCHIVES Kerala Legislative Assembly

പോകുന്നത്. ഇപ്പോൾ പ്രതിപക്ഷത്തുനിന്ന് ശ്രീ. പി. എസ്. സുപാൽ റവന്യൂ കമ്മി ഭയങ്കരമായി വർദ്ധിച്ചിരിക്കുന്നു എന്ന് പറഞ്ഞു. റവന്യൂ കമ്മിയുടെ കണക്കുകൾ കാട്ടിയുള്ള ഇന്ദ്രജാലം കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ റവന്യൂകമ്മി ഈ വർഷം വർദ്ധിച്ചിട്ടുണ്ടെങ്കിൽ അതിന് മതിയായ കാരണങ്ങളും ഉണ്ട്. നിങ്ങളുടെ കാലത്ത് കൊണ്ടുവന്ന പ്ലസ് ടു സ്കൂളുകളിൽ 9,000 ത്തോളം അദ്ധ്യാപകരെയാണ് ഈ ഗവൺമെന്റ് വന്നപ്പോൾ റെഗുലറൈസ് ചെയ്തത്. കോടിക്കണക്കിന് രൂപയുടെ ബാദ്ധ്യത കൊടുത്തു തീർത്തു. കഴിഞ്ഞ ദിവസം ഇവിടെ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി വെൽഫെയർ ബോർഡുകളിൽ നിന്നും നിങ്ങൾ കടമെടുത്ത കോടിക്കണക്കിന് രൂപ തിരിച്ചടച്ച കണക്കിനെക്കുറിച്ച് പറഞ്ഞു. കോൺട്രാക്ടർമാർക്ക് എത്രയോ കോടി രൂപ കൊടുത്തു തീർത്തു. എന്തായിരുന്നു ഉണ്ടായിരുന്നത്? കോൺട്രാക്ടർമാർക്ക് ബിൽ കൊടുത്തിട്ടില്ല. കേൾക്കുമ്പോൾ വളരെ ലളിതമായ കാര്യം. അതിന്റെ ആഫ്റ്റർ ഇഫക്ട് എന്താണ് ? ബിൽ കൊടുക്കാതെയാകുമ്പോൾ അവർക്കറിയാം സർക്കാരുമായുള്ള ധന ഇടപാടുകൾ കാലവിളംബം വരുത്തും എന്നുള്ള മുൻകൂട്ടിയുള്ള ധാരണ. രണ്ടു വർഷം, മൂന്നു വർഷം, നാല് വർഷം കഴിഞ്ഞാൽ മാത്രമേ പണം കിട്ടുകയുള്ളുവെങ്കിൽ എല്ലാവരും ടെണ്ടർ കൊടുക്കുമ്പോൾ മൂന്നുനാലു വർഷത്തെ പലിശ തുക കൂടി കൂട്ടിയിട്ടാണ് കൊടുക്കുന്നത്. അങ്ങനെയുണ്ടാക്കുന്ന കാലവിളംബം നമ്മുടെ സംസ്ഥാനത്തെ ഖജനാവിന് കോടാനുകോടി രൂപയുടെ നഷ്ടം വരുത്തിയിട്ടുണ്ട് എന്ന യാഥാർത്ഥ്യം കൂടി നമ്മൾ തിരിച്ചറിയണം. ഈ ബാദ്ധ്യതകളെല്ലാം കൃത്യമായി കൊടുത്തു തീർക്കാൻ കഴിഞ്ഞതുകൊണ്ട് പ്രത്യക്ഷമായും പരോക്ഷമായും ഒരുപാട് ലാഭം നമ്മുടെ ഖജനാവിന് ഉണ്ടാക്കിക്കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. നമ്മുടെ പൊതുകടം വർദ്ധിച്ചുവരികയാണ്. പൊതുകടം വർദ്ധിച്ചുവരുന്നത് നല്ല പ്രവണതയല്ല. കാരണം അത് വളരെ ചെലവേറിയതാണ്. സർക്കാരിന്റെ വായ്പ എടുക്കുന്നതുപോലെ അത് റീ-സ്ട്രക്ച്ചർ ചെയ്യാനോ ട്രാൻസ്ഫർ ചെയ്യാനോ സാധിക്കുന്നതല്ല. ഈ ഉയർന്നു വരുന്ന കമ്മിയും കടം വാങ്ങുന്ന തുകയുടെ കൂടുതൽ ഭാഗവും പദ്ധതിയേതര പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിക്കുന്ന സാഹചര്യം നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുകയാണ്. വികസനത്തെക്കുറിച്ചാണ് എല്ലാവരും സംസാരിക്കുന്നത്. നിക്ഷേപം ഇല്ലാതെ എങ്ങനെ വികസനം സാദ്ധ്യമാകും ? നിക്ഷേപം നടത്തണ്ടേ ? ഗവൺമെന്റിന്റെ സാമ്പത്തിക നയത്തേയും നിക്ഷേപകരെ പ്രോത്സാഹിപ്പിക്കുന്ന നയത്തേയും വിമർശിക്കുന്ന ആളുകൾ പല സ്ഥലത്തും ഇരട്ടത്താപ്പ് നയമാണ് സ്വീകരിക്കുന്നത്. നിക്ഷേപം ഇല്ലാത്ത, വിഭവ സമാഹരണത്തിന് പരിമിതമായ സാഹചര്യങ്ങളുള്ള കേരളം പോലുള്ള സംസ്ഥാനത്ത് എങ്ങനെ വികസനം സാദ്ധ്യമാകും ? എല്ലാവരും ചൈനയേയും ബംഗാളിനേയും മോഡലായി ചൂണ്ടിക്കാണിക്കുകയാണ്. ചൈനീസ് മോഡൽ എന്നുപറയുന്നത് എന്താണ്? കമ്മ്യൂണിസ്റ്റ് മോഡൽ ആണോ? തലമുറകൾ ചവറ്റുകുട്ടയിൽ എറിഞ്ഞ അതേ പ്രത്യയശാസ്ത്രവും പേറിയാണോ ചൈനയിലെ സാമ്പത്തിക വിദഗ്ദ്ധൻമാർ മുന്നോട്ടുപോകുന്നത്? അതിൽ സമൂലമായ മാറ്റം വരുത്തിയിരിക്കുന്നു. അവിടെ 500 മൾട്ടിനാഷണൽ കമ്പനികൾ ഉണ്ട്. ഇൻഡ്യയിലുള്ളതിനേക്കാൾ ഇരട്ടി

LIBRARY ARCHIVES Kerala Legislative Assembly

മൾട്ടിനാഷണൽ കമ്പനികൾ ചൈനയിൽ ഉണ്ട്. 600 ബില്യൻ ഡോളറാണ് ചൈനയിലെ മൊറിൻ ഇൻവെസ്റ്റുമെന്റ്. ഇൻഡ്യയിൽ ഇതുവരെ അത് 30 ബില്യൻ ഡോളറാണ് അപ്പോൾ ആ സാമ്പത്തിക നയം എന്താണ് ? കേരളത്തിൽ ഇത് സാദ്ധ്യമല്ല. കേരളത്തിൽ ഒരു മുപ നോലും മുടക്കാൻ നിക്ഷേപിക്കാൻ കഴിയില്ല. സ്ലാച്ചിടയിൽ പോയി കൊക്കക്കോളയുടേയും പെപ്സിയുടേയും ആറ് ലക്ഷം ബോട്ടിലുകൾ തല്ലിപ്പൊളിച്ചു. എന്നിട്ട് ഇങ്ങോട്ട് ആരും വരണ്ട, നിക്ഷേപം നടത്തണ്ട എന്ന് പറഞ്ഞ് ബാക്കിയുള്ളവരോടൊക്കെ മെസേജ് കൊടുത്തു. പണ്ട് നമ്പ്യാർ പാടിയതു പോലെ "എന്നിട്ടരിശം തീരാഞ്ഞിട്ടവനാ പുരയുടെ ചുറ്റും മണ്ടി നടന്നു". കേരളം മുഴുവൻ തല്ലിത്തകർത്ത് ഇവിടെ നിക്ഷേപം നടത്താൻ സാധ്യമല്ല എന്നു പറഞ്ഞിട്ട് ഇപ്പോൾ കോൺഗ്രസ് തറവാടിന്റെ ചുറ്റും മണ്ടി നടന്ന് ഇടയ്ക്ക് ആ തറവാടിന്റെ ജനാലയിൽക്കൂടി ഉള്ളിലേയ്ക്ക് നോക്കുന്നു. വല്ല കാര്യവുമുണ്ടോ ? ഇതെല്ലാം വിടണം. നിക്ഷേപം നടത്താനുള്ള സാഹചര്യം നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകണം. അതിനുള്ള സമീപനം ഇല്ലെങ്കിൽ നമുക്ക് സംസ്ഥാനത്തെ ഇനിയും താങ്ങിനിർത്താനോ മുന്നോട്ടുപോകാനോ കഴിയില്ല എന്ന് നാം മനസ്സിലാക്കണം. നമ്മൾ കടമെടുത്തു കഴിഞ്ഞാൽ, വിദേശ കടമാണെങ്കിലും ആഭ്യന്തര കടമാണെങ്കിലും അതെല്ലാം കറക്ടായ കണക്കുകളാണ്. ഒരു കണ്ടീഷനുമില്ലാതെ ഇല്ലാതെ നിങ്ങൾ കടമെടുക്കും. യു.ഡി.എഫ്. കടമെടുക്കുമ്പോൾ മാത്രം കണ്ടീഷൻസ് വേണം. എ.ഡി.ബി-യും വേൾഡ് ബാങ്കും ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും കടം കൊടുത്തിട്ടില്ലേ ? അവിടെയുള്ള കമ്പനികളിൽ നിന്നെല്ലാം വ്യത്യസ്തമായി എന്ത് കണ്ടീഷനാണ് ഈ ഗവൺമെന്റ് സമ്മതിച്ചിട്ടുള്ളത്? നിങ്ങളുടെ കാലത്ത് ഉണ്ടായിരുന്നതിൽ നിന്നും വ്യത്യസ്തമായ എന്ത് കണ്ടീഷനാണുള്ളത് ? ഇതൊക്കെ ആളുകളെ തെറ്റിദ്ധരിപ്പിക്കാൻവേണ്ടിയുള്ള കാര്യങ്ങളാണ്. ഏത് ധനകാര്യ സ്ഥാപനം ആർക്ക് പണം കടം കൊടുത്താലും കുറെ കണ്ടീഷൻസ് ഉണ്ടാകും. അത് ബാങ്കിംഗിന്റെ പ്രിൻസിപ്പിൾ ആണ്. ഇൻഡിവിഡ്യുവൽ ലോണിനുവരെ ഈ കണ്ടീഷൻസ് ഉണ്ട്. ഉദാഹരണമായി ഒരാൾക്ക് നമ്മൾ 100 രൂപ കടം കൊടുത്താൽ പോട്ടെ എന്ന് വിചാരിച്ച് കൊടുക്കും. 1000 രൂപ കടം ചോദിച്ചാൽ നമ്മൾ ആലോചിക്കും ഇയാൾ എന്തിനുവേണ്ടിയാണ് കടം വാങ്ങുന്നത്. അയാൾക്ക് തിരിച്ചുതരാനുള്ള കപ്പാസിറ്റിയുണ്ടോ ; കള്ളുകുടിക്കാൻ വേണ്ടിയിട്ടാണോ ഈ 1,000 രൂപ വാങ്ങിക്കുന്നത് അങ്ങനെയാണെന്ന് തോന്നിയാൽ നമ്മൾ കടം കൊടുക്കുകയില്ല. അപ്പോൾ സഹകരണസംഘം ആയാലും എ.ഡി.ബി. ആയാലും വേൾഡ് ബാങ്ക് ആയാലും ആർക്ക് കടം കൊടുത്താലും അതിന് സാമാന്യ വ്യവസ്ഥകളുണ്ട്. ആ വ്യവസ്ഥകൾക്കനുസരിച്ച് കടമെടുക്കണം. അല്ലാതെ കേരളത്തിൽ ഒരു പ്രിൻസിപ്പിൾ, ബംഗാളിൽ ഒരു പ്രിൻസിപ്പിൾ, മഹാരാഷ്ട്രയ്ക്ക് വേറൊന്ന് അങ്ങനെ കടമെടുക്കുന്ന കാര്യത്തിൽ വ്യത്യസ്തമായ സമീപനങ്ങൾ ഒന്നുമില്ല. ഇതൊക്കെ ആവശ്യമില്ലാത്ത പ്രശ്നങ്ങൾ ഉണ്ടാക്കുകയാണ്. നമ്മുടെ നാട്ടിൽ രൂക്ഷമായ തൊഴിലില്ലായ്മയുണ്ട്. ഇത് പരിഹരിക്കുന്നതിനുവേണ്ടി ഒരു നടപടിയും മുന്നോട്ടു വച്ചിട്ടില്ല. നമ്മുടെ സംസ്ഥാനത്തെ രൂക്ഷമായ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഒരു എംപ്ലോയ്മെന്റ് കമ്മീഷനെ രൂപീകരിക്കണം എന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന. അതാതു പ്രദേശങ്ങളിൽ പ്രാദേശികമായ

LIBRARY ARCHIVES Kerala Legislative Assembly

സാധ്യതകളെ വിലയിരുത്തിയിട്ടുള്ള വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്ന രീതിയിലുള്ള ബിസിനസ്സുകൾ കണ്ടെത്താൻവേണ്ടി കേരളത്തിലെ ചെറുപ്പക്കാർക്ക് ഗൈഡൻസ് കൊടുക്കണം. സാമ്പത്തിക അച്ചടക്കം പാലിച്ച്, കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ കുറച്ച് നല്ല മാർക്കറ്റ് കണ്ടെത്തി ആവശ്യമായ ബിസിനസ് നടത്താനുള്ള സാമാന്യമായ അച്ചടക്കം കേരളത്തിലെ ചെറുപ്പക്കാരെ പരിശീലിപ്പിച്ച് അവർക്ക് മാർഗ്ഗദർശകമാകുന്നതരത്തിൽ എംപ്ലോയ്മെന്റ് കമ്മീഷൻ നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകണം. ഇതൊന്നും കാപട്യത്തിന്റേയോ കബളിപ്പിക്കലിന്റേയോ പ്രശ്നമല്ല. ഒരു കാലഘട്ടത്തിൽ ജീവിച്ചിരുന്ന ചെറുപ്പക്കാർ മുഴുവൻ ആകർഷകങ്ങളായ മുദ്രാവാക്യങ്ങൾ വിളിച്ച് തൊഴിൽ തേടി തേടി തൊലിയുരഞ്ഞ കാലുമായി സെക്രട്ടേറിയറ്റിൽ എത്തുമ്പോൾ സെക്രട്ടേറിയറ്റിന്റെ കവാടങ്ങൾ മുഴുവൻ ഇടിഞ്ഞുവീഴും. അപ്പോൾ ഉണ്ടാകുന്ന ചുവന്ന പ്രഭാതത്തിൽ നമ്മുടെ സർക്കാർ അധികാരത്തിൽ വരും. അപ്പോൾ നിങ്ങൾക്കെല്ലാവർക്കും തൊഴിൽ തരാം എന്നുപറഞ്ഞ് കേരളത്തിലെ ചെറുപ്പക്കാരെ കബളിപ്പിച്ച ആളുകളല്ലേ നിങ്ങൾ. നമുക്ക് എല്ലാവർക്കും കൂടി ഒരു .യോജിപ്പ് ഉണ്ടാകണ്ടേ ? ആർക്കാ തൊഴിൽ കൊടുക്കാൻ കഴിഞ്ഞത്, ഒരിക്കലെങ്കിലും തൊഴിൽ കൊടുക്കാൻ നിങ്ങൾക്ക് കഴിഞ്ഞോ ? കേരളത്തിലെ തൊഴിലില്ലായ്മയുടെ വേരുകൾ കണ്ടെത്തി അതിന് പരിഹാരം കാണുവാനുള്ള ശ്രമം നമ്മുടെ ഭാഗത്തുനിന്ന് ഉണ്ടാകണം. അതുകൊണ്ടാണ് ഞാൻ എംപ്ലോയ്മെന്റ് കമ്മീഷൻ എന്നുള്ള നിർദ്ദേശം മുന്നോട്ടുവയ്ക്കുന്നത്. അതാതു പ്രദേശത്ത് അതാതിന്റേതായുള്ള സാദ്ധ്യതകൾ കണ്ടെത്തി ഇക്കാര്യത്തിൽ തീരുമാനം ഉണ്ടാകണം.

ഞാൻ നേരത്തെ സംസാരിച്ചപ്പോൾ പ്രധാനമായി ഒരു കാര്യം പറഞ്ഞു. സാമൂഹ്യ ബാദ്ധ്യതകൾ നിലനിർത്തിക്കൊണ്ടുള്ള ഒരു സാമ്പത്തിക പരിഷ്കരണം മാത്രമേ നമ്മുടെ സംസ്ഥാനത്ത് നിലനിർത്താൻ പാടുള്ളൂ. ഏറ്റവും വിവാദപരമായ രണ്ടു കാര്യങ്ങളാണ് വിദ്യാഭ്യാസ രംഗത്തും, ആരോഗ്യരംഗത്തും നമ്മുടെ സംസ്ഥാനം കഴിഞ്ഞവർഷം അഭിമുഖീകരിച്ചത്. വിദ്യാഭ്യാസ രംഗത്ത് സ്വാശ്രയ കോളേജുകൾക്ക് നമ്മുടെ ഗവൺമെന്റ് അംഗീകാരം കൊടുത്തു. ഒന്നുരണ്ട് കോളേജുകൾ ഗവൺമെന്റിന്റെ ആദ്യമേയുള്ള തീരുമാനങ്ങൾ ലംഘിച്ചുകൊണ്ട് കോടതിയിൽ പോയി. ആ കേസുകൾ കോടതിയിൽ നിൽക്കുന്നു. പക്ഷേ കേരളത്തിൽ 400-ഓളം കോളേജുകൾ അനുവദിച്ചിട്ട് ഒന്നോ. രണ്ടോ കോളേജുകൾ മാത്രമാണ് കേരള ഗവൺമെന്റ് മുന്നോട്ടുവച്ച നിർദ്ദേശങ്ങളെ ലംഘിച്ചുകൊണ്ട് കോടതിയിൽ പോയത്. പക്ഷേ നിങ്ങൾ ഒരു പുകമറ സൃഷ്ടിച്ചുകൊണ്ട് കേരളത്തിലെ സ്വാശ്രയ മാനേജ്മെന്റുകൾ മുഴുവൻ അല്ലെങ്കിൽ സ്വാശ്രയ കോളേജുകൾ മുഴുവൻ കുഴപ്പമാണ് എന്നുള്ള ഒരു ധാരണ വരുത്തിക്കുകയാണ്. അങ്ങനെയല്ല യഥാർത്ഥത്തിൽ ഉണ്ടായത്. നമ്മൾ നിയമനിർമ്മാണത്തെപ്പറ്റി ആലോചിക്കുന്നുണ്ട്. പക്ഷേ സുപ്രീംകോടതി ഈ കേസിലൊക്കെ പറഞ്ഞിരിക്കുന്നത് ഇത് കച്ചവടമാണെന്നാണ്. ആർട്ടിക്കിൾ 19 (1) ജി-യുടെ ഇന്റർപ്രെട്ടേഷനാണിത്. ഇൻഡ്യയിലെ ഏത് പൗരനും എവിടെയും കച്ചവടം നടത്താൻ അവകാശമുള്ളതുപോലെ വിദ്യാഭ്യാസ സ്ഥാപനവും തുടങ്ങാം.

LIBRARY ARCHIVES Kerala Legislative Assembly

അല്ലാതെ മൈനോറിറ്റി അവകാശങ്ങൾ അല്ല. ഇവിടെ പലരും ആർട്ടിക്കിൾ 30-നെ കുറിച്ച് പറഞ്ഞു. മൈനോറിറ്റിയുടെ അവകാശങ്ങളെക്കുറിച്ചൊന്നുമല്ല കോടതി വ്യാഖ്യാനിച്ചിരിക്കുന്നത്. കോടതി ശരാശരി ഇൻഡ്യൻ പൗരന് ഇൻഡ്യയുടെ ഏതുഭാഗത്തും ബിസിനസ്സ് നടത്താനുള്ള അവകാശത്തെക്കുറിച്ചാണ് ഇന്റർപ്രെട്ടേഷൻ കൊടുത്തിരിക്കുന്നത്. ഏതെങ്കിലും ഒരു നിയമത്തിന്റെ കാര്യമല്ല. അപ്പോൾ നിയമനിർമ്മാണത്തിന് എന്തെല്ലാം സാദ്ധ്യതകൾ ഉണ്ടെന്ന് നമ്മൾ പരിശോധിക്കണം. നമ്മുടെ പ്രശ്നം അതല്ല. നമ്മുടെ പ്രശ്നം നിലവിലുള്ള സർക്കാർ മേഖലയെ ശക്തിപ്പെടുത്തുന്ന തീരുമാനം ഉണ്ടാകണം. അക്കാര്യത്തിൽ ദൃഢനിശ്ചയം ചെയ്തിരിക്കുന്ന ഒരു ഗവൺമെന്റാണിത് എന്നതിന്റെ ഏറ്റവും വലിയ തെളിവാണ് ഇപ്പോൾ പ്ലസ് ടു സർക്കാർ മേഖലയിൽ കൊടുക്കാൻ എടുത്ത തീരുമാനം. കേരളത്തിലെ സ്വാശ്രയ മാനേജ്മെന്റിനോ വിദ്യാഭ്യാസ കച്ചവടക്കാർക്കോ സഹായം ചെയ്തു കൊടുക്കുന്ന സമീപനമല്ല ഈ ഗവൺമെന്റിനുള്ളത്. മറിച്ച് സർക്കാർ മേഖല ശക്തിപ്പെടുത്തണമെന്ന് ഗവൺമെന്റ് ആഗ്രഹിക്കുന്നു.

അതുപോലെതന്നെ ആരോഗ്യരംഗത്ത് ഒരുപാട് അപാകതകൾ ഉണ്ട്. ധർമ്മാശുപത്രികൾ എന്നുള്ള സങ്കൽപ്പം നിലനിർത്തണം, ആശുപത്രികൾ ശക്തമാക്കണം, അവിടെ സ്പെഷ്യാലിറ്റി കേഡർ ഉണ്ടാക്കണം. ഡോക്ടർമാരുടെ 300-ഓളം പോസ്റ്റുകൾ നികത്താൻ ഈ ഗവൺമെന്റ് മുൻകൈയെടുക്കണം. കൃത്യമായി മരുന്നുകൾ കൊടുക്കണം. അപ്ഗ്രേഡ് ചെയ്യപ്പെട്ട ആശുപത്രികളിലെല്ലാം സ്റ്റാഫ് പാറ്റേൺ മാറ്റണം. സ്വകാര്യ ആശുപത്രികൾ സംസ്ഥാനത്ത് കൂണുപോലെ മുളച്ചുവരുമ്പോഴും സാധാരണക്കാരന് ആശ്രയം സർക്കാർ ആശുപത്രികളാണ്. അതിന്റെ സ്ട്രക്ച്ചർ നിലനിർത്തണം. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ സോഷ്യൽ ആഡിറ്റിംഗ് നടത്താനുള്ള ഒരു ബാദ്ധ്യത, ക്ഷേമരാഷ്ട്രം എന്നുള്ള സങ്കൽപ്പം നമ്മുടെ ഗവൺമെന്റിന് ഉള്ളതുകൊണ്ട് ഇത് നിലനിർത്താൻ കഴിയണം എന്നുമാത്രം ഞാൻ സൂചിപ്പിക്കുന്നു. ഈ ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുകയാണ്. നമ്മുടെ സംസ്ഥാനം സാമ്പത്തിക സാമൂഹിക രംഗത്ത് ഒരുപാട് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കിയിട്ടുണ്ട് എന്നത് യാഥാർത്ഥ്യമാണ്. പക്ഷെ നമ്മുടെ സാമ്പത്തിക പ്രശ്നം കാരണം അത് പരിപാലിക്കാൻ കഴിയുന്നില്ല. പരിമിതികൾക്കകത്തു നിന്നുകൊണ്ട് അത് പരിപാലിക്കണം. നമ്മൾ ഉണ്ടാക്കിയ അസ്സറ്റ്സ് പരിപാലിച്ചു കൊണ്ടുപോകാൻ കഴിഞ്ഞ സംസ്ഥാനത്ത് കാര്യമായ മാറ്റങ്ങൾ ഉണ്ടാകാൻ തുടങ്ങുന്നു എന്നുള്ളതുകൊണ്ടുതന്നെ ഈ ധനാഭ്യർത്ഥനകളെ പിൻതുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. ജോണി നെല്ലൂർ</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിൻതാങ്ങുകയാണ്. നമ്മുടെ സംസ്ഥാനം വലിയൊരു പ്രതിസന്ധിയിലായിരുന്ന സാഹചര്യത്തിലാണ് ഈ ഗവൺമെന്റ് അധികാരമേറ്റത്. സാമ്പത്തികരംഗമാകെ തകർന്ന് ഒരുവിധത്തിലും മുന്നോട്ടുപോകാൻ പറ്റാത്ത സാഹചര്യത്തിൽ അധികാരത്തിൽ വന്ന ഗവൺമെന്റ് മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റിലൂടെയും ചെലവ് ചുരുക്കലിലൂടെയും ഈ സംസ്ഥാനത്തെ ഒരു വിധത്തിൽ പിച്ചവച്ച്

LIBRARY ARCHIVES Kerala Legislative Assembly

നടക്കാവുന്ന അവസ്ഥയിലേക്ക് കൊണ്ടുവന്നിട്ടുണ്ട്. എങ്കിൽ പോലും നിരവധി രംഗങ്ങളിൽ ഇനിയും കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടതായിട്ടുണ്ട് എന്നാണ് എന്റെ അഭിപ്രായം. ഈ ഉപധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഇപ്പോൾ പ്രതിപക്ഷത്തുനിന്ന് ബഹുമാന്യനായ പി. എസ്. സുപാൽ സംസാരിക്കുകയുണ്ടായി. ഇനി പ്രതിപക്ഷ നേതാവും മറ്റു ചില അംഗങ്ങളും പ്രസംഗിക്കാനുണ്ട്. ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കാൻ എങ്ങനെ പ്രതിപക്ഷത്തിന് കഴിയും എന്നാണ് എനിക്ക് മനസ്സിലാകാത്തത്. ഉപധനാഭ്യർത്ഥനയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഓരോന്നായി പരിശോധിക്കാം പട്ടിണി കിടക്കുന്ന കുട്ടികൾക്ക്, പീരുമേട് പോലുള്ള പ്രദേശങ്ങളിലെ തൊഴിലാളി കുടുംബങ്ങളിലെ പാവപ്പെട്ട കുട്ടികൾക്ക് ഉച്ചക്കഞ്ഞി കൊടുക്കുവാൻ വേണ്ടി ചെലവാക്കാൻ ഉദ്ദേശിക്കുന്ന പണം അനുവദിച്ച് നൽകണം എന്ന് ആവശ്യപ്പെട്ടാൽ അതിനെ എതിർക്കുവാൻ എങ്ങനെ ശ്രീ. പി. എസ്. സുപാലിനെ പോലുള്ള ആളുകൾക്ക് കഴിയുന്നു എന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇവിടെ എല്ലാ കാര്യത്തിലും രാഷ്ട്രീയം മാത്രം കാണുന്ന ഒരു പ്രവണതയാണ്. ഇതിന് ഒരു മാറ്റം ഉണ്ടാകണം. സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോൾ വികസന കാര്യത്തിൽ ഏറെ ശ്രദ്ധ പതിപ്പിച്ചുകൊണ്ട് മുന്നോട്ടുപോകാൻ ആത്മാർത്ഥമായി പരിശ്രമിക്കുന്ന ഒരു ഗവൺമെന്റ് ഇവിടെയുണ്ട്. കഴിഞ്ഞ കാലങ്ങൾ ഞാൻ ഓർക്കുകയാണ്.. കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലയളവിൽ ഉപധനാഭ്യർത്ഥന കൊണ്ടുവന്നു. ഞങ്ങളൊക്കെ അന്ന് എതിർത്തവരാണ്. പക്ഷെ അന്ന് എതിർത്തതിന് വ്യക്തമായ കാരണം ഉണ്ടായിരുന്നു സ്കൂൾ കുട്ടികൾക്ക് ഉച്ചക്കഞ്ഞി കൊടുക്കുവാൻ ആയിരുന്നില്ല അന്ന് ഉപധനാഭ്യർത്ഥന ഉപയോഗിച്ചത്. അത് എന്തിനായിരുന്നു ? സാമ്പത്തിക ഞെരുക്കം കൊണ്ട് ബുദ്ധിമുട്ടിയ കേരളത്തിൽ അന്ന് ഉപധനാഭ്യർത്ഥന കൊണ്ടുവന്നത് വിദേശ കാറുകൾ വാങ്ങാനായിരുന്നു. അന്നത്തെ മന്ത്രിമാർക്ക് വിദേശ കാറുകൾ വാങ്ങുവാൻ വേണ്ടി ഉപധനാഭ്യർത്ഥന കൊണ്ടുവന്നപ്പോൾ ഞങ്ങൾ അതിനെ എതിർത്തു. അത് ഇന്ന് കൊണ്ടുവന്നാലും ഞങ്ങൾ എതിർക്കും. അതാ അതിന്റെ പ്രത്യേകത. കൊണ്ടുവരില്ല. കാരണം അത് കേരളത്തിലെ ജനങ്ങൾക്ക് ഇഷ്ടമില്ലാത്ത കാര്യമാണ്. കേരളത്തിന്റെ സാമ്പത്തികം അതിന് അനുവദിക്കുന്നില്ല എന്നുള്ളതുകൊണ്ട് അതുപോലുള്ള ഉപധനാഭ്യർത്ഥനകൾ ഒന്നും ഇന്ന് കൊണ്ടുവന്നിട്ടില്ല.

ഞാൻ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയോട് അൽപ്പം വിഷമതകളുള്ള ചില കാര്യങ്ങൾ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ വികസന രംഗത്ത് പ്രത്യേകിച്ചും ഈ ഗവൺമെന്റിനെ ജനങ്ങൾ വിലയിരുത്തുന്നത് ചില ഡിപ്പാർട്ടുമെന്റുകളിലൂടെയാണ്. സംസ്ഥാനത്ത് കുടിവെള്ളം കൊടുക്കുന്ന വാട്ടർ അതോറിറ്റി വളരെ പ്രധാനപ്പെട്ട ഒരു ഡിപ്പാർട്ടുമെന്റാണ്. എത്രയും മാസങ്ങളായി ഗവൺമെന്റ് വാട്ടർ അതോറിറ്റിക്ക് പണമൊന്നും നൽകുന്നില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്തുതന്നെ ആയിരുന്നാലും ഗവൺമെന്റ് അറിഞ്ഞുകൊണ്ടാണോ അല്ലാതെയാണോ എന്ന് എനിക്കറിയില്ല, വാട്ടർ അതോറിറ്റിയുടെ ഉദ്യോഗസ്ഥർ യോഗം ചേർന്ന് എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികളും ഗോ സ്ലോ എന്ന രീതിയിൽ കൊണ്ടുപോകാൻ പണം ഇല്ലാത്തതുകൊണ്ട് എന്തെങ്കിലുമൊക്കെ മുട്ടുപോക്കൊക്കെ പറഞ്ഞ് അങ്ങ് നീക്കുക എന്നുള്ള ഒരു സമ്പ്രദായത്തിലേക്ക് നീങ്ങുന്നു എന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. അത് അനുവദിക്കാൻ പാടില്ല. വാട്ടർ അതോറിറ്റി പോലെ കൂടിവെള്ളം കൊടുക്കുന്ന ഡിപ്പാർട്ടുമെന്റിന് പണം ആവശ്യമാണ്. അത് സമയത്ത് കൊടുത്തില്ല എങ്കിൽ ജനങ്ങളെ വളരെയധികം ബാധിക്കുന്ന കാര്യമാണ് എന്നുള്ളതുകൊണ്ട് വാട്ടർ അതോറിറ്റിക്ക് ആവശ്യമായ തുക എത്രയുംപെട്ടെന്ന് റിലീസ് ചെയ്ത് കൊടുത്ത് ആ ഡിപ്പാർട്ടുമെന്റിനെ കൂടുതൽ ചലനാത്മകമാക്കാൻ പരിശ്രമിക്കണം എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞാൻ മുമ്പ് ധനകാര്യ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്ത് പറഞ്ഞ ഒരു കാര്യം ഇപ്പോൾ ആവർത്തിക്കുന്നത് ശരിയല്ല എങ്കിലും പറയട്ടെ, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി മൈനർ ഇറിഗേഷൻ വർക്കുകളെല്ലാം പഞ്ചായത്തുകളെ ഏൽപ്പിച്ചു. എന്താ പ്രയോജനം ? അപ്പുറത്തുള്ള എന്റെ സ്നേഹിതൻമാർക്കറിയാം യാതൊന്നും നടക്കാത്ത ഒരു ഡിപ്പാർട്ടുമെന്റായി മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് മാറിയിരിക്കുന്നു. മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ ഏതാനും ചില വർക്കുകൾ ഏറ്റെടുത്തു. അത് നടന്നുകൊണ്ടിരിക്കുകയാണ്. അതിന് പണം വേണ്ടേ? ഉപധനാഭ്യർത്ഥന വരുമ്പോഴെങ്കിലും അതിന് പണം ഉൾക്കൊള്ളിക്കുമെന്ന് ഞങ്ങളൊക്കെ കരുതി. സബ്ജക്ട് കമ്മിറ്റി III വളരെ ഗഹനമായി ഈ കാര്യങ്ങൾ ചർച്ചചെയ്ത് ഞങ്ങൾ ചില നിർദ്ദേശങ്ങൾ വച്ചു. പ്ലാനിംഗ് ബോർഡിലെയും ധനകാര്യ വകുപ്പിലെയും ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തി ഞങ്ങൾ അതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകളെ കുറിച്ചൊക്കെ അവരോട് പറഞ്ഞു. മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് ജനക്ഷേമകരമായ ഒട്ടേറെ കാര്യങ്ങൾ ചെയ്യുന്ന ഡിപ്പാർട്ടുമെന്റാണ്. മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങളും ഇന്ന് അസ്തമിച്ചിരിക്കുന്നു. ചെക്ക് ഡാമുകളും അതുപോലെതന്നെ പ്രധാനപ്പെട്ട പല നിർമ്മാണ പ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുന്നു. അതിനുപോലും തുക മാറ്റിവച്ചിട്ടില്ല. ഈ ഉപധനാഭ്യർത്ഥനകളെ എങ്ങനെ അനുകൂലിക്കാൻ കഴിയും എന്നുപോലും ചില സന്ദർഭത്തിൽ തോന്നിപ്പോകുകയാണ്. അതുകൊണ്ട് എനിക്ക് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് ജനങ്ങൾ ഉറ്റുനോക്കുന്ന മൈനർ ഇറിഗേഷൻ പോലുള്ള മേഖലകൾക്ക് പണം അനുവദിക്കാൻ അങ്ങ് തയ്യാറാകണം എന്നാണ്.

പൊതുമരാമത്ത് വകുപ്പിന്റെ കാര്യം പറയുകയാണെങ്കിൽ ഇവിടെ റോഡുകൾ മനോഹരമാക്കിയിരുന്നു. പക്ഷെ മഴക്കാലമായപ്പോൾ കുറെ റോഡുകൾ മോശമായിത്തുടങ്ങിയിട്ടുണ്ട് എന്നുള്ളത് വസ്തുതയാണ്. ഗുണനിലവാരമുള്ള റോഡുകളാണ് ഇന്ന് നമുക്ക് ആവശ്യം. ജനങ്ങൾ ഉറ്റുനോക്കുന്ന ഒരു ഡിപ്പാർട്ടുമെന്റാണ് പി.ഡബ്ല്യു.ഡി. എവിടെയെങ്കിലും റോഡ് മോശമായാൽ അത് വലിയ ആക്ഷേപത്തിന് ഇടവരും. ജനപ്രതിനിധികൾക്ക് റോഡിലൂടെ അല്ലെങ്കിൽ നിയോജകമണ്ഡലത്തിൽ ഇറങ്ങി നടക്കാൻ പറ്റാത്ത സാഹചര്യം ഉണ്ടാകുന്നുണ്ട്. അതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. അധികാര വികേന്ദ്രീകരണത്തെ പരക്കെ സ്വാഗതം ചെയ്യുകയും അതിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

പ്രസംഗിക്കുകയും ചെയ്യുന്ന ഞങ്ങൾക്ക് ജനങ്ങൾ ഉപയോഗിക്കുന്ന റോഡുകൾ അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായി 'അദർ ഡിസ്ട്രിക്ട്സ് റോഡ്സ്' എന്ന പേരിൽ പഞ്ചായത്തുകൾക്ക് കൈമാറിയതുകാരണം അവിടെ യാതൊന്നും നടക്കുന്നില്ല.. റോഡുകൾ മുഴുവൻ കുളമായി കിടക്കുന്നു. എന്റെ നിയോജക മണ്ഡലത്തിലാണെങ്കിൽ എം.ഡി.ആർ. ഇല്ല. മുഴുവനും ഒ.ഡി.ആർ. ആണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പക്ഷപാതപരമായ രീതിയിൽ ഒ.ഡി.ആർ. എം.ഡി.ആർ. ആക്കി എന്ന ആക്ഷേപം ഇവിടെ ഉയർന്നുവന്നിട്ടുള്ളതാണ്. അപ്പുറത്തും ഇപ്പുറത്തുമുള്ള ആളുകളൊക്കെ അതിനെക്കുറിച്ച് പറഞ്ഞു. പല നിയോജകമണ്ഡലങ്ങളിലും ഗ്രാമീണ റോഡുകൾ, വില്ലേജ് റോഡുകൾ എന്ന പേരിൽ ഇന്ന് പി. ഡബ്ല്യു. ഡി. കയ്യൊഴിഞ്ഞിരിക്കുന്നു. നാഥനില്ലാത്ത അവസ്ഥ. ഈ റോഡുകൾ നന്നാക്കണ്ടേ ? എന്താണ് ഒരു മാർഗം ? അത് പി.ഡബ്ല്യു.ഡി.-ക്ക് സർവ്വേ നടത്തി കണ്ടെത്തിയിട്ടുള്ള പ്രധാനപ്പെട്ട ഒ.ഡി.ആർ., എം.ഡി.ആർ. ആക്കി മാറ്റിക്കൊണ്ട് ആ റോഡുകളുടെ അറ്റകുറ്റ പണികൾ പൂർത്തിയാക്കാൻ പി.ഡബ്ല്യു.ഡി.-ക്ക് പണം കൂടുതൽ അനുവദിക്കണം എന്നാണ് എനിക്ക് ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന കാലയളവിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രവർത്തനത്തെക്കുറിച്ച് ജനങ്ങളുടെ ഇടയിൽ ഒരു സംസാരമുണ്ടായിരുന്നു. ആ ഗവൺമെന്റിന്റെയും കീഴിലുള്ള ഉദ്യോഗസ്ഥൻമാരുടെ ഏർപ്പാട് എന്തായിരുന്നു ? മീറ്റിംഗ്, ഈറ്റിംഗ്, പിന്നെ ചീറ്റിംഗ്. ആ രൂപത്തിലാണ് പോയത്. ഈ ഗവൺമെന്റ് വന്നപ്പോൾ അത് മാറിയെന്നാണ് ജനങ്ങൾ വിശ്വസിക്കുന്നത്. ആ നിലയിൽ പോകരുത് എന്നാണ് എനിക്ക് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. ഈ ഗവൺമെന്റിന് ജനങ്ങളോട് പ്രതിജ്ഞാബദ്ധമായ ചില കടമകളുണ്ട്. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങളുണ്ട്. ആ വാഗ്ദാനങ്ങൾ നിറവേറ്റണമെങ്കിൽ ഒരു പുതിയ കാഴ്ചപ്പാട് ഉണ്ടാകണം. അതിന് എന്റെ നിർദ്ദേശം വിഷനും മിഷനും ക്രിയേഷനും ഉണ്ടാകണം. ജനങ്ങളുടെ ഇടയിൽ ഒരു സംസാരമുണ്ടായിരുന്നു. ആ നിലയിൽ ഈ ഗവൺമെന്റ് മാറണം. വലിയ ഭാവനാസമ്പന്നനാണല്ലോ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ? അങ്ങയുടെ പാലക്കാടൻ ശൈലിയിലുള്ള സംഭാഷണമൊക്കെ കേൾക്കുമ്പോൾ ജനങ്ങൾ ആകെ പ്രചോദനം കൊള്ളുകയാണ്. അതനുസരിച്ച് ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിലും ഒരു വിഷനും മിഷനും ക്രിയേഷനും ഉണ്ടാക്കാൻ അങ്ങ് മുൻകയ്യെടുക്കണം, ഗവൺമെന്റ് അതിനുവേണ്ടി ആത്മാർത്ഥമായി പരിശ്രമിക്കണം എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. ടി. കെ. ദേവകുമാർ</u> : സർ, അങ്ങ് ഇപ്പോൾ സൂചിപ്പിച്ചത് കുറച്ച് മുൻപ് ഇവിടെ ഒരു പ്രസംഗം നടന്നതിന്റെ അടിസ്ഥാനത്തിലാണല്ലോ ? ശ്രീ. പി. ടി. തോമസിന്റെ പ്രസംഗത്തിന്റെ ആവേശം കൊണ്ടാണോ ഇപ്പോൾ ഇങ്ങനെ ഒരു പ്രസംഗം നടത്തുന്നത് ? ഈ ഈറ്റിംഗും ചീറ്റിംഗും പൂർണ്ണമായി നിലച്ചു എന്നാണോ അങ്ങയുടെ അഭിപ്രായം ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ : സർ, ശ്രീ. ടി. കെ. ദേവകുമാർ നിയമസഭയിൽ ആദ്യമായിട്ടാണ് വന്നത്, ഞങ്ങൾ കുറേ നിയമസഭകളിലായി ഈ വിഷയത്തെക്കുറിച്ച് സംസാരിക്കാറുണ്ട്. കഴിഞ്ഞ കാലത്ത് നടന്നിരുന്ന കാര്യങ്ങൾ ഞാൻ ഇപ്പോൾ എല്ലാപേരുടേയും ഓർമ്മയിൽ കൊണ്ടുവന്നു എന്നേയുള്ളൂ. ശ്രീ. ടി. കെ. ദേവകുമാറിന്റെ മണ്ഡലത്തിലൊക്കെ ഇറങ്ങിനടന്നാൽ, നാട്ടുകാർ അങ്ങനെതന്നെ പറയും. ഇപ്പോൾ ആ നിലയ്ക്ക് ഒരു മാറ്റം ഉണ്ടായിട്ടുണ്ട് എന്നാണ് ഞാൻ പറയുന്നത്.

ശ്രീ. കെ.സി. വേണുഗോപാൽ : സർ, ഇപ്പോഴും ഈ ഈറ്റിങ്ങ് നടക്കുന്നുണ്ട്. മാമാരിക്കുളം പദ്ധതിയുടെ ഭാഗമായിട്ട് ഒന്നേകാൽ കോടി രൂപ സെമിനാർ നടത്താനും ഈറ്റിംഗിനും വേണ്ടിയിട്ടാണ് ഉപയോഗിച്ചത് എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ജോണി നെല്ലൂർ : സർ, ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് നടന്നിരുന്നത് അതാണ്, ഇപ്പോഴും ചില സ്ഥലങ്ങളിൽ അങ്ങനെ നടക്കുന്നുണ്ടെങ്കിൽ ജനങ്ങൾക്ക് യോജിപ്പ് ഇല്ല എന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് അതിന് ഒരു മാറ്റം ഉണ്ടാകണം. ഈ രംഗത്ത് ഉണ്ടാകേണ്ട മാറ്റങ്ങളെക്കുറിച്ച് ഞാൻ സൂചിപ്പിച്ചു എന്നേയുള്ളൂ. എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ജനങ്ങൾ ഒട്ടേറെ പ്രതീക്ഷ അർപ്പിച്ചിരിക്കുന്ന ഒരു ഗവൺമെന്റാണിത്. തെരഞ്ഞെടുപ്പ് സന്ദർഭത്തിലും അതിന് മുമ്പും ഈ കേരളമാകെ തകർന്നു കിടക്കുന്ന ഒരു സാഹചര്യമാണ് ഉണ്ടായിരുന്നത്. എല്ലാ മേഖലയിലും ജനങ്ങൾക്ക് പൊറുതി മുട്ടിയ ഒരു സാഹചര്യമായിരുന്നു. കേരളത്തിലെ ജനങ്ങളൊട്ടാകെ ആവേശത്തോടുകൂടി ഉയിർത്തെഴുന്നേൽപ്പ്, നടത്തിയതിന്റെ ഫലമായി 100 സീറ്റുകളുടെ പിൻബലത്തോടുകൂടി അധികാരത്തിലെത്തിയ ഗവൺമെന്റിന് സംസ്ഥാനത്തെ ജനങ്ങളോട് പ്രതിബദ്ധതയുണ്ട് ; അവരെ നിരാശരാക്കാൻ പാടില്ല. എന്തിന്റെ പേരിലാണെങ്കിലും ഗവൺമെന്റ് അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമ്പോൾ ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിക്കാനും ഗവൺമെന്റിന് ബാദ്ധ്യതയുണ്ട്. അതിൽ നിന്നും അണുപോലും പുറകോട്ടുപോകാൻ ഈ ഗവൺമെന്റ് തയ്യാറാകരുത് എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. പി. ജയരാജൻ : സർ, ബഹുമാനപ്പെട്ട ജോണി നെല്ലൂരിന്റെ പ്രസംഗത്തിൽ നിരാശയാണ് നിഴലിച്ചുനിൽക്കുന്നത്. രണ്ടു വർഷത്തെ യു.ഡി.എഫ്. ഭരണത്തിൻ കീഴിൽ അദ്ദേഹത്തിന് നിരാശ മാത്രമാണുള്ളത്. അത് അദ്ദേഹം പരസ്യമായിട്ട് പറഞ്ഞിട്ടുണ്ട്. അദ്ദേഹം പറഞ്ഞു, മുഖ്യമന്ത്രിയുടെ പ്രസ്താവന യു.ഡി.എഫ്.-ന്റെ പ്രതിച്ഛായ ആകെ തകർന്നിട്ടുണ്ട് എന്ന അഭിപ്രായത്തിൽ അദ്ദേഹം ഉറച്ചുനിൽക്കുന്നു.

ശ്രീ. ജോണി നെല്ലൂർ : സർ, ശ്രീ. പി. ജയരാജൻ മറ്റുപാർട്ടി, ഐക്യജനാധിപത്യ മുന്നണി ചില മിനിമം പരിപാടികളുടെ അടിസ്ഥാനത്തിൽ രൂപം കൊടുത്തിരിക്കുന്ന ഒരു മുന്നണിയാണ്. ജനാധിപത്യ പാർട്ടികളാണ് അതിലു

ള്ളത്. ആ ജനാധിപത്യ പാർട്ടികൾ അഭിപ്രായ സ്വാതന്ത്ര്യം ഉള്ളവരാണ്. ഞങ്ങൾ തമ്മിൽ അഭിപ്രായം പറയും. പക്ഷെ അങ്ങ് ഇവിടെ പറഞ്ഞതുപോലുള്ള അഭിപ്രായമൊന്നും ഞാൻ ഒരിക്കലും പറഞ്ഞിട്ടില്ല. പറയുകയുമില്ല. മുഖ്യമന്ത്രി നടത്തിയ പ്രസ്താവന ന്യൂനപക്ഷങ്ങൾക്കിടയിൽ വേദന ഉണ്ടാക്കിയിട്ടുണ്ട് എന്നുള്ള കാര്യത്തിൽ എനിക്ക് തർക്കമില്ല. അത് അതിന് വിശദീകരണം നൽകിയപ്പോൾ അദ്ദേഹം അങ്ങനെ ഉദ്ദേശിച്ചായിരുന്നില്ല എന്നു പറഞ്ഞു. പക്ഷെ ആ പ്രസ്താവന നടത്തിയതിന്റെ പേരിൽ മുന്നണിയുടെ പ്രതിച്ഛായ തകർന്നു എന്നുള്ള അഭിപ്രായം ഞങ്ങൾക്കില്ല. സത്യത്തിൽ ഇടതുപക്ഷജനാധിപത്യമുന്നണിയുടെ സ്ഥിതി നോക്കുമ്പോൾ സഹതാപം തോന്നുകയാണ്. ഇതുപോലെ വിഷയദാരിദ്ര്യം അനുഭവപ്പെടുന്ന ഒരു മുന്നണിയുണ്ടോ? മാർക്സിസ്റ്റ് പാർട്ടിയുടെ നേതാക്കൻമാർക്ക് വിഷയ ദാരിദ്ര്യമല്ലേ ഉള്ളത്. ഗ്രൂപ്പുകളും അതിന്റെ താഴെയുള്ള ഗ്രൂപ്പുകളുമായി നിൽക്കുന്നു. കോൺഗ്രസിന്റെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടേണ്ട കാര്യം മാർക്സിസ്റ്റ്പാർട്ടിയ്ക്ക് ഉണ്ടോ? ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന് നേതൃത്വം കൊടുക്കുന്ന കക്ഷിയാണ് കോൺഗ്രസ്സ് ആ കോൺഗ്രസ്സ് പാർട്ടിക്ക് ആഭ്യന്തര കാര്യങ്ങൾ പലതും ഉണ്ടാകും. അതിനകത്ത് ഞങ്ങൾ ഘടക കക്ഷികൾ ഇടപെടേണ്ട കാര്യമില്ല. പക്ഷെ എന്തിന്റെ പേരിലാണെങ്കിലും ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിക്കാൻ ഈ ഗവൺമെന്റിനും മുന്നണിക്കും ചുമതലയുണ്ട്. അതാണ് എന്റെ അഭിപ്രായം. ഞാൻ എന്റെ അഭിപ്രായമാണ് പറഞ്ഞത്. അല്ലാതെ ശ്രീ. ജയരാജൻ ഉദ്ദേശിച്ച മാതിരി മുഖ്യമന്ത്രിക്ക് എതിരായോ മുഖ്യമന്ത്രിയുടെ പ്രസ്താവനയ്ക്ക് എതിരായോ പറയുന്ന സ്വഭാവക്കാരല്ല ഞങ്ങൾ. പോക്ക് ശരിയല്ല, എന്നു തോന്നിയാൽ അത് തുറന്നുപറയാൻ മടിക്കുന്നവരല്ല ഞങ്ങൾ. അങ്ങനെ ഒരു സാഹചര്യം ഇപ്പോൾ കേരളത്തിൽ ഇല്ല.

എനിക്ക് ബഹുമാന്യനായ മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് പൊതുജനങ്ങൾ ഏറ്റവും കൂടുതൽ ശ്രദ്ധിക്കുന്ന വകുപ്പുകൾ ഈ ഗവൺമെന്റിന്റെ പ്രതിച്ഛായ താങ്ങിനിർത്തുന്ന വകുപ്പുകളാണ്. ആ വകുപ്പുകളുടെ പ്രവർത്തനത്തിന് എവിടെ നിന്നാണെങ്കിലും ആവശ്യത്തിന് പണം കൊടുത്ത മതിയാകൂ. അതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തണം. ഇവിടെ കമ്മി വർദ്ധിച്ചു എന്നുപറഞ്ഞു. കമ്മി വർദ്ധിച്ചത് എങ്ങനെയാണ്? കമ്മി വർദ്ധിച്ചത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഉണ്ടാക്കിവച്ച വലിയ കടം മുഴുവൻ കൊടുത്തുതീർത്തതുകൊണ്ടാണ്. കഴിഞ്ഞ ഗവൺമെന്റ് സാമൂഹ്യക്ഷേമ പെൻഷനുകളൊന്നും കൊടുത്തിട്ടില്ല. കുഷ്ഠരോഗികളുടെ പെൻഷൻ, വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, അഗതി പെൻഷൻ ഇതൊന്നും കൊടുത്തിട്ടില്ല. ഈ ഗവൺമെന്റ് അതു മുഴുവൻ കൊടുത്തു. കരാറുകാരുടെ 1500 കോടി രൂപ കൊടുത്തു. ഇങ്ങനെയൊക്കെ കൊടുത്തപ്പോൾ അൽപ്പം കമ്മി വർദ്ധിച്ചു. അത് വർദ്ധിക്കാതിരിക്കാമോ? എനിക്ക് ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രിയോട് ഒന്നേ പറയാനുള്ളൂ. ഈ ഗവൺമെന്റിൽ ജനങ്ങൾ അർപ്പിച്ചിരിക്കുന്ന വിശ്വാസം കാത്ത്

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷിക്കാനുള്ള ബാദ്ധ്യത ഗവൺമെന്റിനുണ്ട്. ആ ബാദ്ധ്യത നിറവേറ്റാൻ ജനോപകാരപ്രദമായ കാര്യങ്ങൾ ചെയ്തുകൊണ്ട് അവശേഷിച്ച കാലയളവിൽ ജനങ്ങളുടെ വിശ്വാസം കൂടുതൽ ആർജ്ജിച്ചുകൊണ്ട് മുന്നോട്ടുപോകുവാൻ ഈ ഗവൺമെന്റ് തയ്യാറാകണം. ജീവകാരുണ്യ പ്രവർത്തനത്തിന്റെ കാര്യത്തിലും മറ്റുള്ള കാര്യങ്ങളിലുമൊക്കെ ചെലവഴിക്കാൻ വേണ്ടിയാണ് പണം ആവശ്യപ്പെട്ടിരിക്കുന്നത്. വൈപ്പിൻ മേഖലയിൽ കുടിവെള്ളം കൊടുത്തതിന് ലാറിക്കാർക്ക് പൈസ കൊടുക്കാനുണ്ട്. ജനോപകാര പ്രവർത്തനങ്ങൾ ചെയ്യുന്നതിന് ഇത്തിരി തുക വേണമെന്ന് പറഞ്ഞാൽ അതിനെ എതിർക്കുന്ന അത്രയും അധഃപതിക്കാമോ പ്രതിപക്ഷം ? അങ്ങനെ ജനോപകാരപ്രദമായ പരിപാടികളുമായിട്ട് മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റ് അതിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഉപധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽക്കൂടി പിൻതാങ്ങുന്നു.

ശ്രീ. സി. കെ. നാണു : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട മേഖല വിദ്യാഭ്യാസ മേഖലയാണ്. സ്വാതന്ത്ര്യസമ്പാദനത്തിനുശേഷം കേരളത്തിൽ വിദ്യാഭ്യാസ രംഗത്ത് നമ്മൾ സ്വീകരിച്ചുവരുന്ന, ഒരു പക്ഷേ ഇൻഡ്യയിൽ വിദ്യാഭ്യാസത്തിൽ മുമ്പന്തിയിൽ നിൽക്കുന്നതിന് സഹായകരമായ കേരളത്തിലെ വിദ്യാഭ്യാസ സമീപനം മാറ്റി വിദ്യാഭ്യാസത്തെ സ്വകാര്യവൽക്കരിച്ചു. ആരോഗ്യ മേഖലയെക്കുറിച്ച് പറയുകയാണെങ്കിൽ കേരളം ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളേക്കാളും പാവപ്പെട്ട ആളുകൾക്ക് ചികിൽസാ സൗകര്യങ്ങൾ വളരെയധികം നൽകിയ സംസ്ഥാനമാണ്. ആ സംസ്ഥാനത്തിന് അടുത്ത കാലത്തുണ്ടായ മാരകമായ രോഗത്തിനുപോലും മരുന്നിനാവശ്യമായ ഫണ്ട് അനുവദിക്കാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. ചെറുകിട വ്യവസായ മേഖലയിൽ വൻപിച്ച പ്രതിസന്ധിയാണ്. കൈത്തറി മേഖലയിലും മറ്റ് പല മേഖലകളിലുമുള്ള ബഹുഭൂരിപക്ഷം ആളുകൾക്കും കഴിഞ്ഞ കാലത്തൊരിക്കലും ഉണ്ടാകാത്ത വിധത്തിൽ തൊഴിലില്ലായ്മ, അതിരൂക്ഷമായിരിക്കുകയാണ്. ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള പുത്തൻ സാമ്പത്തിക നയത്തിന്റെ ഫലമായി മുതലാളിത്ത രാജ്യങ്ങളും മൾട്ടിനാഷണൽ കോർപ്പറേഷനുകളും ഇഷ്ടംപോലെ അവരുടെ ഉൽപ്പന്നങ്ങൾ ഇവിടെ ഡമ്പ് ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതുമൂലം ഉളവായിട്ടുള്ള പ്രതിസന്ധിയാണ് പ്രധാന പ്രശ്നം. അഭിമുഖീകരിക്കാൻ കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളോടൊപ്പം നിൽക്കുന്ന ഗവൺമെന്റിന് ശ്രീ. എ. കെ. ആന്റണി നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട ശ്രീ. ശങ്കരനാരായണൻ ധനകാര്യവകുപ്പ് മന്ത്രിയായിരിക്കുന്ന ഗവൺമെന്റിന് സാധിച്ചോ? ഓരോരോ മേഖലകൾ പരിശോധിച്ചാലും അത് സാധിച്ചില്ല എന്ന് ബോദ്ധ്യമാകുന്നുണ്ട്. വിദ്യാഭ്യാസത്തെ സംബന്ധിച്ച പ്രശ്നങ്ങൾ വന്നപ്പോൾ, എൻജിനീയറിംഗ് കോളജുകൾക്ക് വേൾഡ് ബാങ്കിന്റെ ധനസഹായം ലഭിക്കുന്ന അവസരത്തിലെല്ലാം സ്വകാര്യമേഖലയ്ക്ക് അനുകൂലമായ സമീപനമാണ് സ്വീകരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ബഹുമാനപ്പെട്ട പി. ടി. തോമസ് ചില രാഷ്ട്രീയ പ്രശ്നങ്ങളെ സംബന്ധിച്ച് പറഞ്ഞു. അദ്ദേഹം പറഞ്ഞ ഒരു കാര്യം 1977 കാലത്ത് മൊറാർജി ദേശായി അതുപോലെ വാജ്പേയി, ശ്രീ. അദ്വാനി അതുപോലുള്ളവരൊക്കെ ഒരുമിച്ചുനിന്നു. 1977-ന് ശേഷം ശ്രീ. പി.ടി. തോമസ് അടക്കം അതിന്റെ തത്വശാസ്ത്രം അംഗീകരിച്ചു എന്ന് തോന്നുന്നു. ജനതാദൾ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇൻഡ്യയിലുണ്ടായ രാഷ്ട്രീയ സാഹചര്യങ്ങൾ വിലയിരുത്തിയപ്പോൾ അന്നെടുത്ത നിലപാട് തെറ്റിപ്പോയി എന്ന് വിലയിരുത്തിയ വിഭാഗത്തിൽപ്പെട്ട ആളായിരുന്നു ശ്രീ. പി.ടി. തോമസ് എന്ന് എനിക്ക് തോന്നുന്നു. എന്തായിരുന്നു അതിന്റെ സാഹചര്യം എന്നു താങ്കൾക്കുതന്നെ അറിയാം. അതിനുമുമ്പ് ഇന്ത്യയിൽ അവരുടെ നയപരിപാടികളുമായി നീങ്ങിയവരാണ്. നെഹ്റുവിന്റെ കാലത്തുള്ള കോൺഗ്രസ് ഇന്ത്യയിലെ ജനാധിപത്യത്തെ തകർക്കാൻ ശ്രമിച്ചില്ല. അധികാരം സംരക്ഷിക്കാൻ എന്ത് മാർഗ്ഗവും സ്വീകരിക്കാൻ നെഹ്റു തയ്യാറായില്ല. 1974-നുശേഷം ഇന്ത്യയിലുണ്ടായ രാഷ്ട്രീയ സാഹചര്യങ്ങളുടെ ഫലമായി ഇന്ദിരാഗാന്ധി ഇന്ത്യൻ ജനാധിപത്യത്തെ തകർത്തപ്പോൾ, അതുവരെ യോജിക്കാതിരുന്ന ഭാരതീയ ജനസംഘ് അടക്കമുള്ള രാഷ്ട്രീയ കക്ഷികൾ ഒത്തുചേർന്നു. അടിയന്തരാവസ്ഥക്കാലത്ത് ഇന്ത്യയിലെ ജനാധിപത്യത്തെ നിലനിർത്താൻ ഭാരതീയ ജനസംഘ് അടക്കം ഒരുമിച്ച് കൊണ്ടുവന്നതെന്ന സാഹചര്യമുണ്ടാക്കിയത് കോൺഗ്രസാണ് ; ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ് (ഐ) ആണ്. ജനതാ ഭരണകാലത്ത് ഇന്ത്യയിലെ ഏതെങ്കിലും ഒരു സ്ഥലത്ത് വർഗ്ഗീയ സംഘർഷമുണ്ടായോ? ശ്രീ. വാജ്പേയിയും ശ്രീ. അദ്വാനിയും കേന്ദ്ര മന്ത്രിമാരായി മൊറാർജി ദേശായിയുടെ മന്ത്രിസഭയിലിരുന്നുകൊണ്ട് ബാബറി മസ്ജിദ് പൊളിച്ചുമാറ്റണമെന്നോ, ഇന്ന് കേൾക്കുന്നതുപോലെ, ഉത്തര മഥുരയിലെ ക്ഷേത്രം കാശിയിലെ ക്ഷേത്രം, സമീപമുള്ളവ മാറ്റണമെന്നോ ഇന്ത്യയിലെ അന്നത്തെ കേന്ദ്രമന്ത്രിസഭയോ ബി.ജെ.പി. നേതാക്കളോ, പഴയ ഭാരതീയ ജനസംഘ് ഭരിച്ച ഉത്തർ പ്രദേശിലെ മന്ത്രിസഭയോ ഇത്തരത്തിലുള്ള ആവശ്യം ഉന്നയിച്ചോ എന്ന് പറയാൻ നിങ്ങൾക്ക് സാധിക്കുമോ? ജനതാ പാർട്ടി ഇന്ത്യ ഭരിച്ച കാലത്ത്, മൊറാർജി ദേശായി ഇന്ത്യ ഭരിച്ച സമയത്ത് അത്തരം ഒരു സാഹചര്യമുണ്ടായിട്ടില്ല. എന്നാലും ഞാൻ ആവർത്തിക്കുന്നു, ഭാരതീയ ജനസംഘ് അടക്കം ഒരുമിച്ച് ഭരിക്കാൻ ഇടയാക്കിയ രാഷ്ട്രീയ സാഹചര്യം ഉണ്ടാക്കിയവർ നിങ്ങളാണ്. ശ്രീ. വി. പി. സിംഗ് ഇന്ത്യൻ പ്രധാനമന്ത്രി ആയിരുന്ന സമയത്ത് ഇന്ത്യയിലെ ബഹുഭൂരിപക്ഷം വരുന്ന പിന്നോക്ക വിഭാഗങ്ങൾക്ക് അധികാരത്തിന്റെ പങ്ക് ലഭിക്കാനുള്ള സാഹചര്യമുണ്ടാക്കി. ഞാൻ പറഞ്ഞത് തെറ്റാണെന്ന് പറയാൻ ആർക്കെങ്കിലും സാധിക്കുമെങ്കിൽ ഞാൻ അവരെ ക്ഷണിക്കുകയാണ്. അതുപോലെതന്നെ ശ്രീ. വി. പി. സിംഗിന്റെ ഭരണകാലത്ത് മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കി. ഇന്ത്യാ രാജ്യത്ത് 52 ശതമാനം വരുന്ന പിന്നോക്കവിഭാഗത്തിൽ 9 ശതമാനം മാത്രമാണ് മുസ്ലീങ്ങളും ലത്തീൻ കത്തോലിക്കരും. ഭൂരിപക്ഷ സമുദായത്തിലെ പിന്നാക്ക വിഭാഗത്തിന് അധികാരത്തിൽ പങ്കാളിത്തം ലഭിച്ചപ്പോൾ അതിനെ തകർക്കാൻ, ആ ഗവൺമെന്റിന് ബി. ജെ. പി. നൽകിയ പിന്തുണ പിൻവലിച്ചപ്പോൾ, ആ

LIBRARY ARCHIVES Kerala Legislative Assembly

ബി.ജെ.പി.-യുടെ കൂടെ വി.പി. സിംഗ് ഗവൺമെന്റിനെ പുറത്താക്കാൻ ഒരുമിച്ച് നിന്നവരാണ് കോൺഗ്രസ് (ഐ.) ഇത് സംസാരിക്കുന്ന ശ്രീ. കുട്ടി അഹമ്മദ് കുട്ടി മനസ്സിലാക്കണം. മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കിയ വി. പി. സിംഗ് ഗവൺമെന്റിനെ തകർക്കാൻ ബി.ജെ.പി.-യോടൊപ്പം ഒരുമിച്ച് നിന്നവരാണ് ഇവർ ശ്രീ. എം.പി. ഗംഗാധരൻ അവിടെ ഇരിക്കുകയാണ്. പഴയ കാലത്തെ രാഷ്ട്രീയ സംഭവങ്ങൾ ഞാൻ ഓർമ്മിപ്പിക്കുകയാണ്. കേരളത്തിൽ മുസ്ലീംലീഗും കോൺഗ്രസും തമ്മിൽ ധാരണ ഉണ്ടാക്കിയശേഷം, പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ അന്നത്തെ അഖിലേന്ത്യാ കോൺഗ്രസ് കേരളത്തിലെ കോൺഗ്രസിനോട് സ്വീകരിക്കാൻ പറഞ്ഞ ചില നടപടികളുണ്ടായിരുന്നു. കേരളത്തിലെ കോൺഗ്രസ് അതു സ്വീകരിച്ചു. 1965-ൽ ഇവിടെ നിയമസഭാ തെരഞ്ഞെടുപ്പ് വന്നു. ഒരു കക്ഷിക്കും ഭൂരിപക്ഷം ലഭിച്ചില്ല. കെ. സി. എബ്രഹാം നേതൃത്വം നൽകിയ അന്നത്തെ കോൺഗ്രസിനെ പലരുമായി ചേർന്ന് മന്ത്രിസഭ ഉണ്ടാക്കാൻ ക്ഷണിച്ചു. ആ ഘട്ടത്തിൽ എബ്രഹാം മാഷ് നേതൃത്വം നൽകിയ കോൺഗ്രസ് അതിന് സന്നദ്ധമായില്ല. 1969-ലെ കോൺഗ്രസ് പിളർപ്പിനുശേഷം ആരായിരുന്നു കേരളത്തിലെ കോൺഗ്രസ്(ഐ)യുടെ പ്രസിഡന്റ് ? ആരായിരുന്നു ജനറൽ സെക്രട്ടറി ? നിങ്ങൾക്കെല്ലാപേർക്കും അറിയാം. പ്രത്യേകിച്ച് ആ ഭാഗത്തിരിക്കുന്നവർക്കറിയാം. 1969-നുശേഷം പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഇന്ത്യയിലെ രാഷ്ട്രീയ സാഹചര്യം വിലയിരുത്തുകയുണ്ടായി. നിലമ്പൂരിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ ഏതെല്ലാം കക്ഷികളുടെ കൊടികളാണ് ഒരുമിച്ച് കൂട്ടിക്കെട്ടിയത് ?

ശ്രീ. എം.പി. ഗംഗാധരൻ : സർ, നാണുവേട്ടൻ പല കാര്യങ്ങളും മറന്നുകൊണ്ടാണ് സംസാരിക്കുന്നത്. ശ്രീ. വി. പി. സിംഗ് അടക്കമുള്ള നേതാക്കന്മാർക്ക് ജനതാ പാർട്ടിയിലെ ജയപ്രകാശ് നാരായണന്റെ അശീർവാദത്തോടുകൂടി എന്തെല്ലാം മാറ്റങ്ങൾ കഴിഞ്ഞ 25 കൊല്ലമായി ഉണ്ടായി. അത് മറന്നുകൊണ്ടാണ് അങ്ങ് സംസാരിക്കുന്നത്.

ശ്രീ. സി.കെ. നാണു : സർ, ബഹുമാനപ്പെട്ട എം. പി. ഗംഗാധരൻ മനസ്സിലാക്കേണ്ടത്, മൊറാർജി ദേശായിയുടെ കാലവും ശ്രീ. വി. പി. സിംഗിന്റെ കാലവും രണ്ടാണ്. 1969-ലെ കോൺഗ്രസ് പിളർപ്പിനുശേഷം ഏതെല്ലാം പ്രതിലോമ ശക്തികൾക്ക് പല ഘട്ടങ്ങളിലായി കടന്നുവരാൻ വഴി ഉണ്ടാക്കിക്കൊടുത്തവർ ആരായിരുന്നു എന്ന് വിനീതമായി ഈ അവസാനഘട്ടത്തിൽ പരിശോധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എം. പി. ഗംഗാധരൻ : സർ, 1947-ൽ കേരളത്തിലുണ്ടായ രാഷ്ട്രീയമാറ്റം ഇടതുപക്ഷ പാർട്ടിയെ സംബന്ധിച്ച് എന്തായി ?

ശ്രീ. സി.കെ. നാണു : സർ, വി.പി. സിംഗ് ഗവൺമെന്റ് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയ അവസരത്തിൽ മാർക്സിസ്റ്റ് പാർട്ടി അടക്കമുള്ള കക്ഷികൾ, ഇന്ത്യൻ പാർലമെന്റിൽ ശ്രീ. വി.പി. സിംഗ് തന്നെ പിന്താങ്ങിയിരുന്നു. അത് മറന്നുപോകരുത്. ആരാണ് ഈ സംസ്ഥാനത്തെ ന്യൂനപക്ഷങ്ങളുടെ, പിന്നോക്ക വിഭാഗങ്ങളുടെ താൽപ്പര്യത്തിന് വിരുദ്ധമായി

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങുന്നത് ? ഇന്ത്യൻ പാർലമെന്റിൽ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് അവതരിപ്പിച്ചപ്പോൾ എൻ.എസ്.യു.ഐ.-യെ അടക്കം മംഗത്തിറക്കി മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനെതിരെ അണിനിരന്നവർ ആരാണ്? രാഷ്ട്രീയ പ്രശ്നങ്ങൾ സത്യസന്ധമായി വിലയിരുത്താൻ എല്ലാവരും സന്നദ്ധമാകണം. ഈ രാജ്യത്ത് ഭൂരിപക്ഷ വർഗ്ഗീയത വളർത്താൻ സാഹചര്യമുണ്ടാക്കിയത് ആരാണ് ? "കോൺഗ്രസ് (ഐ). ശിലാന്യാസം നടത്താൻ ശ്രീ. അദ്വാനി പറഞ്ഞത് അനുവാദം നൽകിയതുകൊണ്ടാണ് ബി.ജെ.പി. വളർന്നത്" എന്നാണ് പറഞ്ഞത്. ഇന്ത്യയിൽ ഭൂരിപക്ഷ വർഗ്ഗീയത വളർത്താൻ സഹായിച്ചവർ നിങ്ങളായിരുന്നു. ഞാൻ വളരെ വിഷമത്തോടെ പറയുകയാണ്. ഈ രാജ്യത്തെ ജനങ്ങളെയും ന്യൂനപക്ഷങ്ങളെയും സംരക്ഷിക്കേണ്ടവർ നിങ്ങളായിരുന്നു.

ശ്രീ. കെ. സി. ജോസഫ് : സർ, മൊറാർജി ദേശായിയുടെ കാബിനറ്റിൽ അദ്ദേഹം External Affairs Minister ആയിരുന്നു. ശ്രീ. വാജ്പേയിയും ശ്രീ. അദ്വാനിയും മെമ്പർമാരായിരുന്നു. അത് മറന്നുകൊണ്ടാണ്, ഞങ്ങളാണ് വർഗ്ഗീയതയെ സഹായിക്കുന്നതെന്ന് പറയുന്നത് ശരിയല്ല.

ശ്രീ. സി. കെ. നാണു : സർ, ശ്രീ. വാജ്പേയി, മൊറാർജി മന്ത്രിസഭയിലെ വിദേശകാര്യ മന്ത്രി ആയിരുന്നു. ഇന്ദിരാഗാന്ധിയുടെ ഭരണകാലത്ത് ഇന്ത്യയും ബംഗ്ലാദേശും ഇന്ത്യയും നേപ്പാളും ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള ബന്ധം മോശമായിരുന്നോ ?

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് കണ്ക്ലൂഡ്. നിങ്ങളുടെ സമയം കഴിഞ്ഞു.

ശ്രീ. സി.കെ. നാണു : സർ, ഞാൻ നേരത്തെ പറഞ്ഞു, ശ്രീ. വാജ്പേയി ഇന്ത്യയുടെ വിദേശകാര്യമന്ത്രിയായിരുന്നു എന്ന്. മൊറാർജി ദേശായി ഗവൺമെന്റ് പാകിസ്ഥാനുമായി സ്വീകരിച്ച നടപടികളുടെ ഫലമായി മൊറാർജി പ്രധാനമന്ത്രി പദത്തിൽനിന്ന് മാറിയശേഷം പാകിസ്ഥാൻ പ്രധാനമന്ത്രി ശ്രീ. നവാസ് ഷെരീഫ് ബോംബെയിൽ വന്ന് മൊറാർജി ദേശായിക്ക് പാകിസ്ഥാന്റെ പരമോന്നത ബഹുമതി നൽകിയത് ഓർക്കണം. ഞാൻ വ്യക്തമാക്കുന്നത്, ശ്രീ. വാജ്പേയിയും ശ്രീ. അദ്വാനിയും മൊറാർജി ദേശായിയുടെ മന്ത്രിസഭയിലുണ്ടായിട്ടും അവരുടെ ഭരണകാലത്ത് വർഗ്ഗീയമായ ഒരു നടപടിയും ഉണ്ടായിട്ടില്ല എന്നാണ് ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. ഇ. എം. അഗസ്തി : സർ, ഞാൻ ഈ സപ്ലിമെന്ററി ഡിമാന്റുകളെ അനുകൂലിക്കുകയാണ്. 493.56 കോടി രൂപയുടെ സപ്ലിമെന്ററി ഡിമാന്റാണ് ഈ സഭയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിരിക്കുന്നത്. 312.43 കോടി രൂപയുടെ പ്ലാൻ എക്സ്പെന്റിച്ചറും 181.13 കോടി രൂപയുടെ നോൺ പ്ലാൻ എക്സ്പെന്റിച്ചറുമാണ്. അതുപോലെ അസാധാരണമായ സാഹചര്യത്തിൽ കണ്ടിജൻസി ഫണ്ടിൽനിന്ന് പണം പിൻവലിച്ച് അത്യാവശ്യ കാര്യങ്ങൾ നടത്തുന്നതിനുള്ള അംഗീകാരത്തിനുകൂടി സഭയുടെ മുമ്പാകെ സമർപ്പിച്ചിരിക്കുകയാണ്. അത് കേവലം ഒരു കോടി 79 ലക്ഷം രൂപയുടേത്

LIBRARY ARCHIVES Kerala Legislative Assembly

മാത്രമാണ്. സഭയിൽ അവതരിപ്പിച്ച സപ്ലിമെന്ററി ഡിമാന്റിൽ ഉന്നയിച്ചിരിക്കുന്ന കാര്യങ്ങളൊക്കെ ജനക്ഷേമകരങ്ങളായ പദ്ധതികൾക്കുവേണ്ടിയുള്ളതാണ് എന്നത് അഭിമാനപൂർവം ഈ സഭയിൽ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിൽ ഏറ്റവും ആദ്യത്തെ ഡിമാന്റ് നിയമസഭാ മന്ദിരത്തിന് ഒരു ഓഫ്സെറ്റ് പ്രിന്റിംഗ് പ്രസ്സ് ഉണ്ടാക്കുക എന്നതാണ്. ഡൽഹിയിലെ റസിഡന്റ് കമ്മീഷണർ ഓഫീസിന്റെ ഉപയോഗത്തിന് കാർ വാങ്ങിക്കുന്നതിനും നിയമവകുപ്പിനെ മോഡ ണൈസ് ചെയ്യുന്നതിനും ഉപധനാഭ്യർത്ഥനയിലൂടെ പണം അഭ്യർത്ഥിച്ചിട്ടുണ്ട്. കൃഷി, വാട്ടർ മാനേജുമെന്റ്, ഹെർബൽ മെഡിസിൻ, ഫിഷറീസ് എന്നിവ യ്ക്കൊക്കെ കേരളത്തിന്റെ മാത്രമായ തനത് പാരമ്പര്യ സാങ്കേതിക വിദ്യ ഉണ്ട്. അത് പരിപോഷിപ്പിക്കുന്നതിന് 3 കോടി രൂപ സപ്ലിമെന്ററി കേന്ദ്രാവിഷ്കൃത പദ്ധതിയിലെ മാച്ചിംഗ് ഫണ്ടായി സപ്ലിമെന്ററി ഡിമാന്റിൽ അനുവാദത്തിനുവേണ്ടി നിൽക്കുകയാണ്.

സുപ്രധാനമായ ചില ഭരണ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി വന്ന അധിക ചെലവുകൾക്ക് വേണ്ടിയും ഹ്യൂമൻ ഡെവലപ്മെന്റ് കൗൺസിലിന്റെയും അതുപോലെതന്നെ ധനകാര്യ കമ്മീഷന്റെ ശുപാർശകൾ അനുസരിച്ചും ഗവൺമെന്റ് ഭരണം കാര്യക്ഷമമാക്കാനുള്ള പദ്ധതികൾക്ക് വേണ്ടിയും ഇവിടെ ഡിമാന്റ് അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. തെരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രവർത്തനത്തിനും സ്റ്റേറ്റ് ഹ്യൂമൻ ഡെവലപ്മെന്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടിയുള്ള പുതിയ ഒരു ഡിമാന്റും ഏറ്റവും പ്രധാനമായ കണ്ടിജൻസി ഫണ്ടിൽനിന്ന് പണം ചെലവഴിച്ചതിന്റെ അംഗീകാരത്തിന് വേണ്ടിയുള്ള ഡിമാന്റും ഈ സഭയിൽ വന്നിട്ടുണ്ട്. സെയിൽസ് ടാക്സ് വകുപ്പ് കാര്യക്ഷമമാക്കുന്നതിന് വേണ്ടി 37 പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് കണ്ടിജൻസി ഫണ്ടിൽ നിന്ന് പിൻവലിച്ചിരിക്കുന്ന തുകയുടെ അംഗീകാരത്തിന് വേണ്ടിയുള്ള ഡിമാന്റും ട്രഷറി കമ്പ്യൂട്ടറൈസേഷന് വേണ്ടിയുള്ള ഡിമാന്റും ഈ സഭയുടെ മുൻപാകെയുണ്ട്. അതിൽ പരിഷ്ക്കരണം ആവശ്യമില്ലാത്ത ട്രഷറി നിയമസഭയിലേതാണ്. ബാക്കി എല്ലാ ട്രഷറികളും വളരെ പഴയ ഭരണക്രമത്തിൽ തന്നെ നിൽക്കുന്നു. ട്രഷറിയിൽ ചെല്ലുന്ന എല്ലാവർക്കും പരാതിയാണ്. ഗവൺമെന്റുകൾ ഏത് വന്നാലും ട്രഷറിയെ സമീപിക്കുന്ന മുഴുവൻ ആളുകൾക്കുമുള്ള പരാതി അനന്തമായ കാത്തുനിൽപ്പാണ്. ഏത് ഗവൺമെന്റാണെങ്കിലും ട്രഷറിയിൽ ചെല്ലുന്നവർ ആ ഗവൺമെന്റിനെ ശപിച്ചിട്ടേ അവിടെ നിന്ന് പോകാറുള്ളൂ. അതിന് മാറ്റം വരുത്തുന്നതിന് ട്രഷറി പരിഷ്ക്കരിക്കുന്നതിന് വേണ്ടിയുള്ള പദ്ധതിയും സമർപ്പിക്കപ്പെട്ടിട്ടുണ്ട്. അങ്ങനെ നിരവധിയായ പദ്ധതികൾ സഭയുടെ മുൻപാകെയുണ്ട്. എന്റെ നിയോജകമണ്ഡലമായ പീരുമേട് വലിയ സാമ്പത്തിക പ്രതിസന്ധിയിലാണ്. ഇന്ന് രാവിലെ എന്റെ സുഹൃത്ത് ശ്രീ. ജയചന്ദ്രൻ സഭയിൽ ഉന്നയിച്ച പ്രധാനപ്പെട്ട പ്രശ്നം, പീരുമേട് താലൂക്ക് മേഖലയിലെ പ്രതിസന്ധിമൂലം 19 തോട്ടങ്ങൾ അടഞ്ഞുകിടക്കുന്നതിനെ തുടർന്ന് 25,000-ത്തോളം വരുന്ന തൊഴിലാളികൾക്ക് ജോലിയുമില്ല, കൂലിയുമില്ല എന്നുപറയാവുന്ന

12 NOON]

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിതിവിശേഷം നിലനിൽക്കുകയാണ്. ഇനി വല്ലപ്പോഴും ജോലി ലഭിച്ചാലും കൂലി ലഭിക്കുന്നില്ല എന്ന യാഥാർത്ഥ്യമുണ്ടായിരുന്നു. ഈ പ്രശ്നത്തിനിടയിൽ നിന്ന് ഗവൺമെന്റിന് ചെയ്യാവുന്ന സഹായങ്ങളൊക്കെ ചെയ്തിട്ടുണ്ട്. അവരെ സഹായിക്കുന്നതിന്റെ ഭാഗമായി സൗജന്യ റേഷൻ അനുവദിച്ചിട്ടുണ്ട്. ഈ സൗജന്യ റേഷൻ ഒരാഴ്ച നൽകുമ്പോൾ ഒന്നര കോടി രൂപയാണ് സംസ്ഥാന ഗവൺമെന്റിന് ചെലവ് വരുന്നത്. പക്ഷേ സൗജന്യ റേഷനൊക്കെ നൽകിയാലും ശരി സ്കൂളിൽ പോകുന്ന കുട്ടികൾക്ക് ഭക്ഷണം ലഭിക്കാത്തതിനെ തുടർന്ന് അവരുടെ പഠനം തുടർന്നുകൊണ്ടുപോകാൻ കഴിയാത്ത സാഹചര്യമാണെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് തൊഴിൽവകുപ്പുമന്ത്രി നടത്തിയ നിരന്തരമായ ചർച്ചയെ തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിലെ തീരുമാനമനുസരിച്ച് 4,525 കുട്ടികൾക്ക് ഉച്ചഭക്ഷണം കൊടുക്കാനുള്ള ഒരു പദ്ധതി ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. അത് അസാധാരണമായ സാഹചര്യത്തിൽ വന്ന അധിക ചെലവ് പരിഗണിച്ച് ഈ സപ്ലിമെന്ററി ഡിമാന്റിൽ കണ്ടിജൻസി ഫണ്ടിൽ നിന്ന് തുക പിൻവലിച്ച് ഇതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയാണ്. അതിനുള്ള അംഗീകാരത്തിന് വേണ്ടിയുള്ള ഡിമാന്റും സഭയിൽ വന്നിട്ടുണ്ട്. പോലീസ് ഫോഴ്സിനെ നവീകരിക്കുന്നതിനും അതുപോലെതന്നെ വനിതാ പോലീസ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുമുള്ള ഡിമാന്റുകൾ സഭയിലുണ്ട്. ഇവിടെ ബോംബ് സ്ഫോടനത്തിൽ ഉത്തമനെന്ന ഒരു പോലീസ് ഉദ്യോഗസ്ഥൻ കൊല്ലപ്പെട്ടു. ആ പോലീസ് ഉദ്യോഗസ്ഥന്റെ ആശ്രിതർക്കും മറ്റും സഹായധനം നൽകുന്നതിനുള്ള പദ്ധതി ഈ ഡിമാന്റിൽ വന്നിട്ടുണ്ട്. കേരളത്തെ ഞെട്ടിപ്പിക്കുന്നതാണ് കുമരകത്തെ ബോട്ടപകടം. ആ ബോട്ട് ജെട്ടി നവീകരിക്കുന്നതിന്റെ ഉദ്ദേശം കൂടി പറഞ്ഞിട്ടുണ്ട്. ആ ദുരന്തത്തിനിരയായ ആളുകളെ സഹായിക്കുന്നതിന് പ്രാദേശികവാസികൾ എടുത്തിട്ടുള്ള പ്രത്യേകമായ താൽപ്പര്യത്തെ അനുസ്മരിച്ചുകൊണ്ട് ഈ ബോട്ട് ജെട്ടി നവീകരിക്കുന്നതിനുള്ള പദ്ധതികൾ ഇതിലുണ്ട്. അങ്ങനെ ജനോപകാരപ്രദമായ നിരവധി പദ്ധതികളുടെ പേരിലാണ് ഇവിടെ ഡിമാന്റ്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, പല പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ വേണ്ടി സപ്ലിമെന്ററി ഡിമാന്റ് അവതരിപ്പിച്ച കൂട്ടത്തിൽ ഒരു സുപ്രധാനപ്പെട്ട ഇനം എം.എൽ.എ.മാരുടെ സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ടിലേയ്ക്ക് (എസ്.ഡി.ഫണ്ട്) 25 ലക്ഷം രൂപ എന്നത് 50 ലക്ഷം രൂപ എന്നാക്കി കൂട്ടിയ ആ ഒരൊറ്റ ഏർപ്പാടിലൂടെതന്നെ നിയമസഭാ സാമാജികർക്ക് സ്വന്തം നിയോജകമണ്ഡലത്തിലെ കൊച്ചുകൊച്ചു കാര്യങ്ങൾ നിർവ്വഹിച്ച് വലിയ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ സാധിക്കുന്നുണ്ടെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. എം. അഗസ്തി : സർ, തീർച്ചയായും. എസ്. ഡി. ഫണ്ട് 25 ലക്ഷം രൂപ എന്നതുതന്നെ ഒരു ആശ്വാസമായിരുന്നു. അത് 50 ലക്ഷം രൂപയായി വർദ്ധിപ്പിക്കാൻ കേരള ഗവൺമെന്റ് കൈക്കൊണ്ട തീരുമാനം തികച്ചും സ്വാഗതാർഹമാണ്. അത് ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും ഒരുപോലെ

സഹായകരമാണ്. 25 ലക്ഷം രൂപയുടെ അധികച്ചെലവിനുവേണ്ടിയുള്ള സപ്ലിമെന്ററി ഡിമാന്റും സഭയിൽ അവതരിപ്പിച്ചിട്ടുണ്ട്. വളരെ പ്രധാനപ്പെട്ട ഒരു കാര്യം അപകടത്തിൽപ്പെടുന്ന വാഹനങ്ങൾ നീക്കം ചെയ്യുക എന്നതാണ്. നാഷണൽ ഹൈവേയിൽ തുടർച്ചയായി അപകടങ്ങളാണ്. വാഹനങ്ങളുടെ പെരുപ്പമനുസരിച്ച് അപകടങ്ങളുടെ എണ്ണവും കൂടികൊണ്ടിരിക്കുകയാണ്. നാഷണൽ ഹൈവേയിലും അതുപോലെ പ്രധാനപ്പെട്ട റോഡുകളിലും അപകടമുണ്ടായാൽ മണിക്കൂറുകളോളം ഗതാഗത സ്തംഭനം ഉണ്ടാകുന്നു. അത് സാധാരണ ജനങ്ങളെ, പ്രത്യേകിച്ച് ബസിൽ യാത്ര ചെയ്യുന്ന ആളുകളെയാണ് ഏറ്റവുംകൂടുതൽ ബാധിക്കുന്നത്. ഒരിക്കലും ബസ് divert ചെയ്ത് പോകില്ല. ചെറിയ വാഹനങ്ങളാണെങ്കിൽ മറ്റേതെങ്കിലും വഴിയൊക്കെ divert ചെയ്ത് പോകും. ബസിൽ യാത്ര ചെയ്യുന്ന സാധാരണക്കാരനാണ് ഏറ്റവും ബുദ്ധിമുട്ട് അനുഭവിക്കുന്നത്. ഇങ്ങനെയുള്ള സാഹചര്യത്തിൽ അപകടപ്പെടുന്ന വാഹനങ്ങൾ എത്രയും പെട്ടെന്ന് നീക്കം ചെയ്യണം. നമ്മളൊക്കെ പരിഷ്കൃത സമൂഹത്തിന്റെ ഭാഗമാണെന്ന് പറയുമെങ്കിലും ഏറ്റവും ദുരന്തകരമായ ഒരു കാര്യം, അപകടപ്പെട്ട് ഒരാൾ മരണാസന്നനായി കിടന്നാൽ ആ ആളെ ആശുപത്രിയിൽ എത്തിക്കുന്നതിന് ആരും തയ്യാറാകുന്നില്ല. എനിക്ക് തന്നെ അനുഭവമുണ്ട്. ഞാനൊരു അപകടത്തിൽപ്പെട്ടിട്ട് ആറേഴ് വാഹനങ്ങൾക്ക് കൈ കാണിച്ചു. ആരും നിർത്താതെ വീട്ടുപോകുന്ന അനുഭവമാണ് എനിക്കുണ്ടായത്. 1996-ലെ എന്റെ അനുഭവമാണ്. ഇനി അപകടത്തിൽപ്പെട്ടവരെ ആശുപത്രിയിൽ എത്തിച്ചാലോ? അപകടത്തിൽപ്പെട്ടവരെ അഡ്മിറ്റ് ചെയ്യാൻ ഒരു ആശുപത്രിയും തയ്യാറാകില്ല എന്നതാണ് അനുഭവം. എന്റെ അനുഭവത്തിൽ നിന്ന് ഞാൻ പറയുകയാണ്. അപകടത്തിൽപ്പെടുന്ന വാഹനങ്ങൾ നീക്കം ചെയ്യുന്നതിനും ആളുകളെ ആശുപത്രിയിൽ എത്തിക്കുന്നതിനും പ്രത്യേകമായ ആമ്പുലൻസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതിയ്ക്ക് വേണ്ടിയുള്ള സപ്ലിമെന്ററി ഡിമാന്റും സഭയിൽ അവതരിപ്പിച്ചിട്ടുണ്ട്. അങ്ങനെ മനുഷ്യത്വത്തിന്റെ മുഖം പ്രതിഫലിക്കുന്ന ഉപധനാഭ്യർത്ഥനയാണിത്. ജയിൽ പരിഷ്ക്കരണം, ഫയർ ഫോഴ്സിന്റെ നവീകരണം തുടങ്ങി നിരവധിയായ കാര്യങ്ങൾ സപ്ലിമെന്ററി ഡിമാന്റിൽ വന്നിട്ടുണ്ട്. ഈ സപ്ലിമെന്ററി ഡിമാന്റിനെ തുറന്ന മനസ്സോടുകൂടി ഞാൻ ഒരിക്കൽ കൂടി പിൻതാങ്ങുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്ന്, കേന്ദ്ര ഏജൻസികളിൽ നിന്ന്, നബാർഡ്, എൽ.ഐ.സി. ഉൾപ്പെടെയുള്ള ഏജൻസികളിൽ നിന്നുള്ള സഹായം ലഭ്യമാക്കുന്നതിൽ അല്ലെങ്കിൽ അത് വാങ്ങിച്ചെടുക്കുന്നതിൽ താൽപ്പര്യക്കുറവുണ്ടോ എന്നൊരു സംശയം ഞാനിവിടെ ചൂണ്ടിക്കാണിക്കുകയാണ്. ഇവിടെ നമ്മുടെ സപ്ലിമെന്ററി ഡിമാന്റിൽ 35-ാമത്തെ പേജിൽ The supplementary grant sought is for clearing the pending bills of the contractors for the NABARD assisted works of repairs of Minor Irrigation Class II Works.

Supplementary grant sought is for regularisation of the additional expenditure authorised in G.O. (Rt) No. 5102/2003/Fin. dated 18-6-2003 for

LIBRARY ARCHIVES Kerala Legislative Assembly

the execution of two NABARD assisted works coming under RIDF-VI Scheme.

എന്തിനാണ് ഇതിനൊക്കെ സപ്ലിമെന്ററി ഡിമാന്റ് വരുന്നത് ? ഒറിജിനൽ ബഡ്ജറ്റിൽ ഇതിന് തുക വിലയിരുത്താൻ കഴിയാതെ വന്ന സാഹചര്യത്തിലാണ് ഏറ്റെടുത്ത ജോലികൾക്കുള്ള കരാറുകാർക്ക് പണം കൊടുക്കാൻ ഇപ്പോൾ സപ്ലിമെന്ററി ഡിമാന്റ് സഭയിൽ കൊണ്ടുവന്നിരിക്കുകയാണ്. ഇതൊന്നും inanticipation അല്ല. Anticipate ചെയ്യാൻ കഴിയാത്ത കാര്യങ്ങളല്ല. കാരണം RIDF-ൽ ഒരു വർക്ക് ഏറ്റെടുക്കുമ്പോൾ ആ വർക്കിന്റെ എസ്റ്റിമേറ്റും അതിന്റെ ഡീറ്റെയിൽഡ് റിപ്പോർട്ടും അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെന്റിലുണ്ട്. അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെന്റ് അംഗീകരിക്കുകയും നബാർഡുമായി ചർച്ച നടത്തുകയും ചീഫ് സെക്രട്ടറി ഉൾപ്പെടുന്ന വർക്കിംഗ് ഗ്രൂപ്പ് അംഗീകരിക്കുകയും ചെയ്തതിന് ശേഷം മാത്രമാണ് RIDF-ൽ വർക്ക് ഏറ്റെടുക്കുന്നത്. ഇതെല്ലാം മുൻകൂട്ടി കാണാൻ കഴിയുന്നതാണ്. ക്ലാസ്സ്-II വർക്കുകളുടെ, നബാർഡ് അംഗീകരിച്ച വർക്കുകളുടെ കാര്യം ബഡ്ജറ്റിൽ വരാതെ പോകുന്നത് എന്തു കൊണ്ടാണ് എന്നത് വളരെ ഗൗരവമായ കാര്യമാണ്. ബഡ്ജറ്റിൽ വരാതിരിക്കുകയും സപ്ലിമെന്ററി ഡിമാന്റിൽ വരികയും ചെയ്യുന്നതുകൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമെന്നാണ് ധനകാര്യ വകുപ്പിലെ ഉദ്യോഗസ്ഥൻമാർ പറയുന്ന കാര്യം. ഇത് യാഥാർത്ഥ്യമല്ല. ബഡ്ജറ്റിൽ ഇല്ലാത്ത ഒരു വർക്കിന് ഭരണാനുമതി നൽകിയാൽ ഏറ്റെടുക്കപ്പെടുന്ന വർക്കിന് ബിൽ കൊടുക്കണമെങ്കിൽ അഡീഷണൽ authorisation വേണം. അഡീഷണൽ authorisation-ന് വേണ്ടി അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടമെന്റിന്റെ ഒരു ഫയൽ സെക്രട്ടേറിയറ്റിൽ വന്നാൽ അത് മൂന്ന് പ്രാവശ്യം മുകളിൽ നിന്ന് താഴോട്ട് പോകുന്നു. ഈ മൂന്ന് പ്രാവശ്യം എന്നുപറയുന്നത് ചിലപ്പോൾ ഒരു വർഷമോ രണ്ട് വർഷമോ ആകും. നാലോ അഞ്ചോ ലക്ഷം രൂപയുടെ ചെറിയ വർക്ക് എടുക്കുന്ന ഒരു കോൺട്രാക്ടർക്ക് മൂന്നുനാല് വർഷത്തിനുശേഷം ആ ബിൽ കിട്ടിയതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. കിട്ടാതിരിക്കുന്നതായിരിക്കും യഥാർത്ഥത്തിൽ പ്രയോജനമെന്നതാണ് യാഥാർത്ഥ്യം. കാരണം 4 ലക്ഷം രൂപയ്ക്ക് അതിലേറെ പലിശ കൊടുക്കേണ്ടിവരും എന്നതാണ് യാഥാർത്ഥ്യം. ഞാനിത് വിമർശനമായി ചൂണ്ടിക്കാണിക്കുന്നില്ല. പക്ഷേ യാഥാർത്ഥ്യത്തോടുകൂടിയുള്ള.....

<u>ശ്രീ. പി. ജയരാജൻ</u> : സർ, അങ്ങയുടെ പ്രസംഗം ഞാൻ ശ്രദ്ധിച്ചു. വളരെ മയപ്പെട്ടിട്ടാണല്ലോ പ്രസംഗിക്കുന്നത് ?

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ഇതിൽ ഒതുങ്ങിനിന്നു പ്രസംഗിക്കണം. പ്ലീസ്..... അദ്ദേഹത്തിന് തോന്നിയതാണ്.

<u>ശ്രീ. ഇ. എം. അഗസ്തി</u> : സർ, ശ്രീ. പി. ജയരാജൻ എന്റെ പ്രസംഗം കേട്ട് തുടങ്ങിയതേയുള്ളൂ. വരാതിരിക്കുന്നത് ഒരുപക്ഷേ ഇതിനെക്കാൾ കൂടുതലായിരിക്കുമെന്ന് ശ്രീ. ജയരാജൻ കാണുന്നില്ല. എന്റെ മയപ്പാടിനെപ്പറ്റി ആശങ്കപ്പെടേണ്ട കാര്യമില്ല. അദ്ദേഹത്തെത്തന്നെ ഓർത്ത് മയപ്പെട്ടാൽമതി.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ പറഞ്ഞുവന്നത് നമ്മുടെ ബഡ്ജറ്റിംഗ് അപ്രോച്ചിൽ ഒരു പ്രശ്നമുണ്ട്. ഈ സഭയിൽ ഉന്നയിച്ച, ഈ നിയമസഭയിൽതന്നെ ബഹുമാനപ്പെട്ട ജലവിഭവവകുപ്പുമന്ത്രി പലപ്പോഴും അഭിപ്രായ പ്രകടനം നടത്തി, ഞങ്ങളൊക്കെ ഈ സഭയിൽ ഉന്നയിച്ചതാണ്. ഞാൻ സബ്ജക്ട് കമ്മിറ്റി III-ലെ അംഗമാണ്. സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പലതും ബഡ്ജറ്റിൽ വരാറില്ല. കഴിഞ്ഞ പ്രാവശ്യം പറഞ്ഞു അടുത്ത ബഡ്ജറ്റിൽ പരിഗണിക്കുമെന്ന്. അടുത്ത പ്രാവശ്യത്തെ ബഡ്ജറ്റിലും ഉണ്ടായില്ല. ബഡ്ജറ്റിൽ ഉൾപ്പെടുത്താത്തത് എന്താണെന്ന് സബ്ജക്ട് കമ്മിറ്റി മീറ്റിംഗിൽ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റിനോട് ചോദിച്ചപ്പോൾ അവർപറഞ്ഞത് ഞങ്ങൾ എല്ലാം യഥാസമയം സബ്മിറ്റ് ചെയ്തതാണ് എന്ന്. യഥാസമയം സബ്മിറ്റ് ചെയ്തിട്ട് എന്തുകൊണ്ട് ബഡ്ജറ്റിൽ വന്നില്ല എന്നുള്ളതിനെസംബന്ധിച്ച് അന്വേഷിച്ചപ്പോൾ ധനകാര്യവകുപ്പ് ഉദ്യോഗസ്ഥന്മാർ പറഞ്ഞത് "ഞങ്ങളുടെ കുറ്റമല്ല. പ്ലാനിംഗ് ബോർഡ് അവസാന സമയത്ത് എല്ലാം കട്ട് ചെയ്തു" എന്നാണ്. പ്ലാനിംഗ് ബോർഡ് ഉദ്യോഗസ്ഥന്മാരെ സബ്ജക്ട് കമ്മിറ്റിയിൽ വിളിച്ച് അന്വേഷിച്ചു, "എന്തുകൊണ്ടാണ് നിങ്ങൾ മുൻഗണനാക്രമം നിശ്ചയിക്കാത്തത് ; എന്തുകൊണ്ടാണ് സബ്ജക്ട് കമ്മിറ്റി ശിപാർശകൾ പരിഗണിക്കാതെ പോകുന്നത് ; തുടർന്നു പോകുന്ന വർക്കിൽ പുതിയ വർക്കുകൾ ഏറ്റെടുക്കാത്തത് എന്താണ് ; നിലവിൽ നടന്നു കൊണ്ടിരിക്കുന്ന വർക്കുകളുടെ തുക എന്തുകൊണ്ട് ബഡ്ജറ്റിൽ വച്ചില്ല" എന്ന് ചോദിച്ചപ്പോൾ അവർ പറഞ്ഞ മറുപടി "അവസാനസമയത്ത് ചില മാനദണ്ഡങ്ങൾ പ്ലാനിംഗ് ബോർഡ് നിശ്ചയിച്ചിട്ടുണ്ട്. ആ പ്ലാനിംഗ് ബോർഡാണ് തീരുമാനിക്കുന്നത്" എന്നാണ്. പ്ലാനിംഗ് ബോർഡ് ഉദ്യോഗസ്ഥന്മാരുമായി സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്തതാണ്. ഒരു കാര്യം എനിക്കറിയേണ്ടത് ഈ പ്ലാനിംഗ് ബോർഡ് സംസ്ഥാന ഗവൺമെന്റിനെക്കാൾ വലുതാണോ എന്നതാണ്. പ്ലാനിംഗ് ബോർഡാണോ പ്രയോറിട്ടി നിശ്ചയിക്കുന്നിത്. പ്ലാനിംഗ് ബോർഡിന്റെ പങ്കിനെ നിസ്സാരമായി കാണുന്നില്ല. പക്ഷേ പ്ലാനിംഗ് ബോർഡാണോ സംസ്ഥാന ഭരണത്തിന്റെ നിയന്ത്രണം ഏറ്റെടുക്കാൻ പോകുന്നത്. അല്ലെങ്കിൽ അതിനുള്ള അധികാരം പ്ലാനിംഗ് ബോർഡിന് ആരെങ്കിലും നൽകിയിട്ടുണ്ടോ. ഒരു പക്ഷേ മുമ്പുള്ള ചില ധാരണയുടെ ഫലമാണെന്ന് ഞാൻ കരുതുകയാണ്. അതുകൊണ്ട് ഇക്കാര്യത്തെപ്പറ്റി അന്വേഷിക്കണം. ബഡ്ജറ്റിൽ പണം കണ്ടെത്താൻ കഴിയുന്ന കാര്യത്തിൽ സപ്ലിമെന്ററി ഡിമാന്റിന്റെ ആവശ്യകത എന്താണ് ? പണം ഇല്ലാത്ത സാഹചര്യത്തിൽ തീർച്ചയായും ചില അത്യാവശ്യ ജോലികൾ ഏറ്റെടുക്കേണ്ടിവരും. അത് സപ്ലിമെന്ററി ഡിമാന്റിൽ വരും. അപ്രോപ്രിയേഷൻ വേണ്ടി വരും. ഇതൊക്കെ യാഥാർത്ഥ്യമാണെങ്കിലും കേന്ദ്ര ഗവൺമെന്റ് നബാർഡ് ഓഫർ ചെയ്തിരിക്കുന്ന പണം ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുന്നതിൽ കാലതാമസം അല്ലെങ്കിൽ അത് വിട്ടുപോകുന്നത് പിന്നെ സപ്ലിമെന്ററി ഡിമാന്റിലൂടെ, വളഞ്ഞ മാർഗ്ഗത്തിലൂടെ സഭയിൽ കൊണ്ടുവന്ന് പാസ്സാക്കി എടുക്കുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഭാവിയിലെങ്കിലും ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് ഞാൻ വിനയപൂർവ്വം ചൂണ്ടിക്കാണിക്കട്ടെ.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, സബ്ജക്ട് സബ്ജക്ട് കമ്മിറ്റി III-ന്റെ കാര്യം പറഞ്ഞല്ലോ. ഇപ്പോൾ എല്ലാ മൈനർ ഇറിഗേഷൻ വർക്കുകളും

LIBRARY ARCHIVES Kerala Legislative Assembly

നിർത്തിവക്കാനും ഏതെങ്കിലും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ഫണ്ട് അനുവദിച്ചിട്ടുണ്ടെങ്കിൽ മുഴുവൻ തിരിച്ച് അടയ്ക്കാനും ഗവൺമെന്റിൽ നിന്ന് ഉത്തരവ് പോയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? മിനിഞ്ഞാന്ന് തൃശ്ശൂരിൽ ഡി.ഡി.സി. കൂടിയപ്പോൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ അവിടെ റിപ്പോർട്ട് ചെയ്തതാണിത്. ഉള്ള വർക്കുകൾകൂടി അവസാനിപ്പിക്കാൻ പോവുകയാണെന്ന് ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. ഇ. എം. അഗസ്തി : സർ, എന്റെ ശ്രദ്ധയിൽപെട്ടതുകൊണ്ടാണല്ലോ ഞാൻ സഭയിൽത്തന്നെ ഉന്നയിക്കുന്നത്. ഞാൻ ഒരു പ്രത്യേക ഉത്തരവ് റഫർ ചെയ്യുന്നില്ല. ഈ പ്രശ്നം ശ്രദ്ധയിൽപ്പെട്ടതുകൊണ്ടാണ് ഞാൻ സംസാരിക്കുന്നത്. ഞാൻ ബഹുമാനപ്പെട്ട ജലവിഭവവകുപ്പുമന്ത്രിയുമായി സംസാരിച്ചിട്ടുണ്ട്. അദ്ദേഹം ഇക്കാര്യത്തിൽ പരിഹാരം കണ്ടെത്തുമെന്ന ഉറപ്പും നൽകിയിട്ടുണ്ട്. എങ്കിലും ഒരു പൊതുപ്രശ്നമെന്നുള്ള നിലയിൽ ഞാൻ ഇക്കാര്യം സഭയിൽ ഉന്നയിക്കുകയാണ്. ഒന്നുരണ്ട് കാര്യങ്ങൾകൂടി എനിക്ക് സൂചിപ്പിക്കാനുണ്ട്. ഈ ഗവൺമെന്റ് വന്ന സമയം മുതൽ ബഡ്ജറ്റിൽ പറയുന്ന കാര്യമാണ് മലയോര വികസന അതോറിറ്റി. മലയോര വികസന അതോറിറ്റി യാഥാർത്ഥ്യമാക്കുക എന്നത് ഐക്യജനാധിപത്യമുന്നണിയുടെ പ്രഖ്യാപിതനയമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴുള്ള നയപ്രഖ്യാപനപ്രസംഗത്തിലും ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ ഈ പ്രാവശ്യത്തെ ബഡ്ജറ്റ് പ്രസംഗത്തിലും ഒരു കോടി രൂപ ഇതിനുവേണ്ടി നീക്കിവയ്ക്കുമെന്നാണ് അദ്ദേഹം പറഞ്ഞത്. ബഡ്ജറ്റിലും കണ്ടില്ല സപ്ലിമെന്ററി ഡിമാന്റിലും കണ്ടില്ല. അതുകൊണ്ട് മലയോര വികസന അതോറിറ്റി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഞാൻ ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. ഇവിടെ എന്റെ സുഹൃത്ത് ശ്രീ.സി.കെ.നാണു ദേശീയ രാഷ്ട്രീയത്തിലേയ്ക്ക് കടന്ന് വാചാലമായി സംസാരിക്കുകയുണ്ടായി. ഇൻഡ്യാമഹാരാജ്യത്തിന്റെ മതേതര സംസ്കാരം തകർക്കാൻ ശ്രമിക്കുന്ന ബി.ജെ.പി.യെ ഇന്ത്യൻ രാഷ്ട്രീയത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവന്നതിൽ ശ്രീ. വി. പി. സിംഗിന് പങ്കില്ലേ ? 1984-ലെ തെരഞ്ഞെടുപ്പിൽ, ഇന്ദിരാഗാന്ധി ഇന്ത്യൻ മതേതരത്വത്തിനുവേണ്ടി, ഐക്യത്തിനുവേണ്ടി രക്തസാക്ഷിയായതിനുശേഷം നടന്ന ആദ്യത്തെ തെരഞ്ഞെടുപ്പിൽ രണ്ടരലക്ഷം വോട്ടിനാണ് ഇന്ത്യയുടെ ഇന്നത്തെ പ്രധാനമന്ത്രി ശ്രീ.എ.ബി.വാജ്പേയിയെ ഗ്വാളിയാർ നിയോജകമണ്ഡലത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സ്ഥാനാർത്ഥി അന്തരിച്ച മാധവറാവു സിന്ധ്യ തോല്പിച്ചത്. ശ്രീ. വാജ്പേയിയേയും ശ്രീ. എൽ. കെ. അദ്വാനിയേയും 305 അംഗങ്ങളുള്ള കക്ഷിയുടെ നേതാവായി പുനരവതരിപ്പിച്ചതിൽ 1989 - ൽ ശ്രീ. സി.കെ. നാണുവിന്റെ പാർട്ടി വഹിച്ച പങ്ക് വളരെ പ്രധാനപ്പെട്ടതാണ്. ഇന്ത്യൻ ജനാധിപത്യത്തെയും മതേതരത്വത്തെയും നിലനിർത്താൻ കഴിയാത്തരീതിയിൽ, ഇന്ത്യൻ ജനാധിപത്യത്തിന് ഏറ്റവും വലിയ ഭീഷണിയായി ബി.ജെ.പി.യെ വളർത്തിക്കൊണ്ടുവന്നതിൽ അപ്പുറത്തിരിക്കുന്ന ആളുകൾക്ക് ഏറെ പങ്കുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആ യാഥാർത്ഥ്യം ദയവായി തിരിച്ചറിയണം. യാഥാർത്ഥ്യത്തിനു നേരെ മുഖം തിരിച്ചിട്ട് കാര്യമില്ല. യാഥാർത്ഥ്യം തിരിച്ചറിയാനുള്ള സന്മനസ് അപ്പുറത്തിരിക്കുന്നവർക്ക് ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്താങ്ങുന്നു.

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u> : സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. അനിവാര്യമായ സാഹചര്യത്തിൽ അത്യാവശ്യമായ കാര്യങ്ങൾക്കുവേണ്ടിയാണ് ഇവിടെ ഈ ഉപധനാഭ്യർത്ഥനകൾ കൊണ്ടുവന്നിട്ടുള്ളത്. അതുകൊണ്ടുതന്നെയാണ് ഇതിനെ ഞാൻ അനുകൂലിക്കുന്നത്. എന്റെ സുഹൃത്ത് ശ്രീ. പി. എസ്. സുപാലിന്റെ പ്രസംഗം കേട്ടപ്പോൾ എനിക്ക് തോന്നിയ ഒരു കാര്യം ഇവിടെ പറയുകയാണ്. സി. പി. ഐ.-യെക്കുറിച്ച് സാധാരണ പറയുന്ന ഒരു വാചകമുണ്ട്. വാൽ ഇല്ലാത്ത തലയുള്ള പാർട്ടിയെന്ന്. അതായത് അണികളില്ല, നേതാക്കന്മാർ മാത്രമെയുള്ളൂ. നേതാക്കന്മാരെക്കുറിച്ച് പറയാറുള്ളത് വിവേകമുള്ള നേതാക്കന്മാർ അവർക്കുണ്ടെന്നാണ്. എന്നാൽ ഇപ്പോൾ തോന്നുന്നത് അവർക്ക് വാലും ഇല്ല തലയുമില്ലെന്നാണ്. ഞങ്ങളെപ്പറ്റി പറയുന്നത് ഭരണത്തിന്റെ ശീതളച്ഛായയിൽ നിൽക്കുന്നവർ എന്നാണ്. ഞങ്ങൾ ഭരണത്തിന്റെ ശീതളച്ഛായയിൽ അല്ല. ഞങ്ങൾ പൊതുജന പിന്തുണയുടെ ശീതളച്ഛായയിലാണ്. ഭരണത്തിൽ ഇരുന്നാലും പുറത്തിരുന്നാലും ഞങ്ങൾക്ക് എന്നും പൊതുജന പിന്തുണയുണ്ടാകും. സി.പി.ഐ. ഞങ്ങളെ പഠിപ്പിക്കേണ്ട. അപ്പുറത്തിരിക്കുന്നവർ ഞങ്ങളെ പഠിപ്പിക്കേണ്ട. എന്ത് തീരുമാനമെടുക്കണമെന്ന് ഞങ്ങൾക്കറിയാം. ഈ പ്രതിസന്ധിപരിഹരിക്കാനുള്ള തീരുമാനങ്ങളെക്കുറിച്ച് ഞങ്ങൾ ശക്തമായ നിലപാട് എടുത്തിട്ടുണ്ട്; ഞങ്ങളെ അതിന് അധികാരപ്പെടുത്തിയിട്ടുണ്ട്. ഇവിടത്തെ സാമൂഹിക അന്തരീക്ഷം വഷളാക്കിക്കൊണ്ട് അല്ലെങ്കിൽ സാമുദായിക സ്പർദ്ധ ഉണ്ടാക്കുന്ന തീരുമാനങ്ങൾ എടുക്കുന്ന പതിവ് മുസ്ലീംലീഗിനില്ല. കഴിഞ്ഞകാല ചരിത്രം പരിശോധിച്ചുനോക്കിയാൽ അത് അറിയാൻ കഴിയും. ഞങ്ങളുടെ നിലപാട് പകൽ വെളിച്ചംപോലെ വ്യക്തമാക്കിയിട്ടുണ്ട്. ഇപ്പോൾ ഉഭയകക്ഷി ചർച്ചകളിലൂടെ കാര്യങ്ങൾ നീങ്ങുകയാണ്. അവിടെ ഒരു സംഘർഷമുണ്ടാക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല. അത് കേരളത്തിലെ ജനങ്ങൾക്ക് പ്രയാസം സൃഷ്ടിക്കും. അതുകൊണ്ട് സാമുദായിക ധ്രുവീകരണം ഉണ്ടാകാത്ത വിധത്തിൽ തങ്ങളുടെ നിലപാടുകൾ സ്ഥാപിച്ചെടുക്കാനുള്ള വഴികളെക്കുറിച്ച് ഏറെ അറിയുന്നവരാണ് മുസ്ലീംലീഗ്. അതുകൊണ്ട് അക്കാര്യം ആരും പഠിപ്പിക്കേണ്ട എന്നുതന്നെയാണ് ഞാൻ വീണ്ടും ആവർത്തിക്കുന്നത്. സമയം അനുവദിക്കുമെങ്കിൽ, എന്ത് സംശയത്തിനും മറുപടി തരാം. യാതൊരു പ്രശ്നവുമില്ല ഞങ്ങളുടെ ആവശ്യങ്ങളിൽ ഞങ്ങൾ ഉറച്ചുനിൽക്കുന്നുണ്ട്. അതിലൊന്നും നിങ്ങൾക്ക് സംശയം വേണ്ട. രാഷ്ട്രീയ മുതലെടുപ്പ് നടത്താൻ ഞങ്ങൾ ഉദ്ദേശിക്കുന്നില്ല.

ഈ സാമ്പത്തിക മാനേജ്മെന്റ് എത്രമാത്രം മഹത്തായതാണെന്ന് വസ്തുനിഷ്ഠമായി പരിശോധിച്ചു നോക്കിയാൽ കാണാൻ കഴിയും. ഇന്നും കേരളത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് കനത്ത സംഭാവന ചെയ്തത്

LIBRARY ARCHIVES Kerala Legislative Assembly

യു.ഡി.എഫ്. ആണെന്ന് പരിശോധിച്ചാൽ കാണാൻ കഴിയും. ഈ വർഷംതന്നെ വില്പന നികുതി പിരിവിൽ റിക്കാർഡ് വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. അതുപോലെ ചെക്കുപോസ്റ്റുകളിലൂടെയുള്ള നികുതി വർദ്ധനവ് സഭയിൽ ചോദ്യോത്തര സമയത്ത് വ്യക്തമാക്കപ്പെട്ടതാണ്. നല്ല ഫിനാൻഷ്യൽ മാനേജ്മെന്റിലൂടെ സാമ്പത്തിക പ്രയാസങ്ങളിൽ നിന്ന് കരകയറാനുള്ള സാഹചര്യം ഈ ഗവൺമെന്റ് ഉണ്ടാക്കിയെടുത്തിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിച്ചകാലത്തെല്ലാം സംസ്ഥാനത്തുണ്ടായ സാമ്പത്തിക പരാധീനത, സാമ്പത്തിക തകർച്ച ഇവിടെ എല്ലാവർക്കും അറിയാവുന്നതാണ്.

ഇത് വ്യക്തമാക്കാൻവേണ്ടി ഞാൻ ഒന്നുരണ്ട് കണക്കുകൾ പറയാം. 1991-95-ലേയും 1996-2000-ലേയും ചില കണക്കുകൾ ഇവിടെ ഉദ്ധരിക്കുകയാണ്. 1991-95-ൽ റവന്യൂ എക്സ്പെൻഡിച്ചർ 17.7 ശതമാനമാണ്. ഇവരുടെ ഭരണം വന്നപ്പോൾ അത് 10.1 ശതമാനമായി കുറഞ്ഞു. Now Tax Revenue 20.2 ശതമാനമാണ്. ഇവരുടെ ഭരണം വന്നപ്പോൾ അത് 11.3 ശതമാനമായി. രണ്ടായിരത്തിൽ റവന്യൂ എക്സ്പെൻഡിച്ചർ 15.6 ശതമാനമായിരുന്നു. 1991-95-ൽ യു.ഡി.എഫ്. ഭരണകാലത്ത് അത് 18.8 ശതമാനമായി മാറി. കൃാപിറ്റൽ എക്സ്പെൻഡിച്ചർ 14.9 ശതമാനമായിരുന്നത് 3.6 ശതമാനമായി ചുരുങ്ങി. ഗ്രോസ് ഫിസ്കൽ ഡെഫിസിറ്റ് 11.5 ശതമാനമായിരുന്നത് കഴിഞ്ഞ ഇടതുപക്ഷ ഭരണത്തിൽ 37.6 ശതമാനമായി വർദ്ധിച്ചു. സാമ്പത്തിക രംഗത്തെ ഏതു സൂചിക എടുത്തു നോക്കിയാലും കേരളത്തെ തകർച്ചയിലേയ്ക്കു കൊണ്ടുവരാൻ ഇടതുപക്ഷജനാധിപത്യമുന്നണിയുടെ ഭരണവും അതിൽനിന്ന് കര കയറ്റാൻ യു.ഡി.എഫ്. ഭരണവുമാണ് ഇവിടെ ഉണ്ടായിരുന്നതെന്ന് വസ്തുതകൾ ശരിയായ വിധത്തിൽ വിശകലനം ചെയ്തു നോക്കുന്ന എന്റെ സുഹൃത്ത് ഡോ. തോമസ് ഐസക്കിനുകൂടി ബോധ്യപ്പെടുമെന്ന് ഞാൻ കരുതുന്നു.

ഒന്നുരണ്ടു കാര്യങ്ങൾ എനിക്ക് സൂചിപ്പിക്കാനുണ്ട്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇവിടെയില്ല എന്നാണ് തോന്നുന്നത്. ബഹുമാനപ്പെട്ട മന്ത്രിക്ക് അത് റിപ്പോർട്ട് ചെയ്യണമെന്ന് പറയുകയാണ്.. രണ്ടു കൊല്ലം നമ്മൾ മുണ്ടുമുറുക്കിയുടുത്ത് ഒരുപാട് സാമ്പത്തിക നിയന്ത്രണങ്ങൾ നമ്മളിവിടെ ഉണ്ടാക്കി. ആ സാമ്പത്തിക നിയന്ത്രണങ്ങൾ ഒരുപാട് വിഷമതകൾ നമ്മുടെ വികസന രംഗത്ത് സൃഷ്ടിച്ചിട്ടുണ്ട്. വികസനം സ്തംഭിപ്പിക്കുന്നതിന് ഒരു പരിധിവരെ. നമ്മുടെ സാമ്പത്തിക നിയന്ത്രണങ്ങൾ ഇന്ന് കാരണമായി മാറിയിരിക്കുകയാണ്. സാമ്പത്തികമായി നമ്മുടെ വളർച്ച എന്നു പറയുന്നത് സർക്കാരിന്റെ നികുതി വർദ്ധനവ് മാത്രമല്ല. നമ്മൾ നികുതി വരുമാനം ഉണ്ടാക്കണം. നികുതി വർദ്ധിപ്പിച്ച് വരുമാനം കൂട്ടണം. പക്ഷേ സാമ്പത്തിക വളർച്ചയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് ചിന്തിക്കേണ്ടതുണ്ട്. നമ്മൾ കഴിഞ്ഞ കാലങ്ങളിലെല്ലാംതന്നെ ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിൽ നമ്മൾ വളരെയധികം മുന്നോട്ടുപോയി. പക്ഷേ സാമ്പത്തിക വളർച്ച ഇല്ലാത്തതിന്റെ പേരിൽ ഈ മേഖലയിൽ നേടിയെടുത്ത എല്ലാ മനേട്ടങ്ങളും നമുക്ക് നഷ്ടപ്പെടുവാൻ പോകുകയാണ്. അത് കണക്കിലെടുത്തു കൊണ്ട് സാമ്പത്തിക രംഗത്ത് വളർച്ച ഉണ്ടാകുവാൻ സഹായകമായ ഒരു നയം നമ്മൾ സ്വീകരിക്കേണ്ടതുണ്ട്. ധനകാര്യ വകുപ്പുമന്ത്രിയുടെ ഇതുവരെയുള്ള നയങ്ങൾ ഇനിയും തുടർന്നു പോകുന്നത് തെറ്റാണെന്നാണ് എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

വികസനം സ്തംഭിപ്പിച്ച് സാമ്പത്തിക വളർച്ച ഇല്ലാതാക്കി എത്ര പണം ഗവൺമെന്റ് ഉണ്ടാക്കിയാലും യാതൊരു കാര്യവുമില്ലെന്ന് ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. പി. ജയരാജൻ : സർ, ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി എടുത്തുകൊണ്ടിരിക്കുന്ന നിലപാടിനെയാണ് വിമർശനപരമായി സമീപിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം ലോക രാഷ്ട്രീയ വാർത്തകൾ ശ്രദ്ധിക്കുന്ന ഒരാളാണ്. ഇറാക്കിൽ പതിനഞ്ചു ലക്ഷം ഡോളറിന് സദ്ദാം ഹുസൈന്റെ മക്കളെ ഒറ്റുകൊടുത്ത സെയ്താൽ എന്നുപറയുന്ന ഒറ്റുകാരൻ, ആ ഒറ്റുകാരനെപ്പോലെ കേരളത്തിലെ മുസ്ലീംലീഗിൽ ന്യൂനപക്ഷങ്ങളെ വച്ചുകൊണ്ടിരിക്കുന്നു എന്ന അഭിപ്രായം ബഹുജനങ്ങളിൽ ശക്തിപ്പെട്ടു കൊണ്ടിരിക്കുന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, മുസ്ലീം ബഹുജനങ്ങൾ നമ്മോടൊപ്പം തന്നെയുണ്ട്. കലക്ക വെള്ളത്തിൽ മീൻ പിടിക്കുന്നതിനായി നിങ്ങൾ കാത്തിരിക്കേണ്ടതില്ല. അവർ ഞങ്ങളുടെകൂടെ തന്നെയുണ്ട്. സാമ്പത്തിക നിയന്ത്രണത്തിൽ ഇനി കുറച്ച് അയവു വരുത്തണം.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, ഇവിടെ ശ്രീ. ജയരാജൻ പറഞ്ഞ പരീക്ഷണം കഴിഞ്ഞ ഇടതുപക്ഷജനാധിമുന്നണി ഗവൺമെന്റിന്റെ കാലത്ത് ഗുരുവായൂർ ഉപതെരഞ്ഞെടുപ്പിൽ മഅ്ദനിയെ കൂട്ടുപിടിച്ചുകൊണ്ട് മാർക്സിസ്റ്റ് പാർട്ടി നടത്തിയതാണ്. പി.ഡി.പി.-യെ മാത്രമല്ല ഇബ്രാഹിം സുലൈമാൻ സേട്ടിനെക്കൂടെ കൂട്ടുപിടിച്ചുകൊണ്ട് മുസ്ലീംലീഗിനെ തകർക്കാൻ നിങ്ങൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടത്തിയ ശ്രമം ദയനീയമായി പരാജയപ്പെട്ടു, അത് തകർന്നടിഞ്ഞു എന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, ഇവർക്കൊക്കെ ഒരുപാട് സംശയങ്ങൾ തീർത്തു കൊടുക്കേണ്ടതുണ്ട്. ഇവർക്കൊക്കെയുള്ള സംശയം ഞാൻ തീർത്തു കൊടുക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ : സംശയമില്ല..... പ്ലീസ്..... പ്ലീസ്..... സമയം അനുവദിക്കുന്നില്ല. .....പ്ലീസ്..... He is not yielding.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഇവിടെ മുസ്ലീംലീഗിന്റെ നയവും മുസ്ലീംലീഗ് വർഗ്ഗീയ ശക്തികൾക്കെതിരായി അല്ലെങ്കിൽ മതവിദ്വേഷം ഉണ്ടാക്കുന്ന ഇതുപോലുള്ള സമിതികൾക്കെതിരായി എടുക്കുന്ന നിലപാടും എന്താണ് ? വടകര പാർലമെന്ററി സീറ്റിലേയ്ക്കും മാറാട് ഉൾപ്പെടുന്ന ബേപ്പൂരും നടന്ന ഇലക്ഷനിൽ കേരളത്തിൽ ആദ്യമായി ബി.ജെ.പി., കോൺഗ്രസ്, മുസ്ലീം ലീഗ് ഒരു മുന്നണിയായി മത്സരിച്ചതും വോട്ട് പിടിച്ചതും ജയിച്ചതും അവസാനം ഇപ്പോഴത്തെ മാറാട് ഉൾപ്പെടുന്ന പഞ്ചായത്തിൽ ..... (ബഹളം) ..... (ബഹളം) .....(ബഹളം).....

Mr. Speaker : Your time is over. Only one sentence.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ. കേരളത്തിന് ഒരു വികസന നയം ഉണ്ടാകണം. മൊത്തത്തിൽ കേരളത്തിന്റെ സമസ്ത മേഖലകളിലും വികസനം ഉണ്ടാകത്തക്ക വിധത്തിലുള്ള ഒരു നയം ഗവൺമെന്റ് രൂപീകരിക്കണം. അതിന് പ്ലാനിംഗ് ബോർഡ് അറുപതു ശതമാനവും യാതൊരു വിധത്തിലുള്ള പ്രതിബന്ധങ്ങളും ഇല്ലാതെ അങ്ങേയറ്റം നിഗൂഢമായ രീതിയിലാണ് കാര്യങ്ങൾ നടത്തുന്നത്. കേരളത്തിന്റെ സമഗ്ര വികസനത്തിനു വേണ്ടി ശ്രമിക്കണം. അതിനുള്ള ഒരു വികസന നയം രൂപപ്പെടുത്തണമെന്ന് മാത്രം പറഞ്ഞുകൊണ്ട് അങ്ങ് സമയം അനുവദിക്കാത്തതുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഈ സപ്ലിമെന്ററി ഡിമാന്റ്സിനെ ഞാൻ അനുകൂലിക്കുന്നു. 1997-98-ലെ ഗവൺമെന്റ് വരുത്തിയ എക്സ്പെൻഡിച്ചറിന്റെ ഒരു ഭാഗം ഈ സപ്ലിമെന്ററി ഡിമാന്റ്സിലുണ്ട്. 1998-1999-ലെ എക്സ്പെൻഡിച്ചറിന്റെ ഭാഗവും അതിനകത്തുണ്ട്. ഈ സപ്ലിമെന്ററി ഡിമാൻഡിൽ Salary, Surrender leave salary, pay revision Arrears of certain self drawing Officers of Kerala Public Service Commission 1999-2000, 2000-2001 എന്നിവയും ഉണ്ട്. ഏത് അടിസ്ഥാനത്തിലാണ് നിങ്ങൾ ഇതിനെ കണ്ണടച്ചെതിർക്കുന്നതെന്ന് എനിക്കറിയില്ല. യു.ഡി.എഫിന്റെ പിള്ളത്തൊട്ടിലിലേയ്ക്ക് നിങ്ങളുടെ സന്തതിയെ കൊണ്ടിടട്ടെ. കള്ളന്മാർ കാത്തു നില്ക്കുന്നതുപോലെ എന്ത് സംഭവിക്കുമെന്ന് കാത്തിരിക്കുകയാണെങ്കിൽ എനിക്ക് വിരോധമില്ല. പക്ഷേ ഈ സപ്ലിമെന്ററി ഡിമാൻഡ് ഒറിജിനേറ്റ് ചെയ്യാനുള്ള പ്രധാനപ്പെട്ട കാരണം നിങ്ങളുടെ കാലത്തുണ്ടായ അധിക ചെലവുകൂടി ആണ്. ഈ സത്യം വിസ്മരിച്ചുകൊണ്ട് നിങ്ങൾ സപ്ലിമെന്ററി ഡിമാൻഡിനെ ടോട്ടലായി എതിർക്കുന്നത് എന്തടിസ്ഥാനത്തിലെന്ന് എനിക്ക് മനസ്സിലാകുന്നില്ല. സപ്ലിമെന്ററി ഡിമാൻഡിനെക്കുറിച്ച് ധാരാളം ചർച്ചകൾ നടന്നു : എല്ലാ വിശദ വിവരങ്ങളെക്കുറിച്ചും പറഞ്ഞു. ശ്രീ. പി. എസ്. സുപാലാണ് ചർച്ച ആരംഭിച്ചത്. ശ്രീ. സുപാലിന്റെ 'ദുർപാലൻ' ചിന്തകളെക്കുറിച്ച് ഒരു വാക്ക് പറയാതെ പോകുന്നത് ശരിയല്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തി എന്നുള്ളതിന്റെ സംസാരിക്കുന്ന കണക്കുകൾ നമ്മുടെ മുമ്പിലുണ്ട്. ആ കണക്കുകൾക്കു മുമ്പിൽ കണ്ണടച്ചുകൊണ്ട് ആർക്കെങ്കിലും പോകാൻ കഴിയുമോ ? സംസാരിക്കുന്ന കണക്കുകൾ കള്ളം പറയുമോ ? റവന്യൂ വരുമാനം 2001-ൽ 8130 കോടി രൂപ ആയിരുന്നത് ഞങ്ങളുടെ കാലത്ത് ഈ അവസാന വർഷത്തിൽ 11451 കോടി രൂപയായി മാറിയിട്ടുണ്ട്. Central Share Tax നിങ്ങൾ പറഞ്ഞല്ലോ ഞങ്ങൾ കേന്ദ്രത്തിൽനിന്നും ഒന്നും മേടിച്ചിട്ടില്ലെന്ന് Central Share Tax-ഉം grants-ഉം അടക്കം 2201 കോടി രൂപ 2001 -ൽ ഉണ്ടായിരുന്നത് 3310.74 കോടി രൂപയായി ശ്രീ. ശങ്കരനാരായണൻ ധനകാര്യ വകുപ്പ് ഏറ്റെടുത്തതിനു ശേഷം മാറിയിട്ടുണ്ട്. പ്ലാൻ എക്സ്പെൻഡിച്ചറിൽ വ്യത്യാസം വരുത്തി. 2001-ൽ 2705.84 കോടി രൂപ പ്ലാൻ എക്സ്പെൻഡിച്ചർ ഉണ്ടായിരുന്നത് current ഇയറിൽ, 2002-2003-ൽ 4102.60 കോടി രൂപയായി മാറിയിട്ടുണ്ട്. jump . double jump ആയി മാറുകയാണ്. Non Plan Expenditure 10019.95 കോടി രൂപ ഉണ്ടായിരുന്നത് 10292.02 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഇവിടെയാണ് ഞാൻ ശ്രീ സുപാലിന്റെ "ദുർപാലൻ"

LIBRARY ARCHIVES Kerala Legislative Assembly

ചിന്തകളെക്കുറിച്ച് പറഞ്ഞത്. ഈ ഗവൺമെന്റ് സാമ്പത്തികമായി ഏതടിസ്ഥാനത്തിൽ പുറകോട്ടു പോയെന്നാണ് പറയുന്നത് ? ഈ ഗവൺമെന്റ് ഏതടിസ്ഥാനത്തിലാണ് സാമ്പത്തികമായി സംസ്ഥാനത്തെ പുറകോട്ടു വലിച്ചുവെന്നു പറയുന്നത് ? 2002-2003 ബഡ്ജറ്റ് എസ്റ്റിമേറ്റനുസരിച്ച് Non Plan Expenditure 10839.65 കോടി രൂപ ആയിരുന്നത് ഫലത്തിൽ നമുക്ക് മെച്ചപ്പെടുത്തിക്കൊണ്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. Fiscal Deficit 3877.80 കോടി രൂപ ആയിരുന്നത് ഈ കറന്റ് ഇയറിൽ 2845 കോടി രൂപയാക്കി കുറച്ചില്ലേ ? 2002-2003- ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം ധന കമ്മി 2952.96 കോടി രൂപ ആയിരുന്നത് 2845.03 കോടി രൂപയായി കുറഞ്ഞു. എങ്ങോട്ടാണ് ഈ സംസ്ഥാനം പോകുന്നത് എന്നുള്ളതിന്റെ ഏറ്റവും വലിയ ഇൻഡിക്കേഷനല്ലേ. ഈ സംസ്ഥാനം മെച്ചപ്പെട്ട രൂപത്തിലേയ്ക്ക് പോകുകയാണ്. മെച്ചപ്പെട്ട രൂപത്തിൽ പൊയ്ക്കൊണ്ടിരിക്കുന്ന ഈ സംസ്ഥാനത്തെ താഴേയ്ക്കു വലിച്ചുകൊണ്ടുവന്ന് അഞ്ചാം കൊല്ലത്തിന്റെ അവസാനം തെരഞ്ഞെടുപ്പു വരുമ്പോൾ ഈ സംസ്ഥാനത്ത് എന്ത് ഉണ്ടായിയെന്ന് ചോദിക്കുന്നതിനു വേണ്ടിമാത്രം നിങ്ങൾ ഈ ഗവൺമെന്റിനെ വിമർശിക്കുകയും ധനകാര്യ വകുപ്പിനെ വിമർശിക്കുകയും ചെയ്യുന്നത് സംസ്ഥാനത്തോട് കാണിക്കുന്ന ഏറ്റവും വലിയ തെറ്റാണ് എന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. 2001-ലെ റവന്യൂ ഡെഫിസിറ്റ് 3147.05 കോടി രൂപ ആയിരുന്നില്ലേ? ഇന്ന് റവന്യൂ ഡെഫിസിറ്റ് കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞു. 2002-03-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുസരിച്ച് റവന്യൂ കമ്മി 2200 കോടി രൂപ ആയിരുന്നു. അതും കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. ഒരു സംസ്ഥാനം പുരോഗതിയിലേയ്ക്ക് ക്ഷൂട്ടപ് ചെയ്യുന്നതിനുവേണ്ടിയുള്ള സാഹചര്യങ്ങളും പരിതഃസ്ഥിതിയും അന്തരീക്ഷവും ഉണ്ടാകുമ്പോൾ ആ സംസ്ഥാനത്തെ പുരോഗതിയിൽനിന്ന് പുറകോട്ടു വലിക്കുന്നതിനുവേണ്ടി നടത്തിക്കൊണ്ടിരിക്കുന്ന നാടൻവെടികൾ എന്നുള്ളതല്ലാതെ നിങ്ങളെടുക്കുന്ന ഈ നിലപാടിനെ മറ്റ് രൂപത്തിൽ കാണാൻ ഞങ്ങൾക്ക് കഴിയുന്നില്ല. ഈ സംസ്ഥാനം വമ്പിച്ച പുരോഗതിയിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. നമ്മൾ അടച്ചുതീർക്കാനുള്ള പലിശ അടച്ചുതീർത്തതിനുശേഷം ഫിസ്കൽ ഡെഫിസിറ്റ്, പ്രൈമറി ഡെഫിസിറ്റ് എന്നിവയിൽ വ്യത്യാസം ഉണ്ടാക്കാൻ കഴിഞ്ഞു. പ്രൈമറി ഡെഫിസിറ്റ് 536.06 കോടി രൂപ ആയിരുന്നത് ഈ ഗവൺമെന്റ് 181.98 കോടി രൂപയായി കുറച്ചുകൊണ്ടുവന്നുവെന്നുള്ള കാര്യം ഞാൻ വളരെ അഭിമാനത്തോടുകൂടി പറയുകയാണ്. ഈ ഗവൺമെന്റിന്റെ ധനകാര്യ മാനേജുമെന്റിനെ ഏതടിസ്ഥാനത്തിലാണ് വിമർശിക്കുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ചില കാര്യങ്ങളിൽ നമ്മൾ കറക്ടീവ് മെഷർ എടുക്കണം. ആ കറക്ടീവ് മെഷർ അപ്പുറത്തും ഇപ്പുറത്തുമുള്ളവർ ഒരുപോലെ നോക്കേണ്ട കാര്യമാണ്. അല്ലാതെ ഇത് ഭരിക്കുന്നവരുടെ ഉത്തരവാദിത്വമാണെന്ന് പറയുകയാണെങ്കിൽ നിരുത്തരവാദപരമായി നമുക്ക് പറഞ്ഞ് ഒഴിയാൻ കഴിയും. അതിനെക്കാൾ വ്യത്യസ്തമായി ഈ സംസ്ഥാനത്തിന്റെ താല്പര്യം വച്ചുകൊണ്ട് നമുക്ക് ഒരുപോലെ ചില കാര്യങ്ങൾ പരിഗണിക്കേണ്ടിവരും. കേരളത്തിലെ പൊതുമേഖലാസ്ഥാപനങ്ങൾ ഈ നിലയിൽ വിട്ടുകൊടുക്കാൻ കഴിയുമോ? പൊതുമേഖലാസ്ഥാപനത്തിന്റെ തലപ്പത്ത് എങ്ങനെയെങ്കിലും കയറിക്കൂടാൻ

LIBRARY ARCHIVES Kerala Legislative Assembly

ഭാഗ്യം സിദ്ധിച്ച വ്യക്തി അവരും അവരുടെ കുടുംബവും മാത്രമാണ് ഇതിനകത്തെ പ്രധാന ഘടകങ്ങൾ എന്നുള്ള അടിസ്ഥാനത്തിൽ പെരുമാറുന്നത് ശരിയാണോ ? പൊതുമേഖലാ സ്ഥാപനങ്ങളെ വ്യക്തിപരമായ ധൂർത്തിനുവേണ്ടി ഉപയോഗിക്കാൻ തലപ്പത്തിരിക്കുന്ന ഉദ്യോഗസ്ഥന്മാരെ അനുവദിക്കാമോ ? 2001-ൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ 9804.91 കോടി രൂപ നിക്ഷേപം ഉണ്ടായിരുന്നത് 31-3-2002-ൽ 10,283 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഒരു വർഷം കൊണ്ട് 478.17 കോടി രൂപ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിക്ഷേപം വർദ്ധിച്ചിട്ടുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം ഈ പൊതുമേഖലാ സ്ഥാപനങ്ങൾ കേരളത്തിന്റെ രക്തധമനികളിൽ വന്നുപെട്ടിരിക്കുകയാണ്. 10,283 കോടി രൂപയുടെ നിക്ഷേപം പൊതുമേഖലാ സ്ഥാപനങ്ങളെ ആശ്രയിച്ചാണ് നിൽക്കുന്നതെന്നുള്ള സത്യം മറക്കാൻ കഴിയുകയില്ല. അവിടെ ദു:ഖകരമായ ഒരു വസ്തുതയുണ്ട്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ 72 എണ്ണത്തിന്റെ അക്കൗണ്ട്സ് ആഡിറ്റ് ചെയ്യാൻ ഇപ്പോഴും അരിയേഴ്സായി കിടക്കുകയാണ്. ഒരു കൊല്ലം മുതൽ 11 കൊല്ലം വരെയുള്ള അക്കൗണ്ട്സ് ആഡിറ്റ് ചെയ്യാത്ത പൊതുമേഖലാ സ്ഥാപനങ്ങൾ കേരളത്തിലുണ്ട്. ഇതിനോട് ഒന്ന് പ്രതികരിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോടും ധനകാര്യ വകുപ്പുമന്ത്രിയോടും അഭ്യർത്ഥിക്കാനുള്ളത്. 11 കൊല്ലമായി അക്കൗണ്ട്സ് സെറ്റിൽ ചെയ്യാത്ത പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലാസ്ഥാപനമെന്ന മേൽവിലാസത്തിൽ കയറൂരിവിടാൻ നമുക്ക് കഴിയുമോ? അതുകൊണ്ട് കറണ്ട് ഈയറിൽ അക്കൗണ്ട്സ് സെറ്റിൽ ചെയ്യണം. എന്നുള്ള നിബന്ധന അത്യാവശ്യമാണ്. നമ്മുടെ പേരിൽ ഇപ്പോൾ പൊയ്ക്കൊണ്ടിരിക്കുന്ന തുക ഏത് രൂപത്തിലാണ് ചെലവഴിക്കുന്നതെന്ന് മനസ്സിലാക്കാൻ നമുക്ക് കഴിയണം. 36 കമ്പനികളുടെ നഷ്ടം 1227.84 കോടി രൂപയാണ്. അതിൽ പെയ്ഡ്-അപ്-കാപ്പിറ്റൽ 481 കോടി രൂപ മാത്രമാണ്. മറിച്ചുപറഞ്ഞാൽ 481 കോടി രൂപ പെയ്ഡ്-അപ്-കാപ്പിറ്റലുള്ള 36 പൊതുമേഖലാ സ്ഥാപനങ്ങൾ 1227 കോടി രൂപ നഷ്ടം ഉണ്ടാക്കുന്നു. കാട്ടിലെ തടി തേവരുടെ ആന, വലിയതാ വലി എന്നുള്ള സമീപനമെടുക്കുന്നത് ശരിയല്ല. അവിടെയൊക്കെ കർക്കശമായ നിയന്ത്രണം കൊണ്ടുവന്ന് നമുക്ക് അക്കൗണ്ടബിലിറ്റി ഉണ്ടാക്കിയെടുക്കാൻ കഴിയണം. കെ.എസ്.ഇ.ബി.-യിലെ ട്രാൻസ്മിഷൻ ലോസ്സ് 17 ശതമാനമാക്കിക്കൊണ്ടുവരാൻ ഒരു ഘട്ടത്തിൽ കഴിഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. പക്ഷേ അവിടെ ഒരു ജമ്പ് വരികയാണ്, 33 ശതമാനത്തിലേയ്ക്ക് വരുന്ന ഒരു സാഹചര്യം വരികയാണ്. ഇക്കാര്യം നമ്മൾ ആലോചിക്കണം. നമ്മുടെ പൊതുമേഖലാസ്ഥാപനങ്ങളിൽ ഇതുപോലെ വല്ലാത്ത തരത്തിൽ ലോസ്സ് ഉണ്ടായിക്കൊണ്ടിരിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിൽ നഷ്ടം കുമിഞ്ഞുകൂടി പെയ്ഡ്-അപ്-കാപ്പിറ്റലിനേക്കാൾ അപ്പുറത്ത് പോകുന്ന ഈ ദുഃസ്ഥിതി ഒഴിവാക്കുന്നതിനുവേണ്ടി, നമ്മുടെ സംസ്ഥാനത്തെ ജനങ്ങളോടുള്ള പ്രതിബദ്ധത നിറവേറ്റുന്നതിനുവേണ്ടി ഗവൺമെന്റ് ശക്തമായ നടപടി എടുക്കണം.

<u>ശ്രീ.എ. കെ. ബാലൻ</u> : സർ, ബഹുമാനപ്പെട്ട മെമ്പർ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വരുമാനം കൂടി ചെലവ് കുറഞ്ഞു എന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത്. എന്നാൽ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരം വിട്ടു പോകുമ്പോൾ 24,000 കോടി രൂപയായിരുന്ന പൊതുകടം ഇപ്പോൾ 32,000 കോടി രൂപയിലെത്തിയിരിക്കുകയാണ്. പൊതുകടം വർദ്ധിച്ചത് എങ്ങനെയാണ്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, കടമെടുക്കുന്നതിന് ഞങ്ങൾ എതിരല്ല. ഒരു വികസിത രാജ്യത്തിന് കടമെടുക്കാതെ മുന്നോട്ടു പോകാൻ കഴിയുകയില്ല. പക്ഷേ എടുക്കുന്ന തുക എന്തിനുവേണ്ടി വിനിയോഗിക്കുന്നതെന്നുള്ളതാണ് പ്രശ്നം. നിങ്ങളുടെ കാലത്ത് നമ്മൾ വിമർശിച്ചത് നിങ്ങൾ കടമെടുത്തതിനെക്കുറിച്ചല്ല ഞങ്ങൾ വിമർശിച്ചത്. നിങ്ങൾ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിനുവേണ്ടി 507 കോടി രൂപ കടമെടുത്തു. അഞ്ചു രൂപയെങ്കിലും കേരളത്തിന്റെ വികസനത്തിനുവേണ്ടി വിനിയോഗിക്കണ്ടേ ? ആ കടമെടുപ്പിനെ കേരളത്തിന്റെ മരണത്തിന്റെ അവസാന മണി മുഴക്കമെന്നാണ് പറയുന്നത്. നിങ്ങളുടെ കാഴ്ചപ്പാടും ഞങ്ങളുടെ കാഴ്ചപ്പാടും തമ്മിൽ വ്യത്യാസമുണ്ട്. ഒരു ഗവൺമെന്റിന് മുന്നോട്ടു പോകണമെങ്കിൽ കടമെടുക്കേണ്ടി വരും. ഇൻഡ്യയിലെ ഏറ്റവുംവലിയ കടക്കാർ ഒരുപക്ഷേ ഇവിടെ ഏറ്റവുംവലിയ വ്യവസായം നടത്തുന്നവരായിരിക്കും. കടമെടുത്തതുകൊണ്ടു മാത്രം സംസ്ഥാനത്ത് കുഴപ്പമുണ്ടായിയെന്ന തരത്തിൽ തെറ്റിദ്ധരിക്കണ്ട. പക്ഷേ എടുക്കുന്ന തുക നമ്മുടെ സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ പരിരക്ഷിക്കുന്നതിനുവേണ്ടി, കൂടുതൽ വരുമാനമുണ്ടാക്കുന്ന മേഖലയിൽ വിനിയോഗിക്കുന്നതിനുപകരം തീവാളി അടിച്ചുകളയുക എന്നുള്ള നാടൻ ശൈലിയിലേയ്ക്ക് പോകുന്നതിനെക്കുറിച്ചാണ് എനിക്ക് അഭിപ്രായ വ്യത്യാസമുള്ളത്.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എനിക്കുശേഷം സംസാരിക്കുന്നുണ്ട്. എനിക്ക് അങ്ങയോട് വലിയ മതിപ്പുണ്ട് ; പ്രത്യേകിച്ച് അങ്ങയുടെ പ്രത്യയശാസ്ത്രം, കാർക്കശ്യത്തോടുകൂടിയുള്ള സമീപനത്തോട്. പഴയ കാലത്തെ കമ്മ്യൂണിസ്റ്റുകാരെയാണ് എനിക്ക് ഓർമ്മ വരുന്നത്. പുതിയ തലമുറയിലെ കമ്മ്യൂണിസ്റ്റുകാർ ഒരുമാതിരി ബബിൾഗം കമ്മ്യൂണിസ്റ്റുകാരാണ്. ചവയ്ക്കുകയും ചെയ്യും കാര്യം നടത്തുകയും ചെയ്യും. അവർക്ക് പ്രത്യയശാസ്ത്രം വലിയ പ്രശ്നമല്ല. അവർ ഇങ്ങനെ ചവച്ചുകൊണ്ടിരിക്കും. ബബിൾഗം കമ്മ്യൂണിസ്റ്റായി ഞാൻ അവരെ കാണുകയാണ്. അങ്ങേയ്ക്ക് അബദ്ധം പറ്റാതിരിക്കണം. അങ്ങ് വിയ്യൂർ സെൻട്രൽ ജയിലിൽ ചെന്ന ഒരു ബലാൽസംഗ കേസ് ഉയർത്തിക്കൊണ്ടുവന്നു. അമ്മയെ ബലാൽസംഗം ചെയ്തുവെന്നു പറഞ്ഞ് ഹരിപ്പാടുകാരനായ ഒരു കുട്ടിയുടെ പേരു പറഞ്ഞു. അങ്ങ് പറഞ്ഞതനുസരിച്ച് അന്ന് പോലീസ് കേസെടുത്തിരുന്നുവെങ്കിൽ ആ കേസ്സിൽ പ്രതിയെന്ന് അങ്ങ് പറയുന്ന ആൾ ജീവപര്യന്തം കഠിന തടവിന് ജയിലിൽ കിടക്കേണ്ടി വരുകയില്ലായിരുന്നോ? അങ്ങ് ഉത്തരവാദിത്വത്തോടുകൂടി സംസാരിക്കണം. അങ്ങ് ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞു പോകരുത്. അങ്ങ് പറഞ്ഞു എന്നുള്ള ഗൗരവബോധത്തോടുകൂടി കേസ് എടുത്തിരുന്നുവെങ്കിൽ ഇന്ന് ആ കേസ്സിന്റെ ഗതി എന്താകുമായിരുന്നു? നിരപരാധിയായ ഒരാൾ ജീവപര്യന്തം കഠിന തടവിന് ജയിലിൽ കിടക്കേണ്ടി വരികയില്ലായിരുന്നോ? ബലാൽസംഗ കേസ്സിന് പെൺകുട്ടിയുടെ മൊഴിയും പോലീസുകാരന്റെ കയ്യൊപ്പും മാത്രം മതി

LIBRARY ARCHIVES Kerala Legislative Assembly

കോടതിക്ക് ശിക്ഷിക്കാം എന്നുള്ളതാണ് ഇപ്പോഴത്തെ പുതിയ പ്രൊസീഡ്യൂവർ. അങ്ങ് ചെയ്തത് ശരിയാണോ: അങ്ങ് അതിനെക്കുറിച്ച് ആലോചിക്കണം. മുത്തങ്ങയിൽ 20 ഡെഡ്ബോഡി ഉണ്ടെന്നു പറഞ്ഞ് അങ്ങ് മുത്തങ്ങയിൽ പോകാൻ ശ്രമിച്ച കഥ കേരളത്തിൽ പ്രചരിച്ചിട്ടുണ്ട്. അങ്ങയെപോലെ ഒരാൾ അത് ചെയ്യുമോ ? അങ്ങയെപ്പോലെ ഒരാൾ പോകുമ്പോൾ അതിന്റെ സത്യസ്ഥിതി നോക്കണ്ടേ ? എന്താണ് അവിടെ നടന്നത് എന്നതിനെക്കുറിച്ച് ആലോചിക്കണ്ടേ ? പ്ലാച്ചിമടയിൽ കൊക്കകോള കമ്പനിയും പെപ്സികോള കമ്പനിയും കുഴപ്പമുണ്ടാക്കുന്നു ഈ ഗവൺമെന്റ് ആമത്താഴുമായി ചെല്ലണമെന്ന് അങ്ങ് പറഞ്ഞു. അങ്ങ് ഒരു നിമിഷം ആലോചിച്ചിരുന്നുവെങ്കിൽ അങ്ങയുടെ സ്വന്തം പാർട്ടിക്കാരന്റെ ഓഫീസ് ആമത്താഴിട്ട് പൂട്ടാൻ തന്നെ പറയുമായിരുന്നല്ലോ ? അവർ കൊടുത്ത ലൈസൻസല്ലേ. ഞങ്ങൾ ഇതിൽ വല്ല പാപവും ചെയ്തിട്ടുണ്ടോ ? ഇന്റർ സ്റ്റേറ്റ് വാട്ടർ സപ്ലൈ സ്കീമിലും ഇതുതന്നെയാണ് വന്നിരിക്കുന്നത്. അവസാനം ഒരു ഫാക്സ് വിവാദം കൊണ്ടുവന്നു. ഞങ്ങളുടെ എ.ഐ.സി.സി. ഓഫീസിലും ഞങ്ങളുടെ കെ.പി.സി.സി. ഓഫീസിലെയും കാര്യങ്ങൾ തിരക്കാൻ എം. എൽ.എ. മാരടങ്ങുന്ന നിയമസഭാ കമ്മിറ്റിയെ വയ്ക്കണമെന്ന് അങ്ങയെപ്പോലുള്ള ഒരാൾ പറഞ്ഞാൽ അങ്ങിരിക്കുന്ന വലിയ സ്ഥാനത്തെക്കുറിച്ച് എന്തു പറയാൻ സാധിക്കും ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഈ ഫാക്സ് വിവാദം സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് കോൺഗ്രസ് പാർട്ടിയിലെ 4 എം.എൽ.എ.-മാർ ആവശ്യപ്പെട്ട കാര്യം അങ്ങേയ്ക്കറിയാമോ. ഫാക്സ് മേസ്സേജ് വിവാദത്തിലെ ഒരു പ്രധാന വ്യക്തി അങ്ങുകൂടിയാണെന്ന വിവരം പുറത്തുവന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, പ്രതിപക്ഷനേതാവിന്റെ പത്രപ്രസ്താവന (ദേശാഭിമാനി പത്രത്തിൽ വന്നത് മാത്രം ഞാൻ വേറൊരു പത്രവും എടുക്കുന്നില്ല.) ദേശാഭിമാനി പത്രത്തിൽ വന്നത് കെ.പി.സി.സി. ഓഫീസിലേയും എ.ഐ.സി.സി. ഓഫീസിലേയും കാര്യങ്ങൾ തിരക്കാൻ എം.എൽ.എ.-മാരുടെ ഒരു കമ്മിറ്റിയെ വയ്ക്കണമെന്നാണ്. ഇതിനോട് തത്വത്തിൽ സമ്മതിക്കാം. ഞാൻ ശ്രീ. കോടിയേരി ബാലകൃഷ്ണനോട് ചോദിക്കട്ടെ പാർട്ടിക്കകത്ത് എന്തെങ്കിലും വിഷമതകൾ വരുമ്പോൾ, വ്യത്യസ്ത അഭിപ്രായം വരുമ്പോൾ നിയമസഭ കമ്മിറ്റിയെ വയ്ക്കുമെങ്കിൽ എ.കെ.ജി. സെന്ററിൽ നിന്ന് നിയമസഭാകമ്മിറ്റിക്ക് ഇറങ്ങാൻ സമയമുണ്ടാകുമെന്ന് കരുതുന്നുണ്ടോ. ഞങ്ങളുടെ പാർട്ടിയ്ക്കകത്ത് ഉണ്ടാകുന്ന വ്യത്യസ്ത അഭിപ്രായങ്ങൾ നോക്കാൻ നിയമസഭാകമ്മിറ്റിയെ വയ്ക്കണമെന്നാണോ പ്രതിപക്ഷനേതാവിന്റെ അഭിപ്രായം ? എങ്കിൽ തത്വത്തിൽ ഞങ്ങൾ അംഗീകരിക്കാം. പക്ഷേ, എ.കെ.ജി. സെന്റർ പരിശോധിക്കാൻ ഞങ്ങൾക്കും നിങ്ങൾ തുറന്നുതരേണ്ടിവരും. അതുമാത്രമേ എനിക്ക് ഓർമ്മിപ്പിക്കുവാനുള്ളൂ. ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിൻതുണയ്ക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി എസ്. അച്യുതാനന്ദൻ) : സർ, സ്വർഗ്ഗസുഖത്തിനുവേണ്ടി ആത്മാവു വിറ്റ ഒരു ചെകുത്താന്റെ കിങ്കരന്റെ കഥ കേട്ടിട്ടുണ്ട്. ആത്മാവ്

LIBRARY ARCHIVES Kerala Legislative Assembly

കിട്ടിയതോടുകൂടി ചെകുത്താന്റെ കിങ്കരൻ തനിനിറം കാണിക്കാൻ തുടങ്ങി. സ്വർഗ്ഗസുഖം തേടിയാണ് ആത്മാവ് വിറ്റത്. ആ ആൾ ഹൃദയം പൊട്ടി മരിച്ചു. ഏതാണ്ട് അതുപോലെയുള്ള സ്ഥിതിയാണ് കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് മി. എ. കെ. ആന്റണിക്കും, അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ളവർക്കും മുഖ്യമന്ത്രി കസേരയിൽ കയറാനുള്ള ആഗ്രഹം വല്ലാതെ മുറ്റി നിറഞ്ഞതിന്റെ ഫലമായി കേരളത്തിലെ മതമൗലികവാദികളും മതതീവ്രവാദികളുമായി കൂട്ടുകെട്ടുണ്ടാക്കി. ആ കൂട്ടുകെട്ടിൽപെട്ടവർ അവരുടെ അജണ്ട ശ്രീ. എ. കെ. ആന്റണിയിൽക്കൂടെ നടപ്പിലാക്കി. അത് എവിടെയെത്തി? മതേതരത്വം എന്ന കേരളത്തിന്റെ ആത്മാവാണ് ആ വർഗ്ഗീയ ചെകുത്താന്മാർക്ക് മി. എ. കെ. ആന്റണി തീറെഴുതിയത്. ന്യൂനപക്ഷ വർഗ്ഗീയ വാദികൾ അദ്ദേഹത്തിൽനിന്ന് എന്തോ പിടിച്ചെടുക്കുന്നുവെന്നാണ് കഴിഞ്ഞ ദിവസം അദ്ദേഹം പറഞ്ഞത്. ന്യൂനപക്ഷ വർഗ്ഗീയത എന്നു പറയുന്നത് ചെകുത്താന്റെ കിങ്കരനാണ്. യഥാർത്ഥ്യചെകുത്താൻ എന്നു പറയുന്നത് ഹിന്ദു വർഗ്ഗീയതയാണ്. അത് ദശീയ മുഖത്തിൽ ഫണമുയർത്തി നിൽക്കുകയാണ്. ആ ചെകുത്താന്റെ ഏതാണ്ട് പിണിയാൾ എന്നു പറയുന്നതുപോലെ ന്യൂനപക്ഷ വർഗ്ഗീയതയ്ക്ക് എതിരായി എന്റെ ബഹുമാന്യ സ്നേഹിതൻ പ്രതികരിക്കുകയാണുണ്ടായത്. കേരളത്തിൽ ഇന്ന് ഭൂരിപക്ഷ വർഗ്ഗീയത അഴിഞ്ഞാടുകയാണ്. കേരളത്തിൽ ഇക്കാലമത്രയും ഊട്ടിവളർത്തിക്കൊണ്ടുവന്ന മതമൈത്രി ഇതിനകം നിങ്ങൾ തകർത്തുകഴിഞ്ഞിരിക്കുകയാണ്. ഞാൻ നിങ്ങളോട് പറയുന്നത്, ഈ കളി നിർത്തണം. ഈ വർഗ്ഗീയ കശാപ്പുമൂലം കേരളത്തിലെ നിരവധി സഹോദരന്മാർ ഇതിനകം മരിച്ചുകഴിഞ്ഞു. ഇനിയും വർഗ്ഗീയ കോമരന്മാർക്ക് ചോര കുടിക്കാൻ നിങ്ങൾ അവസരമുണ്ടാക്കുന്നത് നിർത്തണമെന്നാണ് ഞങ്ങൾ പറയുന്നത്. നിങ്ങൾ ഇത് ഇന്നും ഇന്നലെയും തുടങ്ങിയതല്ല. 1992-ൽ ബാബറി മസ്ജിദ് തകർത്തപ്പോൾ കേരളത്തിലെ പ്രമുഖരായ കോൺഗ്രസ്സുകാർ അതിനെതിരെ ശബ്ദിച്ചപ്പോൾ പ്രതിഷേധിച്ച് ഒരു വാക്ക് പറയാത്ത മാന്യനാണ് കേരളത്തിന്റെ മുഖ്യമന്ത്രി. രാഷ്ട്രപിതാവായ മഹാത്മാഗാന്ധി മരിക്കുന്നതുവരെ പോരാടിയത് ഹിന്ദു വർഗ്ഗീയതയ്ക്കും മറ്റ് വർഗ്ഗീയതയ്ക്കും എതിരായിട്ടാണ്. അവസാനം അദ്ദേഹം ഒരു ഹിന്ദു വർഗ്ഗീയവാദിയുടെ തോക്കിനിരയായി മരിക്കാനിടയായി. അദ്ദേഹത്തിന്റെ അനുയായികളിൽ പ്രമുഖനാണ് നിങ്ങളുടെ വർക്കിംഗ് കമ്മിറ്റി മെമ്പർ. നിങ്ങൾ ഇന്ന് കോൺഗ്രസിനെ ഗോഡ്സെയുടെ പാർട്ടിയാക്കി മാറ്റാനല്ലേ ശ്രമിച്ചു കൊണ്ടിരിക്കുന്നത്? ന്യൂനപക്ഷ വർഗ്ഗീയതയ്ക്കെതിരായി ശക്തമായി അലറിക്കൊണ്ട് ഭൂരിപക്ഷ വർഗ്ഗീയതയുടെ പിന്തുണ നേടാമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നു; ചിലപ്പോൾ അതിന് കഴിഞ്ഞേക്കാം. ഇന്ത്യൻ യൂണിയന്റെ പ്രസിഡന്റോ അല്ലെങ്കിൽ ഉപ ആളോ, അല്ലെങ്കിൽ പ്രധാനമന്ത്രി തന്നെയോ ചിലപ്പോൾ ആയേയ്ക്കാം. ആ നിലയിലേക്ക് നിങ്ങളിന്ന് അധഃപതിച്ചു കൊണ്ടിരിക്കുകയാണ്. ഈ അധഃപതനത്തിന്റെ സമീപനം നിങ്ങൾ കാണിച്ചുതുടങ്ങിയത് മത്തായി മാഞ്ഞൂരാന്റെ പ്രഭാഷണത്തിലാണ്. ന്യൂനപക്ഷമെല്ലാം അടങ്ങിയൊതുങ്ങി കഴിഞ്ഞോളണം, ഹിന്ദുക്കൾക്ക് താഴെ. ഇപ്പോഴും നിങ്ങൾ അതേ തരത്തിലുള്ള ഭീഷണിയാണ് മുഴക്കുന്നത്. നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെ ന്യൂനപക്ഷങ്ങളെ പിടിച്ചുപറിക്കുന്നതുകൊണ്ട് ഹിന്ദു ജനവിഭാഗങ്ങളാകെ അസ്വസ്തരാണ്. ഈ നിലയിൽ എത്തിച്ചത് ആരാണ് ? നിങ്ങൾക്ക് അതിനുള്ള പങ്ക് വിസ്മരിക്കാൻ കഴിയുമോ? ഇല്ല. അങ്ങനെ ഈ നാടിനെ അപകടകരമായ സ്ഥിതിവിശേഷത്തിലേയ്ക്ക് നീക്കിക്കൊണ്ടിരിക്കുകയാണ്. അതാണ് പരമപ്രധാനമായ കാര്യം എന്ന് ഞാൻ ഈ അവസരത്തിൽ അനുസ്മരിപ്പിക്കുകയാണ്.

നിങ്ങൾ ധവളപത്രത്തിൽക്കൂടി പറഞ്ഞിരിക്കുന്നത് എന്താണ് ? "കടഭാരം ഞങ്ങൾ പരമാവധി കുറയ്ക്കും : ധനകമ്മി, റവന്യൂ കമ്മി എന്നിവ കുറയ്ക്കും" എന്നാണ്. ഇപ്പോൾ എവിടെ നിൽക്കുന്നു പൊതുകടം ? എൽ.ഡി.എഫ്. ഭരിച്ചുകൊണ്ടിരുന്ന കാലത്ത് 5 വർഷത്തെ പൊതുകടം 7,759 കോടി രൂപ. ഇത് നിങ്ങൾ ഒരു ചോദ്യത്തിനു തന്ന മറുപടിയാണ്. ഇപ്പോൾ രണ്ടുവർഷംകൊണ്ട് വരുത്തിയിരിക്കുന്നത് എത്രയാണ്? 7,759 കോടി രൂപ. റവന്യൂ കമ്മിയും ധനകമ്മിയും കുറച്ചുകൊണ്ടുവരുമെന്ന് പറഞ്ഞിട്ട് കുറച്ചുകൊണ്ടുവന്നോ ? കൂടിയില്ലേ ? റവന്യൂ കമ്മി 522 കോടി രൂപ കൂടി. ധനകമ്മി 567 കോടി രൂപ കൂടി. പൊതുകടം സംബന്ധിച്ചും റവന്യൂ കമ്മിയും ധനകമ്മിയും സംബന്ധിച്ചുമുള്ള അവകാശവാദങ്ങൾ ഇതിനകംതന്നെ പൊളിഞ്ഞിരിക്കുന്നു. പിന്നെ നിങ്ങൾ ഞങ്ങളോട് 493 കോടി രൂപ ഉപധനാഭ്യർത്ഥനയിലൂടെ ആവശ്യപ്പെട്ടിരിക്കുന്നത് എന്തിനൊക്കെയാണ് ? നമ്മുടെ സംസ്ഥാനത്ത് ഏറെ ദുരിതമനുഭവിക്കുന്ന, ആത്മഹത്യയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന കൃഷിക്കാരെ ഗുണപ്പെടുത്താനാണോ? പരമ്പരാഗത വ്യവസായങ്ങളിൽ പണിയെടുക്കുന്ന 15 ലക്ഷത്തോളം വരുന്ന തൊഴിലാളികളേയും അവരെ ആശ്രയിച്ചു കഴിയുന്ന 45 ലക്ഷത്തോളം വരുന്ന കുടുംബങ്ങളേയും സഹായിക്കാനാണോ ? പൊതുമേഖലാസ്ഥാപനങ്ങളേയും അതിലെ തൊഴിലാളികളേയും സഹായിക്കുന്നതിനാണോ ? അതിന് നിങ്ങൾ പണം വല്ലതും നീക്കിവച്ചിട്ടുണ്ടോ. ഇല്ല. എന്നതോ പോകട്ടെ, നിങ്ങൾ നീക്കി വച്ചിരിക്കുന്നത് എന്തിനാണ് ? ആ കാര്യങ്ങളിലെല്ലാമെടുക്കുന്ന നിങ്ങളുടെ നിഷേധാത്മകമായ നയം പരമ്പരാഗത തൊഴിലാളികൾ, തൊഴിലിനു വേണ്ടി സമരം ചെയ്യുമ്പോൾ, വ്യാവസായിക പ്രതിസന്ധി പരിഹരിക്കണമെന്നു പറഞ്ഞ് സമരം ചെയ്യുമ്പോൾ, കൃഷിക്കാർപട്ടിണി കിടക്കുന്നതും ആത്മഹത്യ ചെയ്യുന്നതുമായ സാഹചര്യം ഒഴിവാക്കണമെന്നു പറഞ്ഞ് സമരം ചെയ്യുമ്പോൾ, വിദ്യാഭ്യാസ കച്ചവടത്തിനെതിരായി, ഫീസ് അമിതമായി വർദ്ധിപ്പിക്കുന്നതിനെതിരായി കുട്ടികൾ സമരം ഇതിനെയൊക്കെ നേരിടാൻ നിങ്ങൾക്ക് വേണ്ടത് എന്താണ് ? ആണിയടിച്ച ലാത്തി, ടിയർഗ്യാസിനോടൊപ്പം കളർ വെള്ളം ചേർത്തുകൊണ്ട് ഒരു ഗ്യാസ്, ഇലക്ട്രിസിറ്റി പിടിപ്പിച്ച ലാത്തി. അതിനൊക്കെ തുക നിങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. അതിന് അനുവാദം തരാൻ ഞങ്ങൾക്ക് മനസ്സില്ല. ക്ലേശവും ദുരിതവും അനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ ആശ്വാസത്തിന് നാലു നയാപൈസ മാറ്റിവയ്ക്കാൻ താല്പര്യം കാണിക്കാത്ത നിങ്ങൾ ഉപധനാഭ്യർത്ഥനയുമായി വിന്നിരിക്കുന്നു. കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്രാ) 2450 ഏക്കർ ഭൂമി

LIBRARY ARCHIVES Kerala Legislative Assembly

ഇതിനകംതന്നെ എടുത്തിട്ടുണ്ട്. ഇനിയൊരു 2000-ത്തോളം ഏക്കർ ഭൂമികൂടി എടുക്കുവാൻ പോവുകയാണ്. അതിന് ഏതാണ്ട് 50 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. മുമ്പ് 180 കോടിയോളം രൂപ മാറ്റിവച്ചു. ഈ നീക്കിവയ്ക്കുകയും മാറ്റിവയ്ക്കുകയും ചെയ്ത തുകയുടെ പകുതിയോ നാലിലൊന്നോ എങ്കിലും മാറ്റിവച്ചുകൊണ്ട് ഇന്ന് പ്രതിസന്ധി നേരിടുന്ന ദശലക്ഷക്കണക്കായ പരമ്പരാഗത വ്യവസായ തൊഴിലാളികളെയും, അതുപോലെ അടച്ചുപൂട്ടലിനെ നേരിട്ടുകൊണ്ടിരിക്കുന്ന ചുരുക്കം ചില പൊതുമേഖലസ്ഥാപനങ്ങളിലെ തൊഴിലാളികളെയും ആത്മഹത്യയിലേയ്ക്ക് നീങ്ങുന്ന കൃഷിക്കാരെയും ആശ്വാസിപ്പിക്കുവാൻവേണ്ടി കഴിഞ്ഞോ ? സ്ഥലമെടുപ്പിന്റെ രീതി എങ്ങനെയാണ് ? ഞാൻ പരിശോധിച്ചപ്പോൾ മനസ്സിലാക്കുവാൻ കഴിഞ്ഞത്. എവിടെയെങ്കിലും ഒരു 100 ഏക്കർ വേണ്ടിവരുകയാണെങ്കിൽ അതിന് കിൻഫ്രാ ഏജന്റ് ആദ്യം പോകും. സ്ഥലത്തിന്റെ നിലവാരമൊക്കെ നോക്കിയിട്ട് വിലപറഞ്ഞ് വാങ്ങും. ഒരു ഡസനോളം കിൻഫ്രയുടെ ആളുകൾ പിന്നീട് പോകും. അവർ സ്ഥലം വാങ്ങും. പിന്നീട് ഗവൺമെന്റ് ഔദ്യോഗികമായി നല്ല ഉയർന്ന വിലയ്ക്കാണ് വാങ്ങുക. മാർജിനുകളും മാറ്റങ്ങളുമൊക്കെ ഇതിൽക്കൂടി നടക്കുന്നുവെന്ന് ചുരുക്കം. അതുവഴി ഗവൺമെന്റ് ഖജനാവിൽനിന്ന് ചോർന്നുപോയിട്ടുള്ള പണം ലക്ഷവും കോടികളുമാണ്. ഇനിയും വാങ്ങാൻ പോവുകയാണ്. നാം എപ്പോഴും 42 ലക്ഷം തൊഴിൽ രഹിതരായ അഭ്യസ്ത വിദ്യരെപ്പറ്റി പറയുമല്ലോ ? അതുപോലെ പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികളുടെ പട്ടിണിയെക്കുറിച്ചും തൊഴിലില്ലായ്മയെക്കുറിച്ചും പറയുന്നുണ്ടല്ലോ. ഈ സ്ഥാപനങ്ങൾ വരുന്നതിന്റെ ഫലമായി എത്ര തൊഴിലാളികൾക്ക് അല്ലെങ്കിൽ അഭ്യസ്തവിദ്യരായ എത്ര ചെറുപ്പക്കാർക്ക് ഇതിനകം തൊഴിൽ കൊടുത്തിട്ടുണ്ട് ? ഇനി 50 കോടിരൂപ കൂടി കൊടുക്കുമ്പോൾ എത്രപേർക്ക് തൊഴിൽ ലഭിക്കുമെന്ന് പറയുവാൻ നിങ്ങൾക്ക് കഴിയുന്നുണ്ടോ? കഴിയുന്നില്ല. അതേസമയം ഞാൻ പറയുകയാണ്, കേരള ഗവൺമെന്റ് രൂപംകൊണ്ടതിനു ശേഷവും അതിനു മുമ്പും അധികാരത്തിലിരുന്ന ഗവൺമെന്റുകൾ സ്ഥാപിച്ചിട്ടുള്ള സർക്കാർ ഉടമയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ലാഭം എം.ഡി.-മാർ കൊണ്ടുവന്ന് ഉടൻതന്നെ ധനകാര്യ വകുപ്പുമന്ത്രിയുടേയോ മുഖ്യമന്ത്രിയുടേയോ കയ്യിൽ ഏൽപ്പിക്കും സെയിൽസ് ടാക്സ് ഗവൺമെന്റിനും എക്സൈസ് ഡ്യൂട്ടി കേന്ദ്ര ഗവൺമെന്റിനും ഒക്കെ കൊടുക്കുന്ന സ്ഥാപനങ്ങളാണ് നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ. ഇപ്പോൾ നമ്മൾ ഉയർത്തിക്കാണിക്കുന്ന ഐ.ടി., ടെക്നോപാർക്ക് എന്നീ മഹത്തായ സ്ഥാപനങ്ങളുടെ ഇന്നത്തെ സ്ഥിതി എന്താണെന്ന് നോക്കുന്നുണ്ടോ? വരുന്ന വ്യവസായികൾക്ക് വാടകയില്ലാതെയോ അല്ലെങ്കിൽ തുച്ഛമായ വാടകയ്ക്കോ വ്യവസായം നടത്താൻ നമ്മൾ സ്ഥലം കൊടുക്കുകയാണ്. വാടകയിനത്തിൽ നാലുകോടിയിൽപ്പരം രൂപ ഇപ്പോഴും കുടിശ്ശികയാണ്. ഗവൺമെന്റിന് ലാഭേ വിഹിതംതരാൻ പോകുന്നില്ല. സെയിൽസ് ടാക്സോ എക്സൈസ് ഡ്യൂട്ടിയോ തരുന്നില്ല എന്നതുപോകട്ടെ, കോടിക്കണക്കിന് രൂപ മുടക്കിയ ആ സ്ഥാപനത്തിൽ വന്നിട്ടുള്ള വ്യവസായികൾക്ക് വളരെ ചീപ്പായ നിലയിൽ എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്തിട്ടും കോടിക്കണക്കിനു രൂപ

LIBRARY ARCHIVES Kerala Legislative Assembly

കടമായികിടക്കുകയാണ്. 332000 ചതുരശ്ര അടി ഭൂമി മിച്ചംകിടക്കുമ്പോൾ വീണ്ടും ടെക്നോപാർക്കിന് കിഴക്കുവശം എടുക്കുവാൻ പോകുന്നു. മറ്റൊരു ടെക്നോപാർക്ക്, എറണാകുളത്ത് ടെക്നോപാർക്ക്, കോഴിക്കോട് ടെക്നോപാർക്ക്, സംസ്ഥാനത്താകെ പാർക്കുകളാണ്. ഈ നിലയിൽ കോടികൾ മുടക്കുകയാണ്. നിങ്ങൾക്ക് ഇതിനൊക്കെ കാശ് വാരിക്കോരി കൊടുക്കുവാൻ കഴിയുമ്പോൾ നമ്മുടെ സംസ്ഥാനത്തെ തൊഴിലാളികൾ കഷ്ടപ്പെടുകയാണ്. സംസ്ഥാനത്തെ 111 പൊതുമേഖലാസ്ഥാപനങ്ങളിലായി 123000 തൊഴിലാളികളാണ് പണിയെടുക്കുന്നത്. അത് നിലനിൽക്കുന്നതിന്റെ ഫലമായി അവർ അങ്ങനെ ജീവിച്ചുപോകുന്നു എന്നുമാത്രമാണോ? കേരളം തിരുകൊച്ചിയും മലബാറുമായിരുന്ന കാലത്തും കേരളമായ കാലത്തുമൊക്കെയുള്ള ഗവൺമെന്റുകൾ ആരംഭിച്ചിട്ടുള്ള വ്യവസായങ്ങളൊക്കെ ഈ ഗവൺമെന്റ് മുടക്കുന്നു. ഇതിനോ നാലുകാശ്പോലും മുടക്കുന്നില്ല. മുടക്കുന്ന തുകയോ വൻ ചോർച്ചയോടുകൂടിയാണ് ചെലവ് ചെയ്തുകൊണ്ടിരിക്കുന്നത് എന്നുള്ള ആരോപണവും ഉയർന്നുവന്നുകൊണ്ടിരിക്കുകയാണ്. ഇത് സംബന്ധിച്ച് പരിശോധിക്കുവാൻ കഴിയുമോ? കഴിയില്ല. കഴിഞ്ഞ ദിവസങ്ങളിൽ അങ്ങേട്ട് മന്ത്രിമാർക്കെതിരായി ചില ആക്ഷേപങ്ങൾ ഉന്നയിച്ചു. അതിനു ഒരു മന്ത്രിയാണ് സി.ബി.ഐ. അന്വേഷിക്കട്ടെ എന്നുപറഞ്ഞ് അതിന്റെ ഓർഡർ സഭയുടെ മേശപ്പുറത്തുവച്ചത്. ആ മന്ത്രിയോടുതന്നെ, തളിപ്പറമ്പിലെ ചന്ദനതൈല തിരിമറിയെപ്പറ്റി അന്വേഷിക്കാമോ എന്നു ചോദിച്ചപ്പോൾ, മിണ്ടിയില്ല. അതുപോലതന്നെ ഗ്രാസിം കമ്പനിയിലെ ഇടപാടിനെ സംബന്ധിച്ച് ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചു. അന്വേഷണം നടത്തുമെന്ന് പറയുന്നില്ല.. അന്ന് എനിക്ക് മറുപടി തന്നത് മുഖ്യമന്ത്രിവന്നൊട്ടെ ആലോചിച്ച് അന്വേഷണം പ്രഖ്യാപിക്കുമെന്നാണ്. ഒരന്വേഷണവും ഇതുവരെ നടന്നില്ല. ഇടതുപക്ഷ മുന്നണിയിലെ മറ്റു സഹപ്രവർത്തകർ ഉന്നയിച്ച ആക്ഷേപം സംബന്ധിച്ചും എങ്ങനെ കൈകാര്യം ചെയ്യുമെന്ന് പറഞ്ഞിട്ടില്ല. എന്നിട്ട് അപ്പുറത്തിരിക്കുന്ന ചില സുഹൃത്തുക്കൾ പ്രസംഗിച്ചതുകേട്ടു. കാര്യമായ യാതൊരു തെളിവും ഇല്ലാത്തതിനാലും, മറുപടി പറഞ്ഞപ്പോൾ മന്ത്രിമാർ ഇല്ലാത്തതിനാലും ഞങ്ങൾ അത് അർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളഞ്ഞുവെന്ന് സൗകര്യമാണത്. തള്ളിക്കളഞ്ഞുകൊള്ളൂ. അതിന്റെ അർത്ഥം, നിങ്ങൾക്കെല്ലാം ഇത് ഭൂഷണമാണ് എന്നാണ്. ഇതിനെക്കുറിച്ച് ഏത് രൂപത്തിലുമുള്ള അന്വേഷണവും നടത്തി ജനങ്ങൾക്ക് അറിയാവുന്ന വിധത്തിൽ സത്യാവസ്ഥ പുറത്തുകൊണ്ടുവരണം എന്നാണ് എനിക്ക് നിങ്ങളോട് ആവശ്യപ്പെടാനുള്ളത്. ഈയിടെ മറ്റൊരു വാർത്ത പുറത്തു വന്നത് നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. വിജിലൻസ് അന്വേഷണം ഇന്നൊരു പ്രഹസനമാക്കി മാറ്റുക എന്ന സ്ഥിതി വരാമോ? പാടില്ല. നിങ്ങളുടെ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സാധാരണ വിജിലൻസ് അന്വേഷണത്തിന്റെ സംവിധാനം തന്നെ നിങ്ങൾ മാറ്റി. ചീഫ്സെക്രട്ടറി കൺവീനറായിട്ടുള്ള ഒരു കമ്മിറ്റി രൂപീകരിച്ച് വിജിലൻസ് ഡയറക്ടർ അന്വേഷിച്ചു കൊണ്ടു വരുന്നത് നിങ്ങളുടെ ഒരു സൂപ്പർവിഷൻ വിധേയമാക്കി നിങ്ങൾ അംഗീകരിക്കുന്നതേ അന്വേഷിക്കൂ എന്ന സ്ഥിതിയിലേയ്ക്ക് എത്തിയില്ലേ? എന്തിനാണ്? മന്ത്രിമാരുടേയും നിങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

കീഴിലുള്ള ആളുകളുടേയുമെല്ലാം അഴിമതിയാക്ഷേപത്തിൽ നിന്ന് അവരെ രക്ഷപ്പെടുത്തുന്നതിനുവേണ്ടിയുള്ള കുറുക്കുവഴി. നല്ലതാണോ ? നല്ലതല്ല. ഇപ്പോൾ തൃശ്ശൂർ ട്രൈബ്യൂണലിൽ, അദ്ദേഹത്തിന്റെ കാലാവധി മാറിയപ്പോൾ വേറൊരു ആളിനെ കൊണ്ടുവരാൻ തീരുമാനിക്കുകയോ അതിന്റെ അടുത്തെത്തുകയോ ചെയ്തതായിട്ടാണ് കാണുന്നത്. അതു സംബന്ധിച്ച് വലിയ ആക്ഷേപമാണ് ഉയർന്നു വന്നിട്ടുള്ളത് ഇതുപോലുള്ള ഉത്തരവാദപ്പെട്ട സ്ഥാനത്തിരിക്കുന്നവർ നിഷ്പക്ഷവും നീതിപൂർവ്വവും ധീരവുമായി കാര്യങ്ങൾ കൈകാര്യം ചെയ്യാൻ തന്റേടമുള്ളവർ ആകണം, സത്യസന്ധതയുള്ളവരാകണം. അങ്ങനെയുള്ള ആളുകളെ നിങ്ങൾ ശ്രദ്ധാപൂർവ്വം സെലക്ട് ചെയ്യുന്നതിന് തുനിയാതെ ആക്ഷേപത്തിനും ആരോപണത്തിനും വിധേയനായിട്ടുള്ള ഒരാളെയാണ് നിങ്ങൾ ഇപ്പോൾ തൽസ്ഥാനത്തേയ്ക്ക് കൊണ്ടുവരാൻ ശ്രമിക്കുന്നത് എന്നാണ് കേൾക്കുന്നത്. അദ്ദേഹത്തിന്റെ പേര് പറയുന്നില്ല. ഗൗരവമായി പരിശോധിക്കുകയും അന്വേഷിക്കുകയും ചെയ്തതിനുശേഷം മാത്രമേ ഇതുപോലുള്ള സ്ഥാനത്തേയ്ക്ക് ആളുകളെ കൊണ്ടുവരാൻ ശ്രമിക്കാവൂ എന്നാണ് എനിക്ക് നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

ഈ ഗവൺമെന്റ് വിദ്യാഭ്യാസ രംഗത്ത് സ്വീകരിച്ചിരിക്കുന്ന നയസമീപനങ്ങളെ സംബന്ധിച്ച് ഏറെ ആക്ഷേപങ്ങൾ ഉയർന്നുകൊണ്ടിരിക്കുന്നത് നാട്ടിലാകെ ചർച്ചകൾ നടക്കുന്നത് നിങ്ങൾ ഗൗരവപൂർവ്വം പരിഗണിക്കുന്നുണ്ടോ ? സ്വാശ്രയ മെഡിക്കൽകോളേജുകളിൽ മെരിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിക്കുന്ന കുട്ടികൾക്ക് 1,76,000 രൂപയാണ് ഫീസായി നൽകാൻ നിങ്ങൾ നിർദ്ദേശിച്ചത്. തിരുവനന്തപുരത്ത് എസ്.യു.ടി. എന്ന ഒരു സ്വകാര്യ മെഡിക്കൽ സ്ഥാപനം നടത്തിക്കൊണ്ടിരിക്കുന്നവർ ഗവൺമെന്റിനോട് ആവശ്യപ്പെട്ടതനുസരിച്ച് ഗവൺമെന്റ് അവർക്ക് കോളേജ് അനുവദിച്ചു. അതിന്റെ പണി നടന്നുകൊണ്ടിരിക്കുകയാണ്. ഈ വിവാദത്തിൽ ഇടപെട്ടുകൊണ്ട് ഡോ. ഭരത് ചന്ദ്രൻ ഒരു പ്രസ്താവന നടത്തിയത്. നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നുള്ളത് എനിക്കറിയില്ല. ഗവൺമെന്റ് മെഡിക്കൽ കോളേജിലെ സ്റ്റുഡന്റ് സിന് ഫീസായി നിശ്ചയിച്ചിരിക്കുന്ന 9,000 രൂപ സ്വാശ്രയ മെഡിക്കൽ കോളേജിലെ ഫീസായി നിശ്ചയിച്ച് അവരെ എം.ബി.ബി.എസ്. നേടി പുറത്തു വിടാവുന്ന വിധത്തിൽ കാര്യങ്ങൾ ചെയ്യാമെന്ന് ഡോ. ഭരത്ചന്ദ്രൻ പ്രസ്താവിച്ചിരിക്കുകയാണ്. 9,000 രൂപ ഫീസ് വാങ്ങിക്കൊണ്ട് സാമാന്യ ലാഭത്തോടുകൂടി ഈ കോളേജുകൾ നടത്തിക്കൊണ്ടുപോകാൻ കഴിയുമെന്നാണ് അദ്ദേഹം പറയുന്നത്. അദ്ദേഹം ഇപ്പോൾത്തന്നെ ഒരു സ്ഥാപനം നടത്തിക്കൊണ്ടിരിക്കുകയാണ്. അതു സംബന്ധിച്ചുള്ള വിവരമൊന്നും അറിയാത്ത ഒരാളിന്റെ പ്രസ്താവനയായിട്ട് അത് കരുതേണ്ടതില്ല. ആ നിലയിൽ തന്നെ ചെറിയ ലാഭത്തോടുകൂടി ഈ സ്ഥാപനം നടത്തിക്കൊണ്ടുപോകാൻ കഴിയുമെങ്കിൽ പിന്നെ എന്തിനാണ് നിങ്ങൾ 50 ശതമാനം മെരിറ്റ് സീറ്റിന് 1,76,000 രൂപ ഫീസ് നിശ്ചയിച്ചത് ? 50%-ന് ഇനിയുള്ള 50 ശതമാനം സീറ്റിന് പുഷ്പഗിരിയെപ്പോലുള്ള സ്ഥലത്ത് നിരവധി ലക്ഷങ്ങളാണ്. അങ്ങനെയുള്ള കോഴ സമ്പ്രദായത്തിന് ലൈസൻസ് നൽകിപ്പോരുന്ന സമീപനം ഇപ്പോഴും നിങ്ങൾ ഭംഗ്യന്തരേണ സമ്മതിക്കുന്നുണ്ട്. സ്വാശ്രയ മെഡിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

കോളേജുകളുടെ നിഷേധാത്മകമായ ഗവൺമെന്റിനേയും ജനങ്ങളേയും വെല്ലുവിളിക്കുന്നവരെ എതിർക്കുന്ന രീതിയിലുള്ള ഒരു സമീപനം എടുക്കണമെന്ന് നിങ്ങൾക്ക് തോന്നുന്നില്ല. അതിന്റെ അർത്ഥം സാധാരണക്കാരായ ജനങ്ങളെ ഇഷ്ടംപോലെ കൊള്ളയടിക്കുന്നതിനുവേണ്ടി അനുവാദം നൽകി എന്നത് നിങ്ങളുടെ നിലനിൽപ്പിന്റെതന്നെ പ്രശ്നമായി കാണുന്നു എന്നു വേണ്ടേ മനസ്സിലാക്കാൻ? മെഡിക്കൽ രംഗത്ത് സർക്കാർ ആശുപത്രികളുടെ ഉള്ളിൽ സ്വകാര്യ വ്യക്തികൾക്ക് ലാഭം. ഇതുപോലെ നിങ്ങളുടെ സ്വാശ്രയത്ത്വത്തിന്റേതായിട്ടുള്ള, സ്വാശ്രയ അനുകൂലമായിട്ടുള്ള നീക്കങ്ങൾ എത്രയെത്ര ഹീനമായിട്ടുള്ള നിലയിലാണ് പോയ്ക്കൊണ്ടിരിക്കുന്നത് നിങ്ങൾ മനസ്സിലാക്കണമെന്ന് ഞാൻ അനുസ്മരിപ്പിക്കുകയാണ്.

എ.കെ.ജി. സെന്ററിൽ എം.എൽ.എ-മാർ നിരന്തരം കയറിയിറങ്ങുന്നുവെന്നും അവരെ പരിശോധന നടത്തേണ്ടിവരുമെന്നുമുള്ള രീതിയിൽ ഇവിടെ എന്റെ സ്നേഹിതൻ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറയുകയുണ്ടായി. എ.കെ.ജി. സെന്റർ എപ്പോഴും ആർക്കും സ്വാഗതം ചെയ്യാവുന്ന വിധത്തിലുള്ള ഒരു സങ്കേതമാണ്. നിങ്ങൾക്ക് യാതൊരു തരത്തിലുള്ള വിഷമവും ഇണ്ടാകുകയില്ല. എന്തെങ്കിലും പരാതികളോ ആക്ഷേപങ്ങളോ ഉണ്ടെങ്കിൽ അവിടെ പോയി നിങ്ങൾക്ക് പരിശോധിക്കാവുന്നതാണ്. മുമ്പ് നിങ്ങളുടെ കൂട്ടർ അവിടെ വന്ന് പരിശോധിച്ചിട്ടുള്ള കാര്യം ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ മനസ്സിലാക്കിയിട്ടില്ലെങ്കിൽ മനസ്സിലാക്കണമെന്ന് ഞാൻ പറയുകയാണ്. പ്ലാച്ചിമടയിലെ കാര്യങ്ങൾ എന്റെ സ്നേഹിതൻ ഇവിടെ പറയുകയുണ്ടായി. പ്ലാച്ചിമടയിലെ കൊക്കക്കോള കമ്പനി ഞങ്ങളുടെ കാലത്ത് ആരംഭിച്ചതാണ്. പക്ഷേ ഇന്ന് ആ പ്ലാച്ചിമടയിൽ എന്തു സംഭവിച്ചിരിക്കുന്നു എന്ന് നിങ്ങൾക്ക് നോക്കാൻ സാധിക്കുകയില്ല, കാരണം എന്താണ്? ഞങ്ങളുടെ കാലത്ത് ആരംഭിച്ചതുകൊണ്ട്. അങ്ങനെയാണോ ചെയ്യേണ്ടത്? അവിടെ ചുറ്റുപ്രദേശത്തുള്ളവർക്ക് കുടിക്കാൻ വെള്ളമില്ല. കുടിക്കുന്ന വെള്ളമാകട്ടെ അഴുക്കും വിഷാംശമുള്ളതുമാണ്. ഇപ്പോൾ ബി.ബി.സി.-യുടെ അന്വേഷണ റിപ്പോർട്ട് പുറത്തുവന്നിട്ടുണ്ട്. പത്രങ്ങളിൽ വന്നിട്ടുള്ളത് നിങ്ങൾക്ക് വായിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് അറിയില്ല. അതിനെല്ലാം കാരണം ഞങ്ങളുടെ പഞ്ചായത്താണെന്ന് എന്റെ സ്നേഹിതൻ പറഞ്ഞത് വളരെ കഷ്ടമായിപ്പോയി. ഞങ്ങളുടെ പഞ്ചായത്ത് അതിന് അനുമതി നിഷേധിച്ചു. നിങ്ങളാണ് ഇപ്പോഴും അനുമതി നിഷേധിച്ച ആ സ്ഥാപനം നടത്തിക്കൊണ്ടുപോകാൻ കൂട്ട് നിൽക്കുന്നതെന്നുള്ള കാര്യം ഞാൻ പറയുകയാണ്. നിങ്ങൾ പരിശോധിച്ചു നോക്കൂ. അപ്പോൾ നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, പ്ലാച്ചിമടയിലെ കൊക്കക്കോള കമ്പനിക്ക് ലൈസൻസ് കൊടുക്കുന്നതിനു മുമ്പ് അവിടത്തെ ജലാംശത്തിന്റെ മേതാത് എത്രയുണ്ട് എന്നതു സംബന്ധിച്ച് സർവ്വേ നടത്തിയിരുന്നു. ആ സർവ്വേ നടത്തിയതും അതിനുള്ള ലാൻഡ് ട്രാൻസ്ഫർ ചെയ്യാനുള്ള നടപടി എടുത്തതും റവന്യൂ ഡിപ്പാർട്ടുമെന്റും ഗവൺമെന്റുമാണെന്നുള്ള സത്യം അങ്ങേയ്ക്ക് അറിയാതിരിക്കുകയില്ല എന്ന് എനിക്ക് കൃത്യമായിട്ടറിയാം. ആ വസ്തുത കൂടി വച്ചുകൊണ്ട് പ്ലാച്ചിമടയിലെ കാര്യത്തെക്കൂടി വിലയിരുത്തണമെന്നാണ് ഞാൻ പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, ഞാൻ അത് ആദ്യമേ സമ്മതിച്ചു. പിന്നെ എന്തിനാണ് നിങ്ങൾ തോക്കിനകത്ത് കയറുന്നത് ? ആ സ്ഥാപനം ഞങ്ങളുടെ കാലത്തുതന്നെ അംഗീകരിച്ചതാണെന്ന് ഞാൻ ആദ്യമേ പറഞ്ഞല്ലോ. പറഞ്ഞത് കേട്ടില്ലേ ? ഒന്നുകൂടി ഞാൻ പറയുകയാണ്, അത് ഞങ്ങളുടെ കാലത്തുതന്നെ അംഗീകരിച്ചതാണ്. ആ പ്രദേശത്തുള്ള വെള്ളം മോശമാണ്. ചുറ്റുപാടുമുള്ള ആളുകൾക്ക് കുടിക്കാൻ വെള്ളം കിട്ടുന്നില്ല എന്നു മാത്രമല്ല, കൊക്കക്കോള എടുത്തശേഷം കൃഷിക്കാർക്ക് കൊടുക്കുന്ന വളം കൃഷിക്കുപയോഗിച്ചാൽ കൃഷി നശിക്കാനിടയാകും. കൊക്കക്കോള കുടിച്ചാൽ സ്ത്രീകൾക്ക് ഗർഭമലസുമെന്നും ക്യാൻസർ രോഗം പിടിപെടുമെന്നും കുട്ടികൾക്ക് അംഗഭംഗം വരുമെന്നുമെല്ലാം ബി.ബി.സി.-യെപ്പോലെ ഉത്തമവാദപ്പെട്ട ഒരു സ്ഥാപനത്തിന്റെ ഇന്റർനെറ്റിൽ വന്നത് പല പത്രങ്ങളിലും അച്ചടിച്ചു വന്നിട്ടുള്ളതാണ്. അതെല്ലാം ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയതായതു കൊണ്ട്, ജനങ്ങൾ അവരോട് കണക്ക് ചോദിക്കണമെന്നാണോ നിങ്ങളുടെ നിലപാട്. ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, കാലാകാലങ്ങളിൽ വന്ന എല്ലാ ഗവൺമെന്റുകൾക്കും സപ്ലിമെന്ററി ഡിമാന്റ്സ് അവതരിപ്പിക്കേണ്ട ആവശ്യവും ചുമതലയും ഉണ്ടായിട്ടുണ്ട്. ഇത് നിയമസഭയിലെ ചരിത്രത്തിന്റെ ഒരു ഭാഗംകൂടിയാണ്. സപ്ലിമെന്ററി ഡിമാന്റ്സിനെക്കുറിച്ച് സൂക്ഷ്മമായ വിമർശനങ്ങളൊന്നും വന്നില്ല. പക്ഷേ പ്രതിപക്ഷത്തിന് അത് എതിർക്കാതിരിക്കാൻ നിവൃത്തിയുമില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സാമ്പത്തികമായ ചില പശ്ചാത്തലങ്ങൾ ഒരു വിഹഗവീക്ഷണത്തിൽക്കൂടി പരാമർശിച്ചു. അദ്ദേഹം അധികസമയം എടുത്തത് കേരളത്തിലെ മറ്റു കാര്യങ്ങളെ പരാമർശിക്കാനും രാഷ്ട്രീയമായ കാര്യങ്ങൾക്കും വേണ്ടിയായിരുന്നു. തീർച്ചയായും അത് ആവശ്യമാണ്. 2003-2004 സാമ്പത്തിക വർഷത്തേയ്ക്കുള്ള ആദ്യ ഉപധനാഭ്യർത്ഥനകൾ 493.56 കോടി രൂപയുടേതാണ്. ഇതിൽ റവന്യു കണക്കിൽ 336.18 കോടി രൂപയും മൂലധനച്ചെലവിൽ 157.38 കോടി രൂപയുമാണ്. പദ്ധതി പ്രവർത്തനങ്ങൾക്കായി 312.43 കോടി രൂപയും പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് 181.13 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ച സന്ദർഭത്തിൽ സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിക്ക് കേന്ദ്ര ആസൂത്രണ കമ്മിഷന്റെ അംഗീകാരം കിട്ടിയിരുന്നില്ല. അതുകൊണ്ട് 4350 കോടി രൂപയുടെ വാർഷിക പദ്ധതിയാണ് ബഡ്ജറ്റിൽ കാണിച്ചിരിക്കുന്നത്. എന്നാൽ കഴിഞ്ഞ ആസൂത്രണ കമ്മീഷൻ മുഖ്യമന്ത്രിയുമായി ചർച്ച ചെയ്തതിനുശേഷം സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി 4430 കോടി രൂപയായി നിജപ്പെടുത്തി. അതനുസരിച്ചാണ് കുറെ മാറ്റങ്ങൾ വരുത്തേണ്ടി വന്നത്. കുറെ ചെലവിനങ്ങൾ ഈ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തേണ്ടതായി വന്നിട്ടുണ്ട്. അതിൽ പ്രധാനമായും വൈദ്യുതി പദ്ധതിക്കുള്ള അധിക കേന്ദ്ര സഹായം 56.15 കോടി രൂപ, പട്ടികവർഗ്ഗ ക്ഷേമ പ്രവർത്തനങ്ങൾക്ക് 36 കോടി രൂപ, കുടുംബശ്രീ, ട്രഷറി കംപ്യൂട്ടർവൽക്കരണം, അഗ്നിശമനം, എം.എൽ.എ.ഫണ്ട്, വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, വൈപ്പിൻ പ്രദേശത്തെ വെള്ളത്തിന്റെ കാര്യം

LIBRARY ARCHIVES Kerala Legislative Assembly

ഇതൊക്കെ കൂടിയാണ് 2003-2004 വർഷാന്ത കമ്മി 519.88 കോടി രൂപ എന്നു പറഞ്ഞത്. എന്നാൽ 'വാറ്റ്' നിലവിൽ വരാത്ത സാഹചര്യത്തിൽ നികുതി വരുമാനത്തിൽ കണക്കാക്കിയ 500 കോടിരൂപയുടെ റവന്യൂ നഷ്ടം ഇപ്പോൾ ഉണ്ടാകില്ല. എന്നാലും ഈ മൂന്നുമാസത്തെ അഡീഷണൽ സെയിൽസ് ടാക്സിന് ഏകദേശം 75 കോടി രൂപയോളം കിട്ടാത്ത സ്ഥിതിവിശേഷം വരും. ഈ സാഹചര്യത്തിൽ ഉപധനാഭ്യർത്ഥനകൾക്ക് ആകെ 430.17 കോടി രൂപയാണ് ഇതിലുൾപ്പെടുത്തിയിട്ടുള്ളത്. ഈ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന് അധിക സാമ്പത്തിക ബാധ്യത 63.3 കോടി രൂപമാത്രമാണെന്ന് കാണാം. വാറ്റ് നടപ്പാക്കാത്ത സാഹചര്യത്തിൽ 2003-2004 ബഡ്ജറ്റിൽ കണക്കാക്കിയ 500 കോടിരൂപയുടെ റവന്യൂ നഷ്ടം ഉണ്ടാകില്ല. സംസ്ഥാനത്തിന്റെ വില്പന നികുതിയിനത്തിൽ 75 കോടിരൂപയാണെന്ന് ഞാൻ നേരത്തേ പറഞ്ഞു. അങ്ങനെ വർഷാന്ത കമ്മി എന്നു പറയുന്നത് 158.27 കോടി രൂപയായി കുറഞ്ഞുവരും. 2002-2003-ലെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള സംസ്ഥാനത്തെ റവന്യൂ കമ്മി 1898 കോടി രൂപയാണ്. അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം റവന്യൂ കമ്മി 4117 കോടി രൂപയാണ്. വ്യത്യാസം 2219 കോടി രൂപ. ഇത് അന്തിമ കണക്കല്ല. മാറ്റംവരാൻ സാധ്യതയുണ്ട്. മാത്രമല്ല, റവന്യൂ കമ്മി വർദ്ധിക്കാനുള്ള കാരണങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. റവന്യൂ കമ്മി വർദ്ധിച്ചു എന്നുള്ളത് വാസ്തവമാണ്. സംസ്ഥാനത്തിന്റെ തനതു വരുമാനം പുതുക്കിയ എസ്റ്റിമേറ്റുപ്രകാരം 8140 കോടി രൂപയായി കണക്കാക്കിയ സ്ഥാനത്ത് ലഭിച്ചത് 7970 കോടി രൂപയാണ്. 170 കോടി രൂപ അതിൽ കുറഞ്ഞു. കേന്ദ്ര സർക്കാരിൽ നിന്നും നികുതിയിനത്തിലും പദ്ധതി സഹായമായും പ്രതീക്ഷിച്ചത് 3310 കോടി രൂപയാണ്. ലഭിച്ചത് 2651 കോടി രൂപ. കുറവ് 650 കോടി രൂപ. അങ്ങനെ റവന്യൂ വരുമാനത്തിലുള്ള മൊത്തം കുറവ് 820 കോടി രൂപ. 2002-2003-ലെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം റവന്യൂ ചെലവ് 13,350 കോടി രൂപയായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം റവന്യൂ ചെലവ് 14,739 കോടി രൂപ. അധിക ചെലവ് 1389 കോടി രൂപയാണ്. അധിക ചെലവിന് കാരണങ്ങൾ, പലിശ കൊടുത്തത് 304 കോടി രൂപ. പെൻഷൻ 225 കോടി രൂപ പൊതു വിദ്യാഭ്യാസം. പ്ലസ് ടു അദ്ധ്യാപകരുടെ ശമ്പളം 400 കോടി രൂപ കൊടുക്കേണ്ടി വന്നു. ക്ഷേമ പെൻഷനുകൾ ബാക്കി കുറെ കൊടുത്തുതീർത്തു. ട്രഷറി ഇൻസെന്റീവ് കൂടിശ്ശിക കൊടുത്തു. ജുഡീഷ്യറിക്ക് 22 കോടി രൂപ കൊടുത്തു. പോലീസിന് 52 കോടി രൂപ കൊടുത്തു. ആരോഗ്യ വകുപ്പിന് 58 കോടി രൂപ കൊടുത്തു. അങ്ങനെ മൊത്തം 1207 കോടി രൂപയുടെ ചെലവുകൾ വന്നിട്ടുണ്ട്. മറ്റുചെലവുകൾ വേറെയും വന്നിട്ടുണ്ട്. ഇതിൽ 1999-2000, 2001 വരെയുള്ള മൂന്നു വർഷത്തെ റവന്യൂ ചെലവിൽ വർദ്ധനവ് നാമമാത്രമായിരുന്നു. 11,566 കോടി രൂപയിൽ നിന്നും 11,662 കോടി രൂപ.. വർദ്ധനവ് 0.92%. 1998-99, 1999-2000, 2000-2001 എന്നീ വർഷങ്ങളിലെ റവന്യൂ ചെലവ് 8241 കോടി രൂപയിൽ നിന്നും 9228 കോടി രൂപയായി വർദ്ധിച്ചു. വർദ്ധനവ് 11.97%. 1999-2000, 2000-2001 കാലയളവിൽ അനിവാര്യ ചെലവുകൾ പലതും മാറ്റിവക്കപ്പെട്ടു. ആ കാലയളവിലെ പലിശ

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കാൻ ബാക്കിവച്ചു, പെൻഷൻ ബാക്കിവച്ചു. പ്ലസ് ടു അധ്യാപകരുടെ ശമ്പളം ബാക്കി വച്ചു. 2000-2001-നുശേഷം സാമ്പത്തികമായി വളരെ ബുദ്ധിമുട്ടിലായിരുന്നു. 2001-2003-ൽ കർശനമായ ചെലവു ചുരുക്കലിന്റെ കാലഘട്ടമായിരുന്നു. അങ്ങനെയാണ് 2002-2003-ൽ സാമ്പത്തികമായി കുറെയൊക്കെ നമുക്ക് മെച്ചപ്പെടുത്തിക്കൊണ്ടുവരാൻ സാധിച്ചത്. 2002-2003-ൽ പദ്ധതിയിനത്തിൽ മുൻവർഷത്തേക്കാൾ 1000 കോടി രൂപയുടെ യഥാർത്ഥ വർദ്ധനവ് ഉണ്ടായി. ടി.പി., പി.ഡി. അക്കൗണ്ടുകളിൽ നിക്ഷേപിക്കാതെയുള്ള യഥാർത്ഥ ചെലവാണ്. ഈ ബാധ്യതകളും കുടിശ്ശികകളും കുറെ കൊടുത്തുതീർത്തു. കോൺട്രാക്ടർമാർക്കുള്ള പണം കുറെ കൊടുത്തു. 1990-91-ൽ യു.ഡി.എഫ്. അധികാരത്തിൽ വരുമ്പോൾ റവന്യൂ കമ്മി 422 കോടി രൂപയായിരുന്നു. 1996-ൽ അധികാരം കൈമാറുമ്പോൾ 422 കോടി രൂപ റവന്യൂ കമ്മിയുണ്ടായിരുന്നത് 402 കോടി രൂപയായി കുറഞ്ഞു. 2001-ൽ എൽ.ഡി.എഫ്. അധികാരം വിടുമ്പോൾ 3147 കോടി രൂപയാണ് റവന്യൂ കമ്മി. 783% ആണ് വർദ്ധനവ്. ഡോ. തോമസ് ഐസക്കിനും അത് ചോദ്യം ചെയ്യാൻ പറ്റില്ല. കാരണം റിപ്പോർട്ടും കാര്യങ്ങളുമൊക്കെ ശരിയാണ്; അത് വസ്തുതയാണ്. റവന്യൂ കമ്മി ഇപ്പോഴുണ്ടാകാനുള്ള കാരണവും ഞാൻ പറഞ്ഞു. റവന്യൂ കമ്മി കുറയ്ക്കേണ്ടത് ആവശ്യമാണ്. ഫിനാൻഷ്യൽ മാനേജുമെന്റിനും ഇഫക്ടീവ് മാനേജുമെന്റിനും അത് ആവശ്യമാണ്. പക്ഷേ ഇതൊക്കെയാണെങ്കിലും ഈ വർഷം, 2003-2004-ൽ റവന്യൂ കമ്മി സ്റ്റെബിലൈസ് ചെയ്തുകൊണ്ടുപോകാൻ സാധിച്ചു. 2002-03-ലെ ഡെവലപ്മെന്റ് വർക്കിൽ പ്ലാൻ എക്സ്പെന്റിച്ചർ 98 ശതമാനമാണ്. 98 ശതമാനം പ്ലാൻ എക്സ്പെന്റിച്ചർ വന്നപ്പോൾ തീർച്ചയായും റവന്യൂ കമ്മി ഉണ്ടാകും, എക്സ്പെന്റിച്ചർ കൂടുതലായി ഉണ്ടാകും റവന്യൂ കമ്മി കുറച്ചു കൊണ്ടുവരേണ്ടത് ആവശ്യമാണ്. അത് കൊണ്ടുവരണം. എല്ലാ സംസ്ഥാനങ്ങളിലും 2001-02, 2002-03-ൽ റവന്യൂ കമ്മി കൂടിയിട്ടുണ്ട്. അതിന്റെ കാരണം എന്താണെന്നു നിശ്ചയമില്ല. ഞാൻ പല സംസ്ഥാനങ്ങളുടെയും കണക്കെടുത്തപ്പോൾ അതിൽ വെസ്റ്റ്ബംഗാളിന്റെ റവന്യൂ കമ്മി എണ്ണായിരം കോടി രൂപയാണ്, അവിടത്തെ പൊതു കടം എഴുപത്തിയെണ്ണായിരം കോടി രൂപയാണ്. ഇവിടെ മുപ്പത്തിമൂന്നായിരം കോടി രൂപയായിട്ടുണ്ട്. 2001-02-ൽ എല്ലാവർക്കും സാമ്പത്തിക പ്രയാസങ്ങൾ ഉണ്ടായിട്ടുണ്ട്. ഇന്ത്യാ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം റവന്യൂ കമ്മി കൂടി വരികയാണ് ചെയ്തിട്ടുള്ളത്. പക്ഷേ ഈ സാഹചര്യത്തിൽ ഇതിനു മാറ്റമുണ്ടാകേണ്ടത് ആവശ്യമാണ്. ഈ സപ്ലിമെന്ററി ഡിമാന്റ്സ് ഞാൻ കൊണ്ടു വന്നത് ആവശ്യമായ ചില കാര്യങ്ങൾക്കുവേണ്ടിയാണ്. ശ്രീ. ഇ. എം. അഗസ്തിയെപ്പോലെയുള്ളവർ വളരെ വ്യക്തമായി പറഞ്ഞു, ഇതിനെ എതിർക്കുന്നു എന്ന് പറഞ്ഞവരോട് ഒരു ചെറിയ കാര്യം ഞാൻ ചോദിക്കുകയാണ്. ഈ Supplementary Demands For Grants Page 16-ലെ (g) As per G.O. (Rt) No.4230/2003/GAD dated 23-06-2003, revised Administrative Sanction was issued for the construction of EMS Statue and other beautification works. The Supplementary Grant sought is to clear the pending bills due to the contractor in connection with this

LIBRARY ARCHIVES Kerala Legislative Assembly

work is Rs.14 lakhs. നമ്മൾ അങ്ങനെയൊന്നും നോക്കിയിട്ടല്ല ഇത് ചെയ്യുന്നത്. പ്ലസ്ടു അദ്ധ്യാപകർക്ക് പഴയ ശമ്പളവും കാര്യങ്ങളും ഒക്കെ കൊടുക്കണം. പുതിയതും കൊടുക്കണം. രാഷ്ട്രീയ കാര്യങ്ങളോ പരിഗണയോ ഒന്നും നോക്കിയിട്ടല്ല ഇതൊക്കെ ചെയ്യുന്നത്. ഇതു നമുക്കു പാസ്സാക്കി എടുക്കേണ്ടതാണ്. സപ്ലിമെന്ററി ഡിമാന്റ്സ് ഒരു പക്ഷേ ഇനിയും വേണ്ടി വരും. പഴയ കാലങ്ങളിലും അങ്ങനെയൊക്കെ ഉണ്ടായിട്ടുണ്ട്.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അദ്ദേഹത്തിന്റെ പ്രസംഗം ആരംഭിച്ചതുതന്നെ വളരെ ഉത്കണ്ഠയോടുകൂടിയാണ്. കേരളത്തിന്റെ ഇന്നത്തെ സ്ഥിതിയിൽ അദ്ദേഹത്തിനുണ്ടായിട്ടുള്ള അഗാധമായ പ്രയാസം നിറഞ്ഞു കവിഞ്ഞ് ഒഴുകി വരുന്ന ഒരു രീതിയിലാണ് അദ്ദേഹം അവതരിപ്പിച്ചത്. ഇവിടെ വർഗ്ഗീയ കലാപം ഉണ്ടാകാൻ പാടില്ല എന്നും സമുദായങ്ങളും മതങ്ങളും തമ്മിൽ ഒത്തൊരുമയോടുകൂടി പോകണം എന്നും പറഞ്ഞു. തീർച്ചയായും അങ്ങു വിചാരിക്കുന്നതുപോലെ സൗഹാർദ്ദത്തോടുകൂടി പോകണം എന്നുതന്നെയാണ് എല്ലാവരുടെയും ആഗ്രഹം. കാരണം വർഗ്ഗീയ കലാപങ്ങൾ ഉണ്ടായിട്ടുള്ള പ്രദേശങ്ങളിലെ സ്ഥിതി നമുക്കറിയാം. ഗുജറാത്ത്, കാശ്മീർ പോലെയുള്ള സ്ഥലങ്ങളിൽ ഉണ്ടായ കലാപങ്ങൾ. വർഗ്ഗീയ കലാപത്തിനെതിരാണ് നമ്മൾ എന്നും. അങ്ങനെയായിരിക്കുകയും വേണം. പക്ഷേ ഇതു ആരുടേയോ പ്രത്യേകമായ ഒരു കുറ്റത്തിന്റെ അടിസ്ഥാനത്തിൽ മനസ്സിൽ നിന്നും വളർന്നു വന്നതാണ് എന്നുള്ള ആക്ഷേപം അങ്ങ് പറഞ്ഞു. അതൊക്കെ വർഗ്ഗീയത വർദ്ധിപ്പിക്കാൻ വേണ്ടി ഉപയോഗിക്കുന്നതു ശരിയാണോ എന്നു അങ്ങു തന്നെ ആലോചിക്കുന്നത് നല്ലതാണ്. അങ്ങയെപ്പോലെ രാഷ്ട്രീയ പാരമ്പര്യമുള്ള ഒരു നേതാവിനെ ഉപദേശിക്കാൻ യാതൊരു കഴിവും ശക്തിയും അർഹതയും എനിക്കില്ല. ഉണ്ടെന്നു പറയുന്നുമില്ല. പക്ഷേ ഇതു കേൾക്കുമ്പോൾ തോന്നുക ഇതാരുടേയോ പ്രേരണയോടുകൂടി കൊണ്ടുവന്നതാണെന്ന് ശ്രീ. എ. കെ. ആന്റണി കേരളത്തിന്റെ ടീം ക്യാപ്റ്റനാണ്. അതിനെ ആരും ചോദ്യം ചെയ്തിട്ടു കാര്യമില്ല. ഇ. എം. എസും അച്ച്യുതമേനോനും ശ്രീ. നായനാരും ശ്രീ. എ. കെ. ആന്റണിയുമൊക്കെ മുഖ്യമന്ത്രിയായി ഈ സംസ്ഥാനം ഭരിച്ചിട്ടുണ്ട്. ഒരു മുഖ്യമന്ത്രിക്കു ഭൂരിപക്ഷമുള്ളപ്പോൾ ഞങ്ങൾ ആ മുഖ്യമന്ത്രിയെ താഴെയിറക്കാൻ ആരുമായും കൂട്ടുകൂടുമെന്നു പറയുന്നത് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നയമാണോ? Is it the policy of the Marxist Communist Party of this country? പ്രതിപക്ഷം എന്നുള്ള നിലയ്ക്ക് ഞങ്ങൾക്ക് അതിൽ ആക്ഷേപം ഇല്ല. അഖിലേന്ത്യാ തലത്തിൽ മതേതര കക്ഷികൾ ഒന്നിച്ചു ചേർന്ന് ബി. ജെ. പി.-ക്ക് എതിരായി, ബി. ജെ. പി. -യെ താഴെയിറക്കാൻ വേണ്ടി ആലോചനകൾ നടക്കുമ്പോൾ, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി കോൺഗ്രസ്സുമായി ചേർന്ന് ശ്രീമതി സോണിയാ ഗാന്ധിയുമായി ചർച്ച ചെയ്യുകയും ചെയ്യുന്ന അവസരത്തിൽ ഈ അപ്രോച്ച് ശരിയാണോ. അതു ശരിയല്ല. അതേ അവസരത്തിൽ വർഗ്ഗീയത ഭൂരിപക്ഷമായാലും ന്യൂനപക്ഷമായാലും വർഗ്ഗീയതയെ വർഗ്ഗീയതയായി തന്നെ കാണണം. വിഷം ചെറിയ ഡോസായാലും വലിയ ഡോസായാലും ഫലം ഒന്നു തന്നെയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. അച്യുതാനന്ദൻ : സർ, മാർക്സിസ്റ്റ് പാർട്ടിയുടെ ആധികാരിക നയത്തെ സംബന്ധിച്ച് അങ്ങ് വ്യക്തമായ ഒരഭിപ്രായം ഇവിടെ പറഞ്ഞല്ലോ ? "ഞങ്ങൾ ഭരിക്കും, ഞങ്ങൾ എന്തു കൊള്ളരുതായ്മകളും കാണിക്കും, അപ്പോൾ പ്രതിപക്ഷം മിണ്ടാതിരിക്കുകയല്ലാതെ ഞങ്ങളെ എതിർക്കാനോ ഞങ്ങളുടെ കൊള്ളരുതായ്മകളെ എതിർക്കാനോ പാടില്ല. ഇതു കണ്ടു കണ്ട് അവസാനം ഗതികെട്ട് താഴെ വീഴ്ത്താൻ ഏതെങ്കിലും സമയം കിട്ടുകയാണെങ്കിൽ അതു ഉപയോഗിക്കാതിരിക്കുക എന്നുള്ളതാണ് മാർക്സിസ്റ്റുപാർട്ടിയുടെയോ ഇടതുപക്ഷത്തിന്റെയോ നയമെന്ന് ഏത് മാർക്സിസ്റ്റ് ആചാര്യനാണ് മിസ്റ്റർ കെ. ശങ്കരനാരായണനെ ഉപദേശിച്ചത് ? എപ്പോഴൊക്കെ ഭരണകക്ഷി ജനതാല്പര്യങ്ങൾക്കു വിരുദ്ധമായി നീങ്ങുന്നുവോ അപ്പോഴെല്ലാം അതിനെ ശക്തിയായി എതിർക്കാൻ, എതിർത്തു തോൽപ്പിക്കാൻ കിട്ടുന്ന അവസരം പരമാവധി ഉപയോഗിക്കുക എന്നുള്ളതാണ് സി. പി ഐ.(എം)-ന്റെയും പ്രതിപക്ഷത്തിന്റെയും നിലപാട് എന്ന് അങ്ങ് മനസ്സിലാക്കിയാൽ നന്ന്. ഇനിയും തെറ്റിദ്ധാരണയും കൊണ്ട് നടക്കരുത്.

ശ്രീ. കെ. ശങ്കരനാരായണൻ : സർ, അങ്ങു നേരത്തെ പറഞ്ഞതും ഇപ്പോൾ പറഞ്ഞതും രണ്ടും രണ്ടാണ്. ഗവൺമെന്റിന്റെ ചെയ്തികളെക്കുറിച്ചും കൊള്ളരുതായ്മകളെക്കുറിച്ചും തീർച്ചയായും പ്രതിപക്ഷത്തിനും ഭരണകക്ഷികൾക്കും വിമർശിക്കാം. ഇവിടത്തെ പ്രശ്നം, ഇവിടെ ഇലക്ടഡ് ആയിട്ടുള്ള ഒരു മുഖ്യമന്ത്രിയെ കുത്സിതമായിട്ടുള്ള ചിന്തകൾകൊണ്ട് ഞങ്ങൾ സഹായിക്കാൻ തയ്യാറാണെന്നു പറഞ്ഞാൽ, കാര്യം മനസ്സിലായി. ഞങ്ങളും ഒന്നു നോക്കാം. അക്കാര്യത്തിൽ ഒരു തകരാറുമില്ല. പ്രതിപക്ഷ നേതാവു പറയുന്ന മറ്റു കാര്യങ്ങളെക്കുറിച്ചു ഇവിടെ ചർച്ച ചെയ്യാം. പ്ലാച്ചിമടയെക്കുറിച്ചോ, ഐ. ടി. രംഗത്തെക്കുറിച്ചോ ഇവിടെ ചർച്ച ചെയ്യാം. പരമ്പരാഗത വ്യവസായത്തെക്കുറിച്ചു പറഞ്ഞു, അതിനു പണം മാറ്റി വച്ചിട്ടുണ്ട്. പണം കൊടുക്കാൻ തയ്യാറാണ്. അതിനൊന്നും യാതൊരു തകരാറുമില്ല. എനിക്കു പ്രതിപക്ഷനേതാവിനോട് വിനീതമായ ഒരു അഭ്യർത്ഥനയുണ്ട്. ഭരണം ആരുടേതായാലും മത സൗഹാർദ്ദത്തിനു അപകടമുണ്ടാക്കുന്നത് ശരിയല്ല, ശ്രീ. എ. കെ. ആന്റണിയുടെ രാഷ്ട്രീയ ചരിത്രത്തിൽ അനുകൂലമായാലും പ്രതികൂലമായാലും അറിഞ്ഞായാലും അറിയാതെ ആയാലും അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും മതസൗഹാർദ്ദത്തിന് കോട്ടം വരുത്തുന്ന ഒരു സംഭവവും ഉണ്ടായിട്ടില്ല, ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുകയും വേണ്ട.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ശ്രീ. അഹമ്മദ് പട്ടേൽ പറഞ്ഞതോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ശ്രീ. അഹമ്മദ് പട്ടേൽ പറഞ്ഞതു നിങ്ങളൊക്കെ വായിച്ചല്ലോ. അദ്ദേഹം ആൾ ഇന്ത്യാ കോൺഗ്രസ്സ് പാർട്ടിയുടെ ജനറൽ സെക്രട്ടറിയാണ്. അല്ലാതെ ഈർക്കിൽ പാർട്ടിയുടെ ജനറൽ സെക്രട്ടറിയല്ല. ശ്രീ. അഹമ്മദ് പട്ടേൽ പറയേണ്ടതു പറയും. അതു വേറെ

കാര്യം. നമുക്ക് മതസൗഹാർദ്ദവും സമന്വയവും ആവശ്യമാണ്. അതിന് പ്രതിപക്ഷത്തിന്റെ സഹായവും വേണം. അദ്ദേഹം ന്യായമായി പറയുന്ന ഏതു കാര്യത്തിനും സഹകരിക്കാൻ ഞങ്ങൾ തയ്യാറാണ്. ഈ സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ് പാസ്സാക്കേണ്ടത് നമ്മുടെ സംസ്ഥാനത്തിന്റെ പുരോഗതിക്ക് ആവശ്യമാണ്. നമുക്ക് ഒത്തൊരുമിച്ചു പോകാം. ഇതു പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി.സ്പീക്കർ : ഓർഡർ..... ഓർഡർ.....

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 12,89,46,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ—

ശ്രീ.കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ടു രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ:

1. Shri Cherkalam Abdulla
2. Shri Kalathil Abdulla
3. Shri P. K. Abdu Rabb
4. Shri C. T. Ahammed Ali
5. Shri. A.P. Anilkumar
6. Shri. A. K. Antony
7. Shri N. D. Appachan
8. Shri E. M. Augusthy
9. Shri K. Babu
10. Shri Babu Divakaran
11. Shri. Balakrishna Pillai
12. Shri P. K. K. Bava
13. Shri T. V. Chandramohan
14. Shri K. A. Chandran
15. Shri M. A. Chandrasekharan
16. Shri Dominic presentation
17. Shri K. B. Ganesh kumar
18. Shri M. P. Gangadharan
19. Shri P. P. George
20. Shri Prayar Gopalakrishnan

LIBRARY ARCHIVES Kerala Legislative Assembly

21. Smt. K. R. Gouri Amma
22. Shri V. K. Ebrahim Kunju
23. Shri T. M. Jacob
24. Shri Johny Nelloor
25. Shri K. C. Joseph
26. Shri Joseph M. Puthusseri
27. Shri P. J. Joy
28. Shri Varkala Kahar
29. Shri G. Karthikeyan
30. Shri K. K. Nair
31. Shri P. K. Kunhalikutty
32. Dr. M. A. Kuttappan
33. Shri K. Kutty Ahammed Kutty
34. Shri Ludy Luiz
35. Shri Mammen Mathai
36. Shri C. Mamootty
37. Smt. Mercy Ravi
38. Shri K. Mohammed Ali
39. Shri E. T. Mohammed Basheer
40. Shri K. Mohan Kumar
41. Shri A. K. Moni
42. Shri C. Moyinkutty
43. Shri C. P. Mohammed
44. Shri M. K. Muneer
45. Shri A. D. Musthafa
46. Shri T. H. Musthafa
47. Shri K. Narayana Kurup
48. Shri Ezhukone Narayanan
49. Shri Oommen chandy
50. Shri M. K. Paulson Master
51. Shri T. N. Prathapan
52. Shri G. Prathapa Varma Thampan
53. Shri Thiruvanchoor Radhakrishnan

LIBRARY ARCHIVES Kerala Legislative Assembly

54. Shri T. U. Radhakrishnan
55. Shri Radha Raghavan
56. Shri M. V. Raghavan
57. Shri Therambil Ramakrishnan
58. Shri Thampanoor Ravi
59. Shri Roshy Augustine
60. Shri T P. M. Sahir
61. Shri N. Sakthan
62. Shri P. Sankaran
63. Shri K. Sankaranarayanan
64. Smt. Malethu Sarala Devi
65. Shri V. D. Satheesan
66. Prof. Savithri Lakshmanan
67. Shri K. K. Shaju
68. Shri Kadavoor Sivadasan
69. Shri K. Sudhakaran
70. Shri D. Sugathan
71. Shri A. Sujanapal
72. Shri N. Sundaran Nadar
73. Shri C. F. Thomas
74. Prof. K. V. Thomas
75. Shri P. T. Thomas
76. Shri Thomas Unniyadan
77. Shri M. A. Vaheed
78. Shri K. C. Venugopal
79. Shri B. Vijayakumar

പ്രതികൂലിക്കുന്നവർ:

1. Shri V. S. Achuthanandan
2. Shri Manjalamkuzhi Ali
3. Shri A. A. Azeez
4. Shri Kodiyeri Balakrishnan
5. Shri A. K. Balan

LIBRARY ARCHIVES Kerala Legislative Assembly

6. Shri T. K. Balan
7. Shri Binoy Viswam
8. Shri V. K. Chandran
9. Shri V. Chenthamarakshan
10. Shri T. K. Devakumar
11. Shri P. C. George
12. Shri Girija Surendran
13. Shri M. V. Govindan Master
14. Shri K. K. Jayachandran
15. Shri M. V. Jayarajan
16. Shri P. Jayarajan
17. Dr. K. C. Joseph
18. Shri M. Kumaran
19. Shri K. V. Kunhiraman
20. Shri Kovoor Kunjumon
21. Shri V. K. C. Mammed Koya
22. Shri Mathai Chacko
23. Shri K. P. Mohanan
24. Shri Pirappancode Murali
25. Shri C. K. Nanu
26. Shri P. Narayanan
27. Shri K. Radhakrishnan
28. Shri Mangode Radhakrishnan
29. Shri N. Rajan
30. Shri K. P. Rajendran
31. Shri Raju Abraham
32. Shri. T. P. Ramakrishnan
33. Shri Saju paul
34. Shri K. P. Satheesh Chandran
35. Shri A. C. Shanmugha Das
36. Shri P. K. Sreemathi Teacher
37. Shri P.S. Supal

LIBRARY ARCHIVES Kerala Legislative Assembly

38. Dr.T. M. Thomas Issac

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ : 79

പ്രതികൂലിക്കുന്നവർ : 38

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

ഉപധനാഭ്യർത്ഥന പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,65,45,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 16,74,09,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 13,11,97,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ .....

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ടു രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ :

1. Shri Cherkalam Abdulla
2. Shri Kalathil Abdulla
3. Shri P. K. Abdu Rabb
4. Shri C. T. Ahammed Ali
5. Shri A.P. Anilkumar
6. Shri A. K. Antony
7. Shri A. D. Appachan
8. Shri E. M. Augusthy
9. Shri K. Babu
10. Shri Babu Divakaran
11. Shri Balakrishna Pillai

LIBRARY ARCHIVES Kerala Legislative Assembly

12. Shri P. K. K. Bava
13. Shri T. V. Chandramohan
14. Shri K. A. Chandran
15. Shri M. A. Chandrasekharan
16. Shri Dominic presentation
17. Shri K. B. Ganesh kumar
18. Shri M. P. Gangadharan
19. Shri P. P. George
20. Shri Prayar Gopalakrishnan
21. Smt. K. R. Gouri Amma
22. Shri V. K. Ebrahim Kunju
23. Shri T. M. Jacob
24. Shri Johny Nelloor
25. Shri K. C. Joseph
26. Shri Joseph M. Puthusseri
27. Shri P. J. Joy
28. Shri Varkala Kahar
29. Shri G. Karthikeyan
30. Shri K. K. Nair
31. Shri P. K. Kunhalikutty
32. Dr. M. A. Kuttappan
33. Shri K. Kutty Ahammed Kutty
34. Shri Ludy Luiz
35. Shri Mammen Mathai
36. Shri C. Mamootty
37. Smt. Mercy Ravi
38. Shri K. Mohammed Ali
39. Shri E. T. Mohammed Basheer
40. Shri K. Mohan kumar
41. Shri A. K. Mony
42. Shri C. Moyinkutty
43. Shri C. P. Mohammed
44. Shri M. K. Muneer

LIBRARY ARCHIVES Kerala Legislative Assembly

45. Shri A. D. Musthafa
46. Shri T. H. Musthafa
47. Shri K. Narayana Kurup
48. Shri Ezhukone Narayanan
49. Shri Oommen chandy
50. Shri M. K. Paulson Master
51. Shri T. N. Prathapan
52. Shri G. Prathapa Varma Thampan
53. Shri Thiruvanchoor Radhakrishnan
54. Shri T. U. Radhakrishnan
55. Shri Radha Raghavan
56. Shri M. V. Raghavan
57. Shri Therambil Ramakrishnan
58. Shri Thampanoor Ravi
59. Shri Roshi Augustine
60. Shri T P. M. Sahir
61. Shri N. Sakthan
62. Shri P. Sankaran
63. Shri K. Sankaranarayanan
64. Smt. Malethu Sarala Devi
65. Shri V. D. Satheesan
66. Prof. Savithri Lekshmanan
67. Shri K. K. Shaju
68. Shri Kadavoor Sivadasan
69. Shri K. Sudhakaran
70. Shri D. Sugathan
71. Shri A. Sujanapal
72. Shri N. Sundaran Nadar
73. Shri C. F. Thomas
74. Prof. K. V. Thomas
75. Shri P. T. Thomas
76. Shri Thomas Unniyadan

LIBRARY ARCHIVES Kerala Legislative Assembly

77. Shri M. A. Vaheed
78. Shri K. C. Venugopal
79. Shri B. Vijayakumar

പ്രതികൂലിക്കുന്നവർ:

1. Shri V. S. Achuthanandan
2. Shri. Manjalamkuzhi Ali
3. Shri. A. A. Azeez
4. Shri. Kodiyeri Balakrishnan
5. Shri A. K. Balan
6. Shri. T. K. Balan
7. Shri Binoy Viswam
8. Shri. V. K. Chandran
9. Shri. V. Chenthamarakshan
10. Shri T. K. Devakumar
11. Shri P. C. George
12. Shri Girija Surendran
13. Shri M. V. Govindan Master
14. Shri K. K. Jayachandran
15. Shri M. V. Jayarajan
16. Shri P. Jayarajan
17. Dr. K. C. Joseph
18. Shri M. Kumaran
19. Shri K. V. Kunhiraman
20. Shri. Kovoor Kunjumon
21. Shri. V. K. C. Mammed Koya
22. Shri Mathai Chacko
23. Shri K. P. Mohanan
24. Shri Pirappancode Murali
25. Shri C. K. Nanu
26. Shri P. Narayanan
27. Shri K. Radhakrishnan
28. Shri Mangode Radhakrishnan

LIBRARY ARCHIVES Kerala Legislative Assembly

29. Shri N. Rajan
30. Shri K. P. Rajendran
31. Shri Raju Abraham
32. Shri. T. P. Ramakrishnan
33. Shri Saju paul
34. Shri K. P. Satheesh Chandran
35. Shri A. C. Shanmugha Das
36. Shri P. K. Sreemathi Teacher
37. Shri P.S. Supal
38. Dr.T.M. Thomas Issac

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ : 79

പ്രതികൂലിക്കുന്നവർ : 38

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 17,67,96,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,86,29,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 15,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ.കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ടു രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ:

1. Shri Cherkalam Abdulla
2. Shri Kalathil Abdulla
3. Shri P. K. Abdu Rabb
4. Shri C. T. Ahammed Ali
5. Shri A.P. Anilkumar
6. Shri A. K. Antony
7. Shri A. D. Appachan
8. Shri E. M. Augusthy
9. Shri K. Babu
10. Shri Babu Divakaran
11. Shri Balakrishna Pillai
12. Shri P. K. K. Bava
13. Shri T. V. Chandramohan
14. Shri K. A. Chandran
15. Shri M. A. Chandrasekharan
16. Shri Dominic presentation
17. Shri K. B. Ganesh kumar
18. Shri M. P. Gangadharan
19. Shri P. P. George
20. Shri Prayar Gopalakrishnan
21. Smt. K. R. Gouri Amma
22. Shri V. K .Ebrahim Kunju
23. Shri T. M. Jacob
24. Shri Johny Nelloor
25. Shri K. C. Joseph
26. Shri Joseph M. Puthusseri
27. Shri P. J. Joy
28. Shri Varkala Kahar
29. Shri G. Karthikeyan

LIBRARY ARCHIVES Kerala Legislative Assembly

30. Shri K. K. Nair
31. Shri P. K. Kunhalikutty
32. Dr. M. A. Kuttappan
33. Shri. K. Kutty Ahammed Kutty
34. Shri Ludy Luiz
35. Shri Mammen Mathai
36. Shri C. Mamutty
37. Smt. Mercy Ravi
38. Shri K. Mohammadali
39. Shri E. T. Mohammed Basheer
40. Shri K. Mohan Kumar
41. Shri A. K. Mony
42. Shri C. Moyinkutty
43. Shri C. P. Muhammed
44. Shri M. K. Muneer
45. Shri A. D. Musthafa
46. Shri T. H. Musthafa
47. Shri K. Narayana Kurup
48. Shri Ezhukone Narayanan
49. Shri Oommen chandy
50. Shri M. K. Paulson Master
51. Shri T. N. Prathapan
52. Shri G. Prathapa Varma Thampan
53. Shri Thiruvanchoor Radhakrishnan
54. Shri T. U. Radhakrishnan
55. Shri Radha Raghavan
56. Shri M. V. Rakhavan
57. Shri Therambil Ramakrishnan
58. Shri Thampanoor Ravi
59. Shri Roshy Augustine
60. Shri T. P. M. Sahir
61. Shri N. Sakthan

LIBRARY ARCHIVES Kerala Legislative Assembly

62. Shri P. Sankaran
63. Shri K. Sankaranaryanan
64. Smt. Malethu Sarala Devi
65. Shri V. D. Satheesan
66. Prof. Savithri Lekshmanan
67. Shri K. K. Shaju
68. Shri Kadavoor Sivadasan
69. Shri K. Sudhakaran
70. Shri D. Sugathan
71. Shri A. Sujanapal
72. Shri N. Sundaran Nadar
73. Shri C. F. Thomas
74. Prof. K. V. Thomas
75. Shri P. T. Thomas
76. Shri. Thomas Unniyadan
77. Shri M. A. Vaheed
78. Shri K. C. Venugopal
79. Shri B. Vijayakumar

പ്രതികൂലിക്കുന്നവർ:

1. Shri V. S. Achuthanandan
2. Shri Manjalamkuzhi Ali
3. Shri A. A. Azeez
4. Shri Kodiyeri Balakrishnan
5. Shri A. K. Balan
6. Shri T. K. Balan
7. Shri Binoy Viswam
8. Shri V. K. Chandran
9. Shri V. Chenthamarakshan
10. Shri T. K. Devakumar
11. Shri P. C. George
12. Shri Girija Surendran
13. Shri M. V. Govindan Master

LIBRARY ARCHIVES Kerala Legislative Assembly

14. Shri K. K. Jayachandran
15. Shri M. V. Jayarajan
16. Shri P. Jayarajan
17. Dr. K. C. Joseph
18. Shri M. Kumaran
19. Shri K. V. Kunhiraman
20. Shri Kovoor Kunjumon
21. Shri V. K. C. Mammed Koya
22. Shri Mathai Chacko
23. Shri K. P. Mohanan
24. Shri Pirappancode Murali
25. Shri C. K. Nanu
26. Shri P. Narayanan
27. Shri K. Radhakrishnan
28. Shri Mangode Radhakrishnan
29. Shri N. Rajan
30. Shri K. P. Rajendran
31. Shri Raju Abraham
32. Shri. T. P. Ramakrishnan
33. Shri Saju paul
34. Shri K. P. Satheesh Chandran
35. Shri A. C. Shanmughadas. Das
36. Shri P. K. Sreemathi Teacher
37. Shri P.S. Supal
38. Dr. Thomas Issac

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ : 79

പ്രതികൂലിക്കുന്നവർ : 38

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല

ഉപധനാഭ്യർത്ഥന പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,52,60,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 44,50,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 8,20,29,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,44,93,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 60,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ .

ശ്രീ.കെ. രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ടു രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ :

1. Shri Cherkalam Abdulla
2. Shri Kalathil Abdulla
3. Shri P. K. Abdu Rabb
4. Shri C. T. Ahammed Ali
5. Shri A.P. Anilkumar
6. Shri A. K. Antony
7. Shri N. D. Appachan
8. Shri E. M. Augusthy
9. Shri K. Babu
10. Shri Babu Divakaran
11. Shri R. Balakrishna Pillai
12. Shri. P. K. K. Bava
13. Shri T. V. Chandramohan
14. Shri K. A. Chandran
15. Shri M. A. Chandrasekharan

LIBRARY ARCHIVES Kerala Legislative Assembly

16. Shri Dominic presentation
17. Shri K. B. Ganesh kumar
18. Shri M. P. Gangadharan
19. Shri P. P. George
20. Shri Prayar Gopalakrishnan
21. Smt. K. R. Gouri Amma
22. Shri V. K. Ebrahim Kunju
23. Shri T. M. Jacob
24. Shri Johny Nelloor
25. Shri K. C. Joseph
26. Shri Joseph M. Puthusseri
27. Shri P. J. Joy
28. Shri Varkala Kahar
29. Shri G. Karthikeyan
30. Shri K. K. Nair
31. Shri P. K. Kunhalikutty
32. Dr. M. A. Kuttappan
33. Shri K. Kutty Ahammed Kutty
34. Shri Ludy Luiz
35. Shri Mammen Mathai
36. Shri C. Mamutty
37. Smt. Mercy Ravi
38. Shri K. Mohamed Ali
39. Shri E. T. Mohammed Basheer
40. Shri K. Mohan kumar
41. Shri A. K. Mony
42. Shri C. Moyinkutty
43. Shri C. P. Muhammed
44. Shri M. K. Muneer
45. Shri A. D. Musthafa
46. Shri T. H. Musthafa
47. Shri K. Narayana Kurup

LIBRARY ARCHIVES Kerala Legislative Assembly

48. Shri Ezhukone Narayanan
49. Shri Oommen chandy
50. Shri M. K. Paulson Master
51. Shri T. N. Prathapan
52. Shri G. Prathapa Varma Thampan
53. Shri Thiruvanchoor Radhakrishnan
54. Shri T. U. Radhakrishnan
55. Shri Radha Raghavan
56. Shri M. V. Raghavan
57. Shri Therambil Ramakrishnan
58. Shri Thampanoor Ravi
59. Shri Roshi Augustine
60. Shri T. P. M. Sahir
61. Shri N. Sakthan
62. Shri P. Sankaran
63. Shri K. Sankaranaryanan
64. Smt. Malethu Sarala Devi
65. Shri V. D. Satheesan
66. Prof. Savithri Lekshmanan
67. Shri K. K. Shaju
68. Shri Kadavoor Sivadasan
69. Shri K. Sudhakaran
70. Shri D. Sugathan
71. Shri A. Sujanapal
72. Shri N. Sundaran Nadar
73. Shri C. F. Thomas
74. Prof. K. V. Thomas
75. Shri P. T. Thomas
76. Shri Thomas Unniyadan
77. Shri M. A. Waheed
78. Shri K. C. Venugopal
79. Shri B. Vijayakumar

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ:

1. Shri V. S. Achuthanandan
2. Shri Manjalamkuzhi Ali
3. Shri A. A. Azeez
4. Shri. Kodiyeri Balakrishnan
5. Shri A. K. Balan
6. Shri T. K. Balan
7. Shri Binoy Viswam
8. Shri V. K. Chandran
9. Shri V. Chenthamarakshan
10. Shri T. K. Devakumar
11. Shri P. C. George
12. Shri Girija Surendran
13. Shri M. V. Govindan Master
14. Shri K. K. Jayachandran
15. Shri M. V. Jayarajan
16. Shri P. Jayarajan
17. Dr. K. C. Joseph
18. Shri M. Kumaran
19. Shri K. V. Kunhiraman
20. Shri Kovoor Kunjumon
21. Shri V. K. C. Mammed Koya
22. Shri Mathai Chacko
23. Shri K. P. Mohanan
24. Shri Pirappancode Murali
25. Shri C. K. Nanu
26. Shri P. Narayanan
27. Shri K. Radhakrishnan
28. Shri Mangode Radhakrishnan
29. Shri N. Rajan
30. Shri K. P. Rajendran
31. Shri Raju Abraham
32. Shri. T. P. Ramakrishnan
33. Shri Saju paul
34. Shri K. P. Satheesh Chandran
35. Shri A. C. Shanmugha Das

LIBRARY ARCHIVES Kerala Legislative Assembly

36. Shri P. K. Sreemathi Teacher
37. Shri P.S. Supal
38. Dr.T.M. Thomas Issac

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ : 79

പ്രതികൂലിക്കുന്നവർ : 38

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

ഉപധനാഭ്യർത്ഥന പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 20,13,33,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

വ്യവസായം എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 51,00,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 30,15,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 56,15,04,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 70,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ചർച്ച കൂടാതെ പാസ്സാക്കുന്ന ധനാഭ്യർത്ഥനകൾ

സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 30,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 7,88,62,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,95,56,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 78,70,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 18,15,03,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 84,50,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 7,34,61,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,79,90,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

പെൻഷനും പലവകയും XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 71,87,47,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 47,85,40,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,00,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 12,18,99,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,38,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

അധിക ധനാഭ്യർത്ഥനകൾ

തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1989-1990 സാമ്പത്തിക വർഷത്തേയ്ക്ക് 18,14,209 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസം എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1989-1990 സാമ്പത്തിക വർഷത്തേയ്ക്ക് 3,75,23,118 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1989-1990 സാമ്പത്തിക വർഷത്തേയ്ക്ക് 76,720 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

വാഹന നികുതികൾ എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1990-1991 സാമ്പത്തിക വർഷത്തേയ്ക്ക് 23,91,203 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1990-1991 സാമ്പത്തിക വർഷത്തേയ്ക്ക് 35,81,029 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1991-1992 സാമ്പത്തിക വർഷത്തേയ്ക്ക് 5,35,851 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1991-1992 സാമ്പത്തിക വർഷത്തേയ്ക്ക് 90,84,836 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1997-1998 സാമ്പത്തിക വർഷത്തേയ്ക്ക് 11,35,995 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1998-1999 സാമ്പത്തിക വർഷത്തേയ്ക്ക് 42,51,246 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2003 ജൂലായ് മാസം 30-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്ക് ശേഷം 1.45-ന് പിരിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly